# പഞ്ചായത്ത് രാജ്

പുസ്തകം 49 ◆ ലക്കം 12    പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം    മാർച്ച് 2010



## പാവപ്പെട്ടവന് പാർപ്പിടം: തദ്ദേശഭരണ സ്ഥാപനങ്ങൾ ചുമതല നിറവേറ്റണം




## നെടുമ്പനയ്ക്കും അടാട്ടിനും മികവിന്റെ അംഗീകാരം



# തദ്ദേശ സ്വയംഭരണ വകുപ്പ്

## അഭിമാനകരമായ നേട്ടങ്ങളുമായി

# അഞ്ചാം വർഷത്തിലേയ്ക്ക്



- ✓ ഉൽപ്പാദന മേഖലയ്ക്ക് പ്രത്യേകിച്ചും ഭക്ഷ്യസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ചു.
- ✓ വീടില്ലാത്ത പാവപ്പെട്ടവർക്കെല്ലാം വീടു നൽകാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി.
- ✓ സ്ത്രീകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 % സംവരണം.
- ✓ കുടുംബശ്രീയുടെ പദ്ധതി നിർവ്വഹണത്തിൽ പലമടങ്ങു വർദ്ധന-സൂക്ഷ്മ സംരംഭങ്ങൾ, "സമഗ്ര" പദ്ധതികൾ, സംഘകൃഷി എന്നിവ വഴി പതിനായിരങ്ങൾക്ക് തൊഴിൽ.
- ✓ സർക്കാർ സബ്സിഡിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ.
- ✓ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിന് ദേശീയ അംഗീകാരം. പാലക്കാട്, ഇടുക്കി ജില്ലകൾക്ക് അവാർഡ്.
- ✓ ഗ്രാമവികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചു.
- ✓ ഡി.ആർ.ഡി.എകൾ പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗമാക്കി.
- ✓ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ മാലിന്യമുക്ത കേരളം പരിപാടി.
- ✓ 869 ഗ്രാമപഞ്ചായത്തുകൾക്കും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം.
- ✓ ക്ലീൻ കേരള മിഷനും ശുചീകരണ കാംപയിനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു.

തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഖരമാലിന്യ പരിപാലനത്തിന് ദേശീയ അംഗീകാരം നേടി.



- ✓ അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിക്ക് സാർവത്രിക അംഗീകാരം.
- ✓ പട്ടികവർഗ്ഗക്കാർക്കു മാത്രമായി ആദ്യത്തെ പഞ്ചായത്ത്- ഇടമലക്കുടി- രൂപീകരിച്ചു.
- ✓ കേരള സുസ്ഥിരനഗര വികസന പദ്ധതിയിൻ കീഴിൽ അഞ്ചു കോർപ്പറേഷനുകളിൽ 1420 കോടിയുടെ അടിസ്ഥാന സൗകര്യവികസന പരിപാടികൾ.
- ✓ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുജ്ജീവന പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് 1100 കോടിയുടെ പദ്ധതികൾ നേടിയെടുത്തു. കോഴിക്കോട് നഗരത്തെക്കൂടി ഈ പദ്ധതിയിൽപെടുത്തുന്നതിന് പ്രാഥമിക അംഗീകാരമായി.
- ✓ 35 നഗരസഭകൾക്ക് IHSDP പദ്ധതിയിലും കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് ബി.എസ്.യു.പി പദ്ധതിയിലുമായി 531 കോടിയുടെ ഭവന പദ്ധതികൾ.
- ✓ ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 462.76 കോടിയുടെ പ്രോജക്ടുകൾ.
- ✓ എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസുകൾ.
- ✓ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. സർട്ടിഫിക്കറ്റുകൾ ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴി ഇപ്പോൾ ഓൺലൈനിലും ലഭ്യമാക്കുന്നു.
- ✓ പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ.
- ✓ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി. പെർമിറ്റു നൽകൽ ഓൺലൈനാക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ തുടക്കമായി.
- ✓ നികുതികളും ലൈസൻസുകളും അടയ്ക്കുന്നതിന്മേലുള്ള പിഴപ്പലിശ പകുതിയായി കുറച്ചു.
- ✓ പഞ്ചായത്തുകളുടെ സജീവ ഇടപെടൽമൂലം പതിനായിരക്കണക്കിനു ഹെക്ടർ ഭൂമിയിൽ നെൽകൃഷി പുനരാരംഭിച്ചു. ആയിരക്കണക്കിനു ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.
- ✓ ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തലിന് സമഗ്ര പദ്ധതി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ വലിയ പുരോഗതി - എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതി മോണിറ്ററിങ്ങും പഞ്ചായത്തുകളുടെ തൊഴിലുറപ്പു പദ്ധതി നടത്തിപ്പും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.
- ✓ കില ദേശീയ പരിശീലന കേന്ദ്രമായി വളർന്നു. സാർക് രാജ്യങ്ങളുടെ അംഗീകൃത പഠനകേന്ദ്രം.
- ✓ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാതൃകാമാനദണ്ഡം നടപ്പിലാക്കി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം.
- ✓ എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാർ.
- ✓ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും വൻനേട്ടം.

***പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്***

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്



6 പഞ്ചായത്ത് ദിനാഘോഷം 2010 (റിപ്പോർട്ട്)
ജി. ഹരികൃഷ്ണൻ

- പാലോളി മുഹമ്മദ്കുട്ടി
- അരുണാറോയി
- ആനിരാജ
- സി.പി. നാരായണൻ
- എസ്.എം. വിജയാനന്ദ്
- വി.എൻ. ജിതേന്ദ്രൻ
- പ്രൊഫ. എം.എ. ഉമ്മൻ
- പ്രൊഫ. എൻ. രമാകാന്തൻ



19 നെടുമ്പനയ്ക്കും അടാട്ടിനും മികവിന്റെ അംഗീകാരം



22 നമ്മുടെ അന്നവും ജലവും എങ്ങനെ സംരക്ഷിക്കാം?
ഡോ. എം.എസ്. സ്വാമിനാഥൻ





24 പ്രാദേശിക വികസനം ജൈവവൈവിധ്യ സംരക്ഷണത്തിലൂടെ
അജിത് വെണ്ണിയൂർ

28 ഗ്രീൻകേരള എക്സ്പ്രസ് സംപ്രേഷണം ആരംഭിച്ചു
ജി. സാജൻ



30 രോഗപ്രതിരോധ കുത്തിവയ്പുകൾ
ഡോ. ജോസ്മോൻ ജോർജ്ജ്

32 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

34 പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്

37 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര



38 അരുവിക്കരയിൽ തൊഴിലുറപ്പ് മഹോത്സവം
കെ. ഗോപിനാഥൻ



40 തൊഴിലുറപ്പിന്റെ തകഴി വഴി
അഡ്വ: പ്രതിഭാഹരി

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### ആഗോളതാപനം : ബോധവത്ക്കരണം ഉണ്ടാകണം

മനുഷ്യജീവന് ഭീഷണിയാകുന്ന ആഗോളതാപനം പഞ്ചായത്ത് രാജ് മാസികയുടെ ഫെബ്രുവരി ലക്കം കവർ സ്റ്റോറിയായി പ്രസിദ്ധീകരിച്ചത് സമയോചിതമായി. കാലാവസ്ഥാ മാറ്റത്തെക്കുറിച്ച് ശാസ്ത്രലോകം വളരെ നാളുകൾക്കു മുമ്പുതന്നെ മുന്നറിയിപ്പ് നൽകിയിട്ടും അത് വകവെയ്ക്കാതെ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന (വികസന) പ്രവർത്തനങ്ങളുമായി നാം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. കേരളത്തിൽ വേനൽചൂട് ഉയരുമെങ്കിലും അത് സൂര്യാഘാതമായി മാറുന്ന വാർത്തകൾ ഇപ്പോഴാണ് നാം കേൾക്കുന്നത്. പാലക്കാട് ജില്ലയിൽ 42ഡിഗ്രി സെൽഷ്യസായി താപനില വർദ്ധിച്ചിരിക്കുന്നു. വരും വർഷങ്ങളിൽ സ്ഥിതി കൂടുതൽ വഷളാകാനേ സാധ്യതയുള്ളൂ. ആഗോളതാപനത്തെ പ്രതിരോധിക്കുന്നതിന് നമ്മുടെ വറ്റിവരണ്ട നാശോന്മുഖമായ തോടുകളും, ജലാശയങ്ങളും, കാവുകളും, തരിശു ഭൂമികളും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തി പുനരുദ്ധരിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടിയിരിക്കുന്നു. അതോടൊപ്പം ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം കൊടുക്കേണ്ടതുണ്ട്.

*ആനന്ദ്, തൃപ്പൂണിത്തുറ*
*എറണാകുളം*

### വിവാഹ രജിസ്ട്രേഷൻ: സംശയം മാറി

പുതിയ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകൾ ഒന്നും പൂർണ്ണമായിരുന്നില്ല. അതിനാൽതന്നെ പലവിധ സംശയങ്ങളും ബാക്കിയിരുന്നു. എന്നാൽ ഫെബ്രുവരി ലക്കം പഞ്ചായത്ത് രാജ് മാസികയിൽ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രസിദ്ധീകരിച്ച നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ എന്ന പംക്തി വളരെ ഉപകാരപ്രദമായിരുന്നു. മുൻപ് നടന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യേണ്ടതില്ലായെന്നും, എന്നാൽ 2008 ഫെബ്രുവരി 29-ന് ശേഷമുള്ള വിവാഹങ്ങൾ നിർബ്ബന്ധമായി രജിസ്റ്റർ ചെയ്യണമെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ നീതിനിർവ്വഹണത്തിന് ന്യായ പഞ്ചായത്തുകൾ എന്ന ഡോ. പി.പി. ബാലന്റെ ലേഖനവും കൗതുകമുളവാക്കുന്നതായിരുന്നു. പഞ്ചായത്ത് രാജിന് അഭിനന്ദനങ്ങൾ!

*ഗോപിനാഥൻ ജെ.*
*'രോഹിണി'*
*കൽപ്പററ*

## ഇ.എം.എസ് ഭവനനിധി: മാർഗ്ഗനിർദേശങ്ങളായി

ഇ.എം.എസ് ഭവനപദ്ധതിക്ക് പ്രാദേശികമായി ഭവനനിധി രൂപീകരിക്കുന്നതിന് മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചതായി തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പ്രസിഡന്റിന്റെയോ ചെയർപേഴ്സന്റെയോ മേയറുടേയോ പേരിൽ ഇ.എം.എസ് ഭവനനിധി രൂപീകരിക്കണം.

ഉദാരമതികളായ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ, അവരുടെ സംഘടനകൾ, ധന സ്ഥാപനങ്ങൾ മുതലായവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും കല-കായിക-വിനോദ പരിപാടികളും മേളകളും സംഘടിപ്പിച്ചും പ്രാദേശികനിധി രൂപീകരിക്കുന്നതിനുള്ള പണം സ്വരൂപിക്കാം. എന്നാൽ, ഇതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട വരുമാനം ഇല്ലാതാക്കുകയോ വികസനപ്രവർത്തനങ്ങൾക്ക് കോട്ടംവരുത്തുകയോ ചെയ്യാൻ പാടില്ല.

പ്രാദേശികനിധിയിലേയ്ക്ക് സ്വരൂപിക്കുന്ന തുക തദ്ദേശസ്ഥാപനങ്ങളുടെ അധ്യക്ഷന്റെയും സെക്രട്ടറിയുടെയും പേരിൽ ഭവനപദ്ധതിക്ക് വായ്പയെടുക്കുന്ന സഹകരണ ബാങ്കിൽ പ്രത്യേക സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കണം. നിധിയിലേയ്ക്ക് നൽകുന്ന സംഭാവനകൾക്ക് സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ട രസീത് നൽകണം.

പ്രാദേശികനിധിയുടെ വരവുചെലവുകണക്കും സംഭാവന നൽകിയവരുടെ പട്ടികയും മൂന്നുമാസത്തിലൊരിക്കൽ നോട്ടീസ് ബോർഡിലും മറ്റ് പൊതുസ്ഥാപനങ്ങളിലും വെബ്സൈറ്റിലും പ്രദർശിപ്പിക്കണം. പ്രാദേശിക നിധിയിൽ സ്വരൂപിക്കുന്ന തുക സമ്പൂർണ ഭവനപദ്ധതിക്കുവേണ്ടി ഭൂമി വാങ്ങുന്നതിന് ഉപയോഗിക്കണം. തുക ബാക്കിയുണ്ടെങ്കിൽ നിശ്ചിത നിരക്കിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് ഉപയോഗിക്കാം.

പ്രാദേശികനിധി ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതിക്കുവേണ്ടി എടുത്ത വായ്പയുടെ തിരിച്ചടവിന് ഉപയോഗിക്കാനോ തനതുഫണ്ടിലേയ്ക്ക് വകമാറ്റാനോ പാടില്ല. അന്തിയുറങ്ങാൻ സ്വന്തമായി കൂരയില്ലാത്തവർക്ക് അതു നൽകുന്നതിനുള്ള മഹത്തായ സംരംഭമാണ് ഇ.എം.എസ് ഭവനപദ്ധതിയെന്നും ഈ നിധി വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2010
പുസ്തകം 49
ലക്കം 12
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.




## അവാർഡ് ജേതാക്കൾക്ക് അഭിനന്ദനം

നെടുമ്പന ഗ്രാമപഞ്ചായത്ത്, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ലാ പഞ്ചായത്ത് എന്നിവ 2007-08ലും, അടാട്ട് ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നിവ 2008-09ലും അതാത് തലങ്ങളിലെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്ക്കാരം കരസ്ഥമാക്കി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾക്കർഹമായ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്. അവാർഡിനർഹരായവർക്ക് അഭിനന്ദനങ്ങൾ.

ഗ്രാമസഭകളുടെ എണ്ണം, ജനപങ്കാളിത്തം, കുടുംബശ്രീ പ്രവർത്തനം, ജനകീയാസൂത്രണ പദ്ധതി നിർവഹണത്തിൽ തനത് ഫണ്ടിന്റെ വകയിരുത്തൽ, ഗുണഭോക്തൃവിഹിതം, വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വിനിയോഗം, ഉല്പാദന മേഖലയിലെ ചെലവ്, തനത് വരുമാന വർദ്ധനവ്, നികുതിപിരിവ് പുരോഗതി, വനിത, വൃദ്ധർ, ശിശുക്കൾ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾ, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വിതരണം, നിർമ്മൽ ഗ്രാമപുരസ്ക്കാരം ഉൾപ്പെടെയുള്ള ശുചിത്വ പരിപാടികൾ, ആശ്രയ, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്, വാർഷിക ധനകാര്യ പത്രിക തയ്യാറാക്കൽ തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രവർത്തന മികവ് പരിശോധിച്ചത്. 2007-08ൽ വികസനഫണ്ടിന്റെ 97% ചെലവഴിച്ച നെടുമ്പന ഗ്രാമപഞ്ചായത്ത് നികുതികൾ നൂറ് ശതമാനവും സമാഹരിച്ചിരുന്നു. നെൽകൃഷിയുടെ വ്യാപനത്തിന് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുകയും നെല്ലുല്പാദനം ഹെക്ടറിന് 25000 ക്വിന്റലിൽ നിന്ന് 34000 ക്വിന്റലായി വർദ്ധിപ്പിക്കുകയും ചെയ്തു. തൊഴിൽ രഹിതരായ വനിതകളെയും ഔഷധകൃഷിയിൽ തല്പരരായ കർഷകരെയും അണിനിരത്തി ഔഷധ സസ്യകൃഷി പദ്ധതി നടപ്പാക്കി സംസ്ഥാനത്ത് ആദ്യമായി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 2008-09 ൽ വികസന ഫണ്ട് 100 ശതമാനവും ചെലവഴിച്ച അടാട്ട് ഗ്രാമപഞ്ചായത്ത് 100 ശതമാനം നികുതിപിരിവ് കൈവരിക്കുകയും തനത് വരുമാനത്തിൽ 19 ശതമാനം വർദ്ധനവ് ഉണ്ടാക്കുകയും ചെയ്തു. ജലനിരപ്പ് ഉയർത്തുന്നതിനും ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും 'മഴവെള്ള കൊയ്ത്ത്' എന്ന പദ്ധതി നടപ്പിലാക്കി. തൃശൂർ ജില്ലയിലെ സുന്ദരമായ പ്രദേശങ്ങളിലൊന്നായ വിലങ്ങൻകുന്നിലെ മണ്ണൊലിപ്പ് തടഞ്ഞും മണ്ണെടുപ്പ് നിരോധിച്ചുംകൊണ്ട് ജൈവസംരക്ഷണ വലയം എന്ന മാതൃകാപരമായ പദ്ധതി നടപ്പിലാക്കി. അടാട്ട് ഗ്രാമപഞ്ചായത്ത് ഇതിനുമുമ്പും അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. അടാട്ടിനും, നെടുമ്പനയ്ക്കും പ്രത്യേക സഹായധനമായി 25 ലക്ഷം രൂപ വീതം സ്വരാജ് ട്രോഫിക്കൊപ്പം ലഭിച്ചു. പ്രാദേശിക വികസനത്തിന് ഈ തുക അവർക്ക് മുതൽക്കൂട്ടാൻ കഴിയും.

വികേന്ദ്രീകൃതാസൂത്രണത്തിലും നിർവഹണത്തിലും അഭിമാനാർഹമായ സ്ഥാനമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. ആ സ്ഥാനം എക്കാലവും നിലനിർത്തുന്നതിന് അധികാരവികേന്ദ്രീകരണ പ്രക്രിയയെ ശക്തിപ്പെടുത്തി മുന്നോട്ടു നയിക്കേണ്ടതുണ്ട്. നിയമപരമായ കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കുന്നതിനൊപ്പം വികസന ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു മത്സരസ്വഭാവം വളർത്തിയെടുത്താൽ പ്രാദേശിക വികസനരംഗത്ത് അത് അത്ഭുതങ്ങൾ വിളയിക്കുന്നതിന് സഹായകമായി തീരുമെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാവർഷവും മികച്ച പ്രാദേശിക സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ആദരിക്കുവാൻ സർക്കാർ തീരുമാനിച്ചത്. 1995-96 മുതലാണ് അവാർഡ് നൽകി വരുന്നത്. എന്നാൽ ആദ്യകാലങ്ങളിൽ പ്രകടമായിരുന്ന ഉത്സാഹവും മത്സരസ്വഭാവവും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉണ്ടാകുന്നില്ല എന്ന ദുഃഖകരമായ വസ്തുത പരാമർശിക്കാതിരിക്കാൻ കഴിയുന്നില്ല. അവാർഡിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു. ലഭ്യമായവയിൽ തന്നെ യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചവ അതിലും കുറവ്. കർക്കശമായ മാനദണ്ഡങ്ങളും അടിക്കടി ഉണ്ടാകുന്ന തെരഞ്ഞെടുപ്പും ഉപതെരഞ്ഞെടുപ്പും കാരണങ്ങളായി പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ ഇതിനിടയിലും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയർന്ന് തങ്ങളുടെ അധികാരപരിധിയിൽ നിന്നുകൊണ്ട് വികസനക്ഷേമ പ്രവർത്തനങ്ങൾ നൂറ് ശതമാനവും നടത്തുന്നതിനും സുസ്ഥിരവികസന മാതൃകകൾ തീർക്കുന്നതിനും നെടുമ്പന, അടാട്ട് തുടങ്ങിയ നിരവധി സ്ഥാപനങ്ങൾക്ക് കഴിയുന്നുവെന്ന യാഥാർത്ഥ്യം ഇക്കൂട്ടർ തിരിച്ചറിയേണ്ടതുണ്ട്. പുരസ്ക്കാരം ലഭിച്ചവർ അത് നിലനിറുത്തുന്നതിനും, മറ്റുള്ളവർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്നതിനും ശ്രമിക്കുമെന്ന് പ്രത്യാശിക്കുന്നു.

ജി. ഹരികൃഷ്ണൻ

# പ്രാദേശിക വികസനത്തിന്റെ ഉൾക്കാഴ്ചകളുമായി പഞ്ചായത്ത് ദിനാഘോഷം 2010



സാമൂഹ്യവികസനം ഫലപ്രദമാക്കാൻ അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്ന് കണ്ടെത്തുകയും ഗ്രാമതലത്തിലെ ഭരണപ്രകിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയില്ലെങ്കിൽ വികസന പരിപാടികൾ തകിടം മറിയുമെന്ന് മുന്നറിയിപ്പ് നൽകുകയും അതിനുവേണ്ടി ത്രിതല പഞ്ചായത്ത് രാജ് സംവിധാനം ആദ്യമായി ശുപാർശചെയ്യുകയും ചെയ്ത യശ:ശരീരനായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) പഞ്ചായത്ത് ദിനമായി കേരളത്തിൽ സമുചിതമായി ആഘോഷിച്ചു. കണ്ണൂർ ജില്ലയിലെ ദിനേശ് ആഡിറ്റോറിയത്തിലാണ് ഇപ്രാവശ്യം ഫെബ്രുവരി 18, 19 തീയതികളിലായി ആഘോഷപരിപാടികൾ നടന്നത്.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ദേശീയ സെമിനാറോടുകൂടിയാണ് ആഘോഷപരിപാടികൾ ഫെബ്രുവരി 18 ന് രാവിലെ സമാരംഭിച്ചത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിൽ അംഗവും സാമൂഹ്യ പ്രവർത്തകയുമായ അരുണാറോയി, കൗൺസിലിന്റെ മുൻഅംഗം ആനിരാജ, സംസ്ഥാന ആസൂത്രണ ബോർഡംഗം സി.പി. നാരായണൻ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, ദേശീയ തൊഴിലുറപ്പു മിഷൻ ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ തുടങ്ങിയവരോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ സാന്നിദ്ധ്യവും സെമിനാറിനെ ശ്രദ്ധേയമാക്കി.

കേരളത്തിലെ ജനകീയാസൂത്രണത്തെയും അധികാരവികേന്ദ്രീകരണത്തെയും ഏറെ പ്രശംസിച്ച അരുണാറോയി തൊഴിലുറപ്പ് പദ്ധതി ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേരളം തരണം ചെയ്യുന്നതെങ്ങനെയെന്ന് രാജ്യം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാ



*കണ്ണൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി നിർവ്വഹിക്കുന്നു. ദേവസ്വം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ തുടങ്ങിയവർ സമീപം.*

# പാവപ്പെട്ടവന് പാർപ്പിടം
## തദ്ദേശസ്ഥാപനങ്ങൾ ചുമതല നിറവേറ്റണം



**പാലോളി മുഹമ്മദ് കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അധികാരവികേന്ദ്രീകരണത്തിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചത് വലിയ പരിശ്രമത്തോടുകൂടിയാണ്. ജനപങ്കാളിത്തം ഉറപ്പാക്കി, ഫലപ്രദമായ രീതിയിൽ അത് നടപ്പാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗം ജനകീയാസൂത്രണമാണ്. മഹാനായ ഇ.എം.എസ് അടക്കമുള്ള നേതാക്കൾ അതിന് മാർഗ്ഗദർശനം നൽകിയിരുന്നു. പന്ത്രണ്ട് വർഷങ്ങൾക്കു ശേഷം തിരിഞ്ഞുനോക്കുമ്പോൾ, ഇന്ത്യയിൽ അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന് അഭിമാനാർഹമായ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞുവെന്ന യാഥാർത്ഥ്യം കാണാൻ കഴിയും. ഇതു പറയുമ്പോൾ എല്ലായിടത്തും ഒരുപോലെ ആഗ്രഹിച്ച തരത്തിൽ കുറ്റമറ്റ രീതിയിൽ മുന്നോട്ടുപോകുവാൻ കഴിഞ്ഞു എന്ന് അർത്ഥമാക്കേണ്ടതില്ല. എന്നാൽ ദേശീയതലത്തിൽ, മറ്റേതൊരു സംസ്ഥാനത്തേക്കാളും സുതാര്യത, ഫണ്ട് വിനിയോഗം, അവശജനവിഭാഗങ്ങൾക്ക് നൽകുന്ന പരിഗണന തുടങ്ങിയ വിഷയങ്ങളിൽ ഒരു പടി കൂടി മുന്നിട്ടുനില്ക്കുവാൻ നമുക്ക് സാധിച്ചുവെന്നത് നിസ്തർക്കമാണ്. പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ഗ്രാമീണ മേഖലയിൽ വിഷമകരമായ ജീവിത സാഹചര്യം നേരിടുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാനപരവും അടിയന്തരപ്രാധാന്യവുമുള്ള പ്രശ്നങ്ങളിൽ ഇടപെടുവാനും വലിയൊരളവിൽ പരിഹരിക്കുന്നതിനും കഴിഞ്ഞ 10-12 വർഷക്കാലത്തെ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. നമ്മുടെ പ്രവർത്തനങ്ങളിൽ പരിഹരിക്കപ്പെടേണ്ട ഒട്ടനവധി പോരായ്മകൾ ഇനിയും നിലനില്ക്കുന്നുണ്ട്. ശ്രദ്ധാപൂർവ്വം ജാഗ്രതയോടെ പ്രവർത്തിച്ചാൽ അത്തരം കുറവ് നികത്തി മുന്നേറുവാൻ കഴിയും.

അധികാരവികേന്ദ്രീകരണം നടപ്പായതിനുശേഷം 12 ലക്ഷത്തോളം കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വീട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. രണ്ട് വർഷംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് വീട് നൽകുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയാണ് ഈ വർഷം നാം ഏറ്റെടുത്തിരിക്കുന്നത്. പാവപ്പെട്ടവരിൽ ഒരാളും വീടില്ലാത്തവരായി ഇല്ല എന്ന അഭിമാനകരമായ സ്ഥിതി രണ്ട് വർഷംകൊണ്ട് കേരളത്തിന് കൈവരിക്കുവാൻ കഴിയണം. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യചുമതലയാണ്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ സമാഹരിച്ച് വീട് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും ആരംഭിച്ചിട്ടുണ്ട്. പണം കൊടുക്കുന്നതിലല്ല മറിച്ച് ഗുണഭോക്താക്കൾ വീട് നിർമ്മിച്ച് വാസയോഗ്യമാക്കി എന്ന് ഉറപ്പുവരുത്തുന്നതിലാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ട് അവ പൂർത്തിയാക്കാത്ത ധാരാളം അനുഭവങ്ങൾ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. അത് മുന്നിൽകണ്ടുകൊണ്ട് നൽകുന്ന പണം വിനിയോഗിച്ച് വീട് നിർമ്മിക്കുന്നതിനുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കുന്നത് മുഖ്യചുമതലയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ അഭിമാനകരമായ സ്ഥിതി കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തട്ടിപ്പും വെട്ടിപ്പുമൊക്കെ കുറഞ്ഞ് കാര്യങ്ങൾ ഏതാണ്ടൊക്കെ ഭംഗിയായി നടക്കുന്ന ഒരു സ്ഥിതിയാണ് കേരളത്തിൽ. പദ്ധതികൾ കാലേകൂട്ടി കണ്ടെത്തുവാനും ശരിയായ രീതിയിൽ നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ മറ്റ് സർക്കാർ വകുപ്പുകളിൽ നടക്കുന്നതുപോലെ ഉദ്യോഗസ്ഥരെ മാത്രം ഉപയോഗിച്ച് നടത്താൻ കഴിയുന്നതല്ല. വലിയതോതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടു മാത്രമേ വികസനക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കഴിയൂ. ജനകീയാസൂത്രണത്തിന്റെ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന പങ്കാളിത്തവും സഹകരണവും ഇപ്പോഴും തുടരുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭകൾ ആനുകൂല്യ വിതരണത്തിനുള്ള വേദിയായി മാത്രം ചുരുങ്ങുന്ന അവസ്ഥ സംജാതമാകുന്നുണ്ട്. അതാത് പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ചർച്ചചെയ്ത് രൂപംകൊടുക്കാനും, ജനങ്ങളെ ഉത്സാഹഭരിതരാക്കി രംഗത്തിറക്കാനും കഴിയണം. ഇതിൽ വീഴ്ചപറ്റിയാൽ താഴെതട്ടിലെ ആസൂത്രണം എന്നത് ഉദ്യോഗസ്ഥ തലത്തിൽ മാത്രം ഒതുങ്ങുന്ന പ്രവർത്തനമായി മാറും. ആസൂത്രണ-നിർവഹണ പ്രക്രിയയിലെ സുതാര്യത നഷ്ടപ്പെടുവാനും മറ്റു ചില വഴികളിലേയ്ക്ക് തിരിയുവാനും ഇത് സാഹചര്യമൊരുക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഇത് ഗുണപ്രദമാകില്ല. അത് ഉണ്ടാകാതിരിക്കുവാൻ ജനപ്രതിനിധികൾ പ്രത്യേകം ശ്രദ്ധിക്കണം.

*(കണ്ണൂരിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ ഉദ്ഘാടനപ്രസംഗത്തിൽ നിന്ന്.)*



ണെന്ന് പറഞ്ഞു. കേരളത്തിന് അനുയോജ്യമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികളെക്കുറിച്ച് താഴെത്തട്ടിൽ നിന്നുള്ള ആശയങ്ങൾ ക്രോഡീകരിച്ച് തീരുമാനം ഉണ്ടാകണം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അഴിമതിരഹിതമായി പദ്ധതി പ്രവർത്തനം നടപ്പാക്കുന്നത് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് അവർ പറഞ്ഞു. തൊഴിലാളികളും, വിവിധ തൊഴിലാളി സംഘടനകളും രാഷ്ട്രീയ പാർട്ടികളും, ഒന്നടങ്കം പോരാടി നേടിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം കാലാകാലങ്ങളിൽ പരിഷ്ക്കരിച്ച് തൊഴിലാളികൾക്കനുകൂലമായി നിലനിർത്തേണ്ട ബാദ്ധ്യത സമൂഹത്തിനൊന്നടങ്കമുണ്ടെന്ന് അവർ സദസ്സിനെ ഓർമ്മപ്പെടുത്തി.

മിനിമം കൂലി നൽകുന്ന കാര്യത്തിലുൾപ്പെടെ സംസ്ഥാനങ്ങൾക്ക് പദ്ധതി നിർവഹണത്തിൽ കൂടുതൽ വിവേചനാ



*പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശനം പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.*

ധികാരം നൽകണമെന്ന് സെമിനാറിൽ പങ്കെടുത്ത് സംസാരിച്ച ആനിരാജ ചൂണ്ടിക്കാട്ടി. തൊഴിലൊരു അവകാശമാക്കി മാറ്റിയ ഈ നിയമം തൊഴിൽ രംഗത്ത് നിലനിൽക്കുന്ന ചൂഷണത്തിന് അറുതിവരുത്തുകയാണെന്നും ആനി രാജ പറഞ്ഞു. മാന്യതയുള്ള തൊഴിലായി കൂലിപണിയെ ആരും കണ്ടിരുന്നില്ല. എന്നാൽ NREGA ആ സങ്കല്പം തന്നെ മാറ്റിമറിച്ചിരിക്കുകയാണ്. തൊഴിലിൽ ആത്മാഭിമാനബോധം വളർത്തിയെടുക്കുവാൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട് എന്നവർ ചൂണ്ടിക്കാട്ടി.

ഇന്ത്യയിലെ പട്ടിണിപാവങ്ങൾക്ക് ഏറ്റവും പ്രയോജനകരമാംവിധം ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് സംസ്ഥാന പ്ലാനിംഗ് ബോർഡംഗം സി.പി. നാരായണൻ സെമിനാറിൽ പ്രതിപാദിച്ചത്. കേന്ദ്രസർക്കാർ കൈക്കൊള്ളുന്ന നിയമത്തിന്റെ അന്ത:സത്ത തകർക്കുന്ന നടപടികൾക്കെതിരെയും, കേരളത്തിലെ നിയമത്തിന്റെ സാദ്ധ്യതകൾ വിപുലപ്പെടുത്തുന്നതിനും ദ്വിമുഖ സമരം ആവശ്യമായി വന്നിരിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. നൂറു ദിവസം ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് നിയമത്തിലെ അയവുള്ള വ്യവസ്ഥകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് ശ്രമം ഉണ്ടാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് മോഡറേറ്ററായിരുന്നു. കേരളത്തിൽ നടക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിലെ അനുഭവങ്ങളും, സാദ്ധ്യതകളും, നേട്ടങ്ങളും, വെല്ലുവിളികളും, ഉണ്ടാവേണ്ട തുടർനടപടികളും അദ്ദേഹം സദസ്യരുമായി പങ്കുവെച്ചു. പത്ത് ലക്ഷം ഗുണഭോക്താക്കളെ പദ്ധതിയിൽ കൊണ്ടുവരുന്നതിന് അനായാസേന കഴിയുമെന്നും അതിനുവേണ്ടി ആത്മാർത്ഥമായ പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തു നിന്നുമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പത്ത് ലക്ഷം പേർ തൊഴിലെടുക്കാൻ സന്നദ്ധരായാൽ ആയിരംകോടി രൂപ നമ്മുടെ ഗ്രാമങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളിൽ എത്തുമെന്നും അതിൽ തന്നെ 500 കോടിയിലധികം രൂപ സമ്പാദ്യമായി മാറുമെന്നും ഇത് സാമൂഹ്യസുരക്ഷയ്ക്കും പ്രാദേശിക സാമ്പത്തിക വികസനത്തിനും ആക്കം കൂട്ടുമെന്നും അദ്ദേഹം പറഞ്ഞു.

സെമിനാറിലെ അവതരണങ്ങൾക്ക് ശേഷം നടന്ന ചർച്ചയിൽ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് എം.എ. റസാക്ക്, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എൻ. പ്രഭാകരൻ, അകത്തേത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡി. സദാശിവൻ, പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.സി. ജോസഫ് എന്നിവർ പങ്കെടുത്തു. എൻ.ജി.ഒ മാർ പദ്ധതിയിൽ കടന്നുകൂടുന്നത് സുതാര്യത നഷ്ടമാക്കും; അധികാരവികേന്ദ്രീകരണം ശക്തമായ കേരളത്തിൽ പുറമേ നിന്നുള്ള സംഘത്തിന്റെ ഇടപെടൽ ആവശ്യമില്ല; തൊഴിലുറപ്പ് പദ്ധതിക്ക് കൂലി നിർണയിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണം; ജോലിഭാരം കൂടിയതിനനുസരിച്ച് ആനുപാതികമായി ജീവനക്കാർ വർദ്ധിക്കാതിരുന്നത് വേതന വിതരണത്തെയടക്കം ബാധിക്കുന്നു; യോഗ്യരായ എഞ്ചിനിയർമാരെ ലഭിക്കാത്ത സ്ഥിതി പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു; ഇത്തരത്തിൽ പദ്ധതി നടത്തിപ്പിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവർ മുന്നോട്ടുവെച്ചു.

ചർച്ചകളിലെ പ്രതികരണങ്ങൾക്ക് വി.എൻ. ജിതേന്ദ്രൻ മറുപടി പറഞ്ഞു. അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിന് ദേശീയ തൊഴിലുറപ്പു പദ്ധതിയെ ഉപയോഗപ്പെടുത്താനുള്ള സർക്കാരിന്റെ നയപരമായ തീരുമാനം ദൂരവ്യാപകമായ ഫലമുളവാക്കിയതായി അദ്ദേഹം പറഞ്ഞു. അതോടൊപ്പം അധികാരവികേന്ദ്രീകരണത്തെ പ്രബലപ്പെടുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതിക്കും കഴിഞ്ഞിട്ടുണ്ട്. സാധനസാമഗ്രികളുടെ ഘടകം പദ്ധതിയുടെ ഭാഗമാക്കുന്നതിന് ആക്ഷൻ റിസർച്ച് നടന്ന് വരികയാണ്. സാങ്കേതിക വിഭാഗത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ബെയർഫുട്ട് എഞ്ചിനിയർമാരുടെ നിയമനം അടുത്ത സാമ്പത്തികവർഷം മുതൽ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സെമിനാർ സമ്മേളനത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. നാരായണൻ സ്വാഗതവും പഞ്ചായത്ത് ഡയറക്ടർ കെ. ആർ. മുരളീധരൻ നന്ദിയും പറഞ്ഞു.



### ഉദ്ഘാടന സമ്മേളനം

ഫെബ്രുവരി 19-ാംതീയതിയിലെ ആഘോഷപരിപാടികൾ രാവിലെ പതാക ഉയർത്തിയതോടെ ആരംഭിച്ചു. ദേവസ്വം വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അദ്ധ്യക്ഷനായ ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഭദ്രദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ആദ്യനാളുകളിൽ ഉണ്ടായിരുന്ന ജനങ്ങളുടെ പങ്കാളിത്തത്തിൽ കാലക്രമേണ ഉണ്ടായശോഷണം ആശങ്കാജനകമാണെന്ന് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. ജനങ്ങളെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മടക്കിക്കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഓർമ്മിപ്പിച്ചു. ഇം.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ദരിദ്രരുടെ ജീവിത നിലവാരത്തിൽ വൻമാറ്റങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികളാണെന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇവ മുഖ്യചുമതലയായി ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ തദ്ദേശസ്വയംഭരണ രംഗത്ത് നടക്കുന്ന പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അഭിപ്രായപ്പെട്ടു. പ്രാദേശിക ഭരണരംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കഴിഞ്ഞ ഒരു വ്യാഴവട്ടമായി സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ സമ്പദ്വ്യവസ്ഥയിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും കാതലായ മാറ്റം വരുത്താൻ അതിനു കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

എ.പി. അബ്ദുള്ള കുട്ടി എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, കണ്ണൂർ മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ എം. പുരുഷോത്തമൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ എന്നിവർ ആശംസകളർപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതമാശംസിച്ച കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ശാക്തീകരണത്തിന് അസോസിയേഷന്റെ നേതൃത്വത്തിൽ കേരളത്തിലെ പഞ്ചായത്തുകളിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചു. പ്രാദേശിക ഭരണ സ്ഥാപനങ്ങൾ ഭരണതലത്തിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും ചൂണ്ടിക്കാട്ടിയ അദ്ദേഹം അവയ്ക്ക് സത്വര പരിഹാര നടപടികൾ ഉണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചു. പഞ്ചായത്ത് ഡയറക്ടർ കെ. ആർ. മുരളീധരൻ നന്ദി പറഞ്ഞു.

സംസ്ഥാനത്തെ 2007-08, 2008-09 വർഷങ്ങളിലെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫികളും ചടങ്ങിൽ വിതരണം ചെയ്തു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ കൃതജ്ഞത രേഖപ്പെടുത്തി.

### നാലാം സംസ്ഥാന ധനകാര്യ കമ്മിഷനും പഞ്ചായത്തുകളും

ഉദ്ഘാടന സമ്മേളനത്തിനു ശേഷം 'നാലാം സംസ്ഥാന ധനകാര്യകമ്മിഷനും പഞ്ചായത്തുകളും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ചെയർമാനും പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫ.എം.എ ഉമ്മൻ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ മോഡറേറ്ററായിരുന്നു. സംസ്ഥാന ധനകാര്യ കമ്മിഷന്റെ ഭരണഘടനാപരമായ ചുമതലകളെക്കുറിച്ച് മുഖ്യപ്രഭാഷകൻ വിശദീകരിച്ചു. കഴിഞ്ഞ മൂന്ന് സംസ്ഥാന ധനകാര്യ കമ്മിഷനുകളുടേയും പരിശോധന വിഷയങ്ങളും ശുപാർശകളും വിലയിരുത്തിയ അദ്ദേഹം നാലാമത് കമ്മിഷന്റെ പരിശോധനാ വിഷയങ്ങളുടെ പ്രസക്തിയെക്കുറിച്ച് ജനപ്രതിനിധികൾ ബോധവാന്മാരാകണമെന്നും അവ കൂലംകഷമായി പഠിച്ച് ചർച്ചചെയ്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അഭ്യർത്ഥിച്ചു.

ഗുണപ്രദമായ രീതിയിൽ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചു നൽകുന്ന വിഭവങ്ങൾ മതിയാകുന്നില്ലെന്നും, വിഭവകൈമാറ്റത്തിൽ ഒരു പുനർചിന്തനം വേണമെന്നും സെമിനാറിൽ ആമുഖപ്രസംഗം നടത്തവേ കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ അഭിപ്രായപ്പെട്ടു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ കെല്പ് ഇല്ലെന്ന ആരോപണത്തിന്റെ മുനയൊടിക്കുന്ന പ്രവർത്തനങ്ങൾ ജനപ്രതിനിധികൾ വരുംദിവസങ്ങളിൽ കാഴ്ചവയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു.



കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ സ്വാഗതവും, അസോസിയേഷന്റെ കണ്ണൂർ ജില്ലാ സെക്രട്ടറി എ. പ്രഭാകരൻ നന്ദിയും പറഞ്ഞു.

വൈകുന്നേരം കണ്ണൂർ ടൗണിൽ നടന്ന കേരളത്തിന്റെ സാംസ്ക്കാരിക തനിമ വിളിച്ചോതുന്ന സാംസ്ക്കാരിക ഘോഷയാത്ര ആഘോഷപരിപാടികൾക്ക് നിറമാല ചാർത്തി. തുടർന്ന് കണ്ണൂർ ടൗൺസ്ക്വയറിൽ നടന്ന സമാപന സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. നാരായണൻ, പഞ്ചായത്ത് ഡയറക്ടർ കെ. ആർ. മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

ആഘോഷപരിപാടികളിൽ കേരളത്തിലുടനീളമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ സജീവപങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ, കുടുംബശ്രീ ഉല്പന്നങ്ങൾ, കില തുടങ്ങിയവ ഉൾപ്പെട്ട പ്രദർശനവും ആഘോഷപരിപാടികൾക്ക് മിഴിവേകി. ഫെബ്രുവരി 18ന് വൈകുന്നേരം കലാപരിപാടിയും ഉണ്ടായിരുന്നു. ■



# തൊഴിലുറപ്പ് പദ്ധതി: രാജ



**അരുണാറോയി**
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിൽ അംഗം



**കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ "മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ നിന്നും**

അധികാരവികേന്ദ്രീകരണത്തെയും പഞ്ചായത്തീരാജിനേയും കുറിച്ച് ചിന്തിക്കുമ്പോൾ ഓർമ്മയിലെത്തുന്നത് കേരളമാണ്. ജനകീയാസൂത്രണത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി വർഷങ്ങൾക്ക് മുൻപ് ഞങ്ങൾ 20 പേരടങ്ങുന്ന സംഘം കേരളം സന്ദർശിച്ചിരുന്നു. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങൾക്ക് പാഠമാക്കാൻ കഴിയുന്ന അസാധാരണമായ പ്രവർത്തനങ്ങളാണ് അന്ന് കേരളത്തിൽ കണ്ടതും അനുഭവിച്ചറിഞ്ഞതും. ശാസ്ത്രീയവും യുക്തിപരവും ജനകീയവുമായ ഒരു ആസൂത്രണ സംവിധാനമാണ് കേരളത്തിൽ നിലനില്ക്കുന്നത്. ഇന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുതിയ ഒരു കൂട്ടം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പഞ്ചായത്തീരാജ് സമ്പ്രദായവും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും ഒരുമിപ്പിച്ച് ഇവയ്ക്ക് കേരളം എങ്ങനെ പരിഹാരം കാണുന്നുവെന്ന് രാജ്യം മുഴുവനും ഉറ്റുനോക്കുകയാണ്.

ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ, ബഹുജന സംഘടനകൾ, സാമൂഹ്യ സംഘടനകൾ, തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ തുടങ്ങിയവർ തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച് ഒന്നടങ്കം ആവശ്യപ്പെട്ടതിനെതുടർന്ന് ഉണ്ടായ നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഒന്നാം യു.പി.എ സർക്കാർ ഈ നിയമം കൊണ്ടുവന്നു എന്ന സത്യത്തിനൊപ്പമുള്ള ചരിത്രസത്യമാണ് ഇത്. അതുകൊണ്ടുതന്നെ ഈ നിയമം കൃത്യമായും ശരിയായ രീതിയിലും നടത്തിപോരേണ്ടതിന്റെയും, കാലാകാലങ്ങളിൽ പരിഷ്ക്കരിച്ച് നിലനിർത്തേണ്ടതിന്റെയും ബാദ്ധ്യത നമുക്കുണ്ട്.

ഓരോ കുടുംബത്തിനും പ്രതിവർഷം 365 ദിവസത്തെ തൊഴിലാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ 150 ദിവസം തൊഴിൽ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും 100 ദിവസം മാത്രമേ തൊഴിൽ ഉറപ്പു ലഭിച്ചുള്ളൂ. ബാക്കി 50 ദിവസത്തെ പണി കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു.

കാർഷിക സീസണിൽ അതുമായി ബന്ധപ്പെട്ട മറ്റ് പണികളിലേർപ്പെടുവാൻ അവസരം ലഭിക്കുന്ന തരത്തിൽ തൊഴിലുറപ്പ് പദ്ധതി ക്രമീകരിക്കണം. ആവശ്യാധിഷ്ഠിതമായി പണി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ചുരുങ്ങിയത് 200 ദിവസത്തെ പണിയെങ്കിലും ഒരു കുടുംബത്തിന് ലഭ്യമാക്കുവാൻ കഴിയും. ആവശ്യമുള്ള സമയത്ത് തൊഴിലാളികൾ പണി ആവശ്യപ്പെടുന്നില്ലായെന്നതാണ് സത്യം. തൊഴിലാളികൾ ഒത്തുചേർന്ന്

# തൊഴിലുറപ്പ് പദ്ധതി: ഭരണ



**ആനിരാജ**
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിൽ മുൻഅംഗം

സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി താഴെതട്ടിൽ നിന്നും ഉയർന്നുവന്ന നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ജനങ്ങൾ എഴുതി തയ്യാറാക്കിയ ഒരു നിയമമാണിത് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ അതിന് വലിയ വിമർശനങ്ങൾ ഏല്ക്കേണ്ടി വന്നിരുന്നു. ജനങ്ങളുടെ നികുതിപണം ദുർവ്യയം ചെയ്യുന്ന പദ്ധതിയായി മാദ്ധ്യമങ്ങൾ പോലും ഇതിനെ വ്യാഖ്യാനിക്കുകയുണ്ടായി. എന്നാൽ ഇത്തരം അതിശക്തമായ എതിർപ്പിനെ അതിജീവിച്ച് രാജ്യം ആര് ഭരിക്കണം എന്ന് തീരുമാനിക്കുന്ന ശക്തിയായി അത് വളർന്നിരിക്കുന്നു.

കേരളത്തിൽ പദ്ധതി അഴിമതി രഹിതമായാണ് നടത്തുന്നത്. നൽകുന്ന തൊഴിൽ ദിനങ്ങൾ കുറവാണ് എന്ന ആക്ഷേപമുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലി നൽകുന്നതിൽ കാലതാമസം കുറവ് കേരളത്തിലാണ്. 99 ശതമാനം അഴിമതിരഹിതമായിട്ടാണ് കേരളത്തിൽ എൻ.ആർ.ഇ.ജി.എ നടപ്പിലാക്കുന്നുവെന്നത് അഭിമാനകരമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഇതല്ല സ്ഥിതി. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ അധികാരത്തിലിരിക്കുന്നവർ പദ്ധതി തുകയുടെ നിശ്ചിത ശതമാനം കമ്മിഷനായി പോക്കറ്റിലാക്കുന്നു. ഇവിടെ സാധനസാമഗ്രികൾ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് അഴിമതി തടയുന്നതിൽ സുപ്രധാനമായ ഘടകമാണ്. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ

# ്യം കേരളത്തെ ഉറ്റുനോക്കുന്നു

കൂടിയാലോചിച്ച് ഒരു വർഷത്തെ തൊഴിൽ കലണ്ടർ തയ്യാറാക്കി ഇന്ന യിന്ന മാസങ്ങളിൽ തൊഴിൽ നൽകണ മെന്ന് ആവശ്യപ്പെട്ടാൽ അതുപ്രകാരം പദ്ധതി ആസൂത്രണം ചെയ്ത് ആവശ്യാ നുസരണം തൊഴിൽ നൽകാൻ സാധിക്കും. തൊഴിലാളികൾക്ക് സൗകര്യപ്രദമായ രീതിയിൽ തൊഴിൽ സമയം ക്രമീകരി ക്കുന്നതും ഗുണം ചെയ്യും. രാജസ്ഥാ നിൽ സാധാരണഗതിയിൽ രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെയാണ് തൊഴിൽ സമയം. എന്നാൽ വേനൽക്കാ ലത്ത് ഇത് രാവിലെ 7 മണി മുതൽ 2 മണിവരെയാക്കി പുന:ക്രമീകരിച്ച് നൽകിയിട്ടുണ്ട്. അതുപോലെ പ്രധാന പ്പെട്ട സംഗതിയാണ് വേതന വിതരണ ത്തിലെ കാലതാമസം. ഓരോ തൊഴി ലാളിയുടേയും തൊഴിലിനെ സംബ ന്ധിച്ച വിശദാംശം അപ്പപ്പോൾ കംപ്യൂ ട്ടറിൽ രേഖപ്പെടുത്തുകയാണെങ്കിൽ വേതനവിതരണത്തിലെ കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധ തിയിൽ ഉൾപ്പെടുത്തേണ്ട പണികളെക്കു റിച്ച് ധാരാളം സംവാദങ്ങൾ രാജ്യത്ത് നടക്കുന്നുണ്ട്. പദ്ധതി തൊഴിലധിഷ്ഠി തമായിരിക്കണമെന്നും മണ്ണ് ജലസംര ക്ഷണം ഉറപ്പുവരുത്തുന്നതുമായിരിക്ക ണമെന്നും കേന്ദ്രം നിഷ്ക്കർഷിച്ചി രിക്കുന്നു. ഇതിന് സാർവത്രികമായി അംഗീകാരമുണ്ടെന്നതിൽ സംശയമില്ല. ഓരോ സംസ്ഥാനത്തിന്റേയും ഭൂപ്ര കൃതി വ്യത്യസ്തമായിരിക്കും. അതു കൊണ്ട് കേരളത്തിന് യോജിച്ച പ്രവൃ ത്തികൾ, അത് വനസംരക്ഷണമാണോ, കാർഷിക മേഖലയിലെ ജലസേചന മാണോ എന്നതിനെക്കുറിച്ച് കൂട്ടായ തീരുമാനം താഴെത്തട്ടിൽ നിന്നും ഉരു ത്തിരിഞ്ഞു വരണം.

കേരളത്തിൽ നൽകുന്ന തൊഴിൽദി നങ്ങളുടെ ശരാശരി 40 ദിവസമാണെന്ന റിയുന്നു. എല്ലാവർക്കും 100 ദിവസം തൊഴിൽ നൽകണമെന്ന് നിർബന്ധമില്ല. പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് 100 ദിവസം തൊഴിൽ ആവശ്യമാണ്. അത്ത രക്കാർ ആരൊക്കെയാണെന്ന് വ്യക്ത മായി തിട്ടപ്പെടുത്തേണ്ടതുണ്ട്.

കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിരി ക്കുന്ന പല 'പക്ക വർക്കി'നോടും യോജി ക്കാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരിന്റെ മറ്റ് ഫണ്ടുകൾ വിനിയോഗിച്ച് പക്ക വർക്കുകൾ ചെയ്യാവുന്നതാണ്. എൻ. ആർ.ഇ.ജി.എ ഫണ്ട് സാധനസാമഗ്രിക ൾക്ക് (Material component) വിനിയോഗി ക്കുന്നത് ഉചിതമല്ല. കാരണം തൊഴിലു റപ്പ് പദ്ധതി തൊഴിലധിഷ്ഠിത പരിപാ ടിയാണ്. അതൊരു നിർമ്മാണ പ്രവർത്തനമല്ല. ഇവ തമ്മിൽ പ്രകടമായ വ്യത്യാസമാണുള്ളത്. തൊഴിലധി ഷ്ഠിത പദ്ധതിയിൽ പണം തൊഴിലാ ളിക്ക് ലഭിക്കുമ്പോൾ നിർമ്മാണാധി ഷ്ഠിത പദ്ധതിയിൽ പണം കരാറുകാ രനോ മറ്റ് സമ്പന്നനോ ലഭിക്കുന്നു. ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് 40,000 കോടിയോളം വരുന്ന എൻ.ആർ. ഇ.ജി.എ ഫണ്ടിനെയാണ് ഇന്ന് എല്ലാവ രും ഉറ്റുനോക്കുന്നത്. അംഗൻവാടികളു ടേയും കക്കൂസിന്റേയുമൊക്കെ നിർമ്മാ ണങ്ങൾക്ക് ഈ ഫണ്ട് വിനിയോഗി ച്ചാൽ ഇതിനുവേണ്ടി കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ള മറ്റ് ഫണ്ടുകൾ നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ട്.

സോഷ്യൽ ഓഡിറ്റ് കൊണ്ട് ഉദ്ദേശി ക്കുന്നത് പഞ്ചായത്തും ജനങ്ങളുമായുള്ള ഏറ്റുമുട്ടലല്ല. ചെലവഴിച്ച പണത്തെ സംബന്ധിച്ച ഓഡിറ്റ് മാത്രമല്ല അത്. മറിച്ച് സോഷ്യൽ ഓഡിറ്റ് ഒരു പഠന പ്രക്രിയയാണ്. പ്രവർത്തിയെ സംബ ന്ധിച്ച മൊത്തത്തിലുള്ള വിലയിരുത്ത ലാവണം സോഷ്യൽ ആഡിറ്റ്. അതിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ നയരൂപീകരണത്തിന് സഹായകമായി ത്തീരും. മിനിമം കൂലി നിജപ്പെടുത്തു ന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നീക്കമുണ്ട്. എന്നാൽ ഓരോ സംസ്ഥാ നത്തും നിലനിൽക്കുന്ന ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനപ്പെടുത്തി വേതനം നിശ്ചയിക്കുകയാവും ഉത്തമം.



# ാധികാരികളെ തീരുമാനിക്കുന്ന ശക്തി

ഒരു ബ്ലോക്കിലെങ്കിലും ഇത് പ്രയോഗ ത്തിൽ വരുത്തണം.

രാജ്യത്ത് NREGA യിൽ സ്ത്രീ പങ്കാ ളിത്തം ഏറ്റവും കൂടിയത് കേരളത്തി ലാണ്. കേരളത്തിൽ കൂലിപ്പണി ഒരു മാന്യതയുള്ള തൊഴിലായി ആരും കരു തിയിരുന്നില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതി ആ സങ്കല്പത്തെ മാറ്റി മറിച്ചു. തൊഴിൽ ഒരു അവകാശമായി സ്ഥാപി ച്ചെടുത്തതോടെ ആത്മാഭിമാനത്തോടെ പണിയെടുക്കുവാൻ ഇന്ന് സ്ത്രീകൾ മുന്നോട്ടു വന്നിരിക്കുന്നു. തൊഴിൽ സമയം പുന:ക്രമീകരിച്ച് നൽകുന്നതോ ടൊപ്പം കൊടുക്കുന്ന അളവ് ജോലിചെ യ്തു കഴിഞ്ഞാൽ സ്ത്രീകൾക്ക് വീട്ടിൽ പോകുന്നതിനാവശ്യമായ രീതിയിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതുണ്ട്.

ഇന്ത്യയിൽ 1948 മുതൽ മിനിമം കൂലി നിലവിൽ വന്നെങ്കിലും, ഇപ്പോഴും പല സംസ്ഥാനങ്ങളിലും 25-30 രൂപ യാണ് തൊഴിലാളികൾക്ക് കൂലിയായി നൽകിവരുന്നത്. എന്നാൽ NREGA യുടെ വരവോടെ ആ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. തുച്ഛമായ കൂലിക്ക് ചൂഷണത്തിന് വിധേയരാകാൻ തൊഴി ലാളികൾ തയ്യാറല്ലാതായിരിക്കുന്നു. കുറ ഞ്ഞകൂലിക്ക് തൊഴിലാളികളെ ലഭിക്കു വാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ആന്ധ്ര, ഒറീസ്സ തുടങ്ങിയ സംസ്ഥാന ങ്ങളിലെ ഭൂവുടമകൾ NREGA നിർത്ത ലാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തുകൾ അയയ്ക്കുന്നു.

ഒരു സംസ്ഥാനത്തെ മിനിമം കൂലി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. എന്നാൽ NREGAയിൽ കൂലികൂട്ടി നൽ കുന്നതിനുള്ള അധികാരം സംസ്ഥാന ങ്ങൾക്കില്ല. കേന്ദ്രസർക്കാർ ആ അധി കാരത്തിന്റെ കടയ്ക്കൽ കത്തിവച്ചിരി ക്കുകയാണ്. ഇതിനെതിരായ ഒരു മുന്നേ റ്റം ഉണ്ടാകണം. രാജ്യത്ത് ആദ്യമായി സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പാക്കിയ നിയമമാണ് NREGA. ലക്ഷ ക്കണക്കിന് പാവപ്പെട്ടവർക്ക് ആദ്യമായി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും ഈ പദ്ധതി ഉപകരിച്ചു. പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് സോ ഷ്യൽ ഓഡിറ്റ് കേരളത്തിൽ വ്യാപക മാക്കണം. അതോടൊപ്പം കൂടുതൽ തൊഴിൽ ദിനങ്ങൾ ജനങ്ങൾക്ക് നൽകി പദ്ധതി നടത്തിപ്പിന് മാതൃകയായിത്തീ രുവാനും കേരളത്തിന് കഴിയണം.



**സി.പി. നാരായണൻ**
സംസ്ഥാന ആസൂത്രണ ബോർഡംഗം

# ജനവിരുദ്ധ മാറ്റങ്ങൾക്കെ

**കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ "മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ നിന്നും**

കേരളത്തിലെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും രണ്ട് പ്രധാന കർത്തവ്യങ്ങൾ നിർവഹിക്കാനുണ്ട്. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രസർക്കാർ വരുത്തിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധമായ മാറ്റങ്ങൾക്കെതിരെയും കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ വിപുലമാക്കുന്നതിനുള്ള ഇടപെടലുകൾക്കും വേണ്ടിയുള്ള ദ്വിമുഖസമരമാണത്. ഇന്ത്യയിൽ ആകെയുള്ള പട്ടിണിപാവങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ പദ്ധതി നടപ്പിലാക്കാൻ കഴിയണം. അതിനുള്ള പോരാട്ടമാണ് നാം നടത്തേണ്ടത്. തൊഴിലുറപ്പ് പദ്ധതിയിൽ ഇന്ത്യയിലെ മൊത്തം ചെലവിന്റെ 1% മാണ് കേരളത്തിന്റേത്. നമ്മുടെ ജനസംഖ്യ 3 ശതമാനവും. 2009-10 ൽ ഒരു പഞ്ചായത്തിന് ശരാശരി ഒരുകോടി രൂപ എന്ന കണക്കിൽ സംസ്ഥാനത്ത് 1000 കോടി രൂപ ചെലവഴിക്കുന്നതിന് കഴിയണമെന്നാണ് സർക്കാർ ഉദ്ദേശിച്ചത്. അതിലേയ്ക്ക് എത്തുവാൻ കഴിയുമെന്ന് തോന്നുന്നില്ല.

ആദ്യമായി നിയമം കൊണ്ടുവന്നപ്പോൾ ഓരോ സംസ്ഥാനത്തും നിലനിൽക്കുന്ന മിനിമം കൂലി നൽകാമെന്ന് കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ അതിൽനിന്നും കേന്ദ്രം പിന്നോക്കം പോയിരിക്കുകയാണ്. ഇന്ത്യയിലെ വൻകുത്തകകൾക്ക് 3.5 ലക്ഷം കോടി രൂപയുടെ അനുമതി നൽകുന്നതിന് കേന്ദ്രസർക്കാർ കണ്ണ് പൂട്ടുന്ന സമയംപോലും എടുക്കുന്നില്ല. എന്നാൽ പാവപ്പെട്ട തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്ന കാര്യത്തിൽ കേന്ദ്രത്തിന് വൈമനസ്യമാണ്. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും തൊഴിലെടുക്കുന്ന ഏവർക്കും ന്യായമായ കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

---



**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

# തൊഴിലുറപ്പ് പദ്ധതി: വെ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും 2008-09 വർഷം മുതലാണ് നടപ്പിൽ വരുത്തിയത്. ഇക്കഴിഞ്ഞ കാലയളവിലെ അനുഭവങ്ങൾ പരിശോധിച്ചാൽ നിരവധി മേഖലകളിൽ മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് മനസ്സിലാക്കുവാൻ കഴിയും. കേരളത്തിലെ സ്ത്രീശാക്തീകരണത്തിൽ പദ്ധതി വളരെ വലിയ പങ്കാണ് നിർവഹിച്ചുവരുന്നത്. തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തത്തിൽ ദേശീയ ശരാശരിക്കും പുറകിലായിരുന്ന കേരളം തൊഴിലുറപ്പ് പദ്ധതിയിലൂടെ അതിന് മാറ്റം വരുത്തിയിരിക്കുകയാണ്. സംസ്ഥാനത്ത് 85 ശതമാനമാണ് തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീപങ്കാളിത്തം. ഒരിക്കലും കൂലിപണി ചെയ്യാതിരുന്ന സ്ത്രീകൾപോലും തൊഴിലുറപ്പ് പദ്ധതിയിൽ പണി ചെയ്യുന്നത് അന്തസ്സായി കണ്ട് മുന്നോട്ടുവന്നിരിക്കുകയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകളിലെ ഭരണം മെച്ചപ്പെടുന്നതിനും തൊഴിലുറപ്പ് പദ്ധതി സഹായകരമായിട്ടുണ്ട്. ജനങ്ങളും ഗ്രാമപഞ്ചായത്തും തമ്മിലുള്ള സമ്പർക്കം പദ്ധതി നടപ്പാക്കിയതോടെ മുമ്പെന്നത്തെക്കാളും വർദ്ധിച്ചിരിക്കുകയാണ്. പൊതുമരാമത്ത് പണികൾക്ക് പൊതുസമൂഹം മാന്യത കല്പിച്ചു തുടങ്ങിയിരിക്കുന്നു. മറ്റ് വിവിധ പദ്ധതികളുമായുള്ള സംയോജന സാദ്ധ്യതകളും തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തിയിരിക്കുന്നു. അഴിമതിരഹിതമായി പദ്ധതി നടപ്പാക്കാൻ കഴിയുന്നുവെന്നതാണ് കേരളത്തിലെ പദ്ധതി നടത്തിപ്പിൽ എടുത്തുകാണിക്കുവാനുള്ള പ്രധാന നേട്ടം. തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി ക്രിമിനൽ കുറ്റമായാണ് ഇവിടെ പരിഗണിച്ചു വരുന്നത്. എസ്.ജി.ആർ.വൈ പദ്ധതിയെക്കാളും അഞ്ചിരട്ടി ധനനിക്ഷേപമാണ് തൊഴിലുറപ്പ് പദ്ധതിയിൽ നടന്നിട്ടുള്ളത്. പദ്ധതിയിൽ പണിയെടുക്കുന്നതിന് 7.6ലക്ഷം തൊഴിലാളികൾ സന്നദ്ധരായിട്ടുണ്ട്. സംസ്ഥാനത്ത് വികസന രംഗത്ത് പ്രമുഖമായ സ്ഥാനം കൈവരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാധാന്യവും സാദ്ധ്യതകളും വളരെ വലുതാണ്. നീർത്തടാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ വിപുലമായ സാദ്ധ്യതകൾ തുറക്കപ്പെടും. പ്രാദേശിക

# തിരെ സമരം അനിവാര്യം

സംസ്ഥാനത്ത് NREGAയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്രയും ആളുകൾ ഇതിൽ രജിസ്റ്റർ ചെയ്യുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ഇതിൽ ഏകദേശം 8 ലക്ഷം പേർ തൊഴിലിനായി വന്നിട്ടുണ്ട്. കൂടുതൽ പേരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സമീപനം ഉണ്ടാവേണ്ടതുണ്ട്. ഗതി ഇല്ലാത്തവർക്ക് കൂലി കിട്ടാനുള്ള ഒരു ഏർപ്പാടല്ല ഇതെന്നും സംസ്ഥാനത്ത് സാമൂഹിക ആസ്തികൾ വർദ്ധിപ്പിക്കാനുള്ള ഒരു അവസരമാണ് ലഭിച്ചിരിക്കുന്നതെന്നും, സാമ്പത്തിക ശേഷി ഉണ്ടെങ്കിലും ഞാൻ ഇതിൽ പങ്കെടുക്കും എന്ന തരത്തിൽ പൗരബോധം സൃഷ്ടിക്കുവാനും കഴിയണം.

തൊഴിലിനായി വരുന്നവർക്ക് 100 ദിവസം ജോലി നൽകേണ്ട വിധത്തിൽ നാം പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല. അതിന് സാദ്ധ്യത ഇല്ലാത്തതിനാലല്ല. സാദ്ധ്യത ഉണ്ട് എന്നതിന് വയനാട്ടിലെ

ഇന്ന് ചർച്ചചെയ്യപ്പെടുന്ന മറ്റൊരു പ്രധാന വിഷയം 'ലോക് കർമ്മി' എന്ന പേരിൽ തൊഴിലുറപ്പ് പദ്ധതിയിൽ NGO കളെ കൊണ്ടുവരുന്നതിനെക്കുറിച്ചാണ്. കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനം ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അഴിമതിയുടെ അംശം ഇവിടെ തീരെ കുറവാണ്. ആന്ധ്രയിലും രാജസ്ഥാനിലും വൻതോതിൽ പണം ചെലവഴിക്കുന്നുവെങ്കിലും കോടിക്കണക്കിന് രൂപ കരാറുകാർ വിഴുങ്ങുന്നതായാണ് അറിയാൻ കഴിയുന്നത്. മികച്ച രീതിയിൽ പദ്ധതി നടപ്പാക്കുന്ന കേരളത്തിൽ NGOകൾ വരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്ന് മുൻകൂട്ടി കാണുവാൻ കഴിയുകയില്ല. കേന്ദ്രസർക്കാർ ജനങ്ങൾക്ക് അനുകൂലമായ കാര്യങ്ങൾ കൊണ്ടുവരുന്നതിനൊപ്പം അതിനെ അപകടപ്പെടുത്തുന്ന നടപടികളും കൈക്കൊള്ളുന്നുണ്ട്. ജനങ്ങളുടെ നിർബന്ധിതവും നിരന്തരവുമായ ഇടപെടലുകൾകൊണ്ട് നടപ്പിലാക്കിയതാണ് NREGA. അതിന്റെ ഓരോ വരിയിലും വെള്ളം ചേർക്കുന്ന നടപടികളാണ് ഇന്ന് നടക്കുന്നത്. സമരംകൊണ്ട് നേടിയെടുത്ത നിയമാവകാശത്തിന്റെ ഉൾക്കാമ്പ് നഷ്ടപ്പെടാതിരിക്കുന്നതിന് വീണ്ടും സമരം ആവശ്യമായി വന്നിരിക്കുന്നു.

കേരളത്തിൽ ഇതിലും മെച്ചപ്പെട്ട രീതിയിൽ നിയമം നടപ്പാക്കേണ്ടതുണ്ട്. ചില കാര്യങ്ങളിൽ നേട്ടമുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ NREGAൽ പണിയെടുക്കുന്നതിൽ 85%വും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ, പ്രത്യേകിച്ച് വയനാട്, പാലക്കാട് ജില്ലകളിൽ ഗുണപരമായ മാറ്റം സ്ത്രീപക്ഷ സ്വഭാവമുള്ള ഈ നിയമം വരുത്തിയിരിക്കുന്നു. 22 ലക്ഷം പേർ

# ല്ലുവിളികളേറെ

സാമ്പത്തിക വികസനത്തിന്റെ ആക്കം കൂട്ടുന്നതിനും സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതിക്ക് വലിയ സംഭാവനകൾ നൽകാൻ കഴിയും. കുറ്റമറ്റ രീതിയിൽ ആസൂത്രണവും സംഘാടനവും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകളും ശാക്തീകരിക്കപ്പെടും.

കൈവരിച്ച നേട്ടങ്ങൾക്കൊപ്പം ധാരാളം വെല്ലുവിളികൾ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ട്. നിശ്ചിത ദിവസം തൊഴിൽ നൽകാതെ വരുന്നത് പ്രധാന വെല്ലുവിളിയാണ്. കഴിഞ്ഞ വർഷം 22 ദിവസമാണ് തൊഴിൽ നൽകാനായത്. ഈ വർഷം 45 ദിവസവും. കുറഞ്ഞത് 85-90 ദിവസമെങ്കിലും തൊഴിൽ നൽകാനാകണം. കാലതാമസം കൂടാതെ പരമാവധി ഏഴ് ദിവസത്തിനകം വേതനം നൽകുന്നതിന് ആവശ്യമായ തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രവർത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇനി പ്രാമുഖ്യം നൽകണം. കാർഷികരംഗത്തും വനമേഖലയിലും പൊതുമരാമത്ത് പ്രവർത്തികളിലും ഇതര പദ്ധതി പ്രവർത്തനങ്ങളുമായുള്ള സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. പദ്ധതിയുടെ ഗുണഭോക്താക്കളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെയും വൈകല്യമുള്ളവരുടെയും പങ്കാളിത്തം കാര്യമായ തോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ചില മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ശാരീരിക ക്ഷമതയുള്ള തൊഴിലാളികൾക്ക് വേണ്ടിയുള്ള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കിന് പകരം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന സമ്മിശ്ര വിഭാഗത്തിനു വേണ്ടിയുള്ള പുതിയ നിരക്കുകൾ അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കും. സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് പന്ത്രണ്ടാം ക്ലാസ് വിജയിച്ച കുടുംബശ്രീ അംഗങ്ങളായ പെൺകുട്ടികൾക്ക് പരിശീലനം നൽകി ബെയർഫുട്ട് എഞ്ചിനീയർമാരായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തികളുടെ എസ്റ്റിമേറ്റ്, അളവെടുക്കൽ, ബില്ലിംഗ് തുടങ്ങിയവയ്ക്കൊക്കെ സഹായകരമായ രീതിയിൽ സോഫ്റ്റ്വെയറുകൾ തയ്യാറാക്കി പദ്ധതി പ്രവർത്തനം സുഗമമാക്കും.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായി തൊഴിലുറപ്പ് പദ്ധതിയെ മാറ്റിയെടുക്കണം. ഇന്ന് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നതിന് 8 ലക്ഷം കുടുംബങ്ങൾ സന്നദ്ധരായി വന്നിട്ടുണ്ട്. കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ മനസ്സുവച്ച് പ്രവർത്തിച്ചാൽ ഈ എണ്ണം 10 ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് നമുക്ക് കഴിയും. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കിയാൽ തന്നെ കൂടുതൽ ആളുകൾ പദ്ധതിയിലേയ്ക്ക് ആകർഷിക്കപ്പെടും എന്നതിൽ സംശയമില്ല. 8-9 കോടി തൊഴിൽദിനങ്ങൾ നൽകുന്നതിനും 1100 കോടിയോളം രൂപ വേതനമായി കേരളത്തിൽ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു വർഷം ലഭ്യമാക്കുന്നതിനും അനായാസേന സാധിക്കും. അഴിമതി കടന്നുകൂടുമെന്ന ഭയത്താലാണ് അസംസ്കൃതവസ്തുക്കൾ ഉൾപ്പെടുത്താൻ അനുവദിക്കാതിരിക്കുന്നത്. നിർമ്മാണ പ്രവൃത്തിയിലെ മെറ്റീരിയൽ ഘടകം കൂടി ഉൾപ്പെടുത്തിയാൽ വർഷം 1800 കോടി രൂപ ചെലവാക്കാൻ കഴിയും.

# തൊഴിലുറപ്പ് ...
# അധികാരവി...

എടവക, പാലക്കാട്ടെ അകത്തേത്തറ തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ തെളിവാണ്. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി 5 ഏക്കറിൽ താഴെയുള്ള സ്വകാര്യകൃഷിയിടങ്ങളിൽ ഇടപെടുവാനും നമ്മുടെ നാട്ടിലെ ജലനിർഗ്ഗമന സ്രോതസ്സുകളും ഓടകളും ചെറു അരുവികളും, കൈത്തോടുകളും പുനരുദ്ധരിക്കുവാനും, മാലിന്യസംസ്ക്കരണ മേഖലയിൽ പ്രയോജനപ്പെടുത്തുവാനും, മറ്റ് പദ്ധതികളുമായി സംയോജിപ്പിക്കുവാനും, തരിശ് ഭൂമി കൃഷിയോഗ്യമാക്കുവാനുമൊക്കെ കഴിഞ്ഞാൽ നൽകുന്ന തൊഴിൽ ദിനങ്ങളിൽ വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും.

കേരളത്തിലെ പദ്ധതി നടത്തിപ്പിൽ ചില പോരായ്മകൾ ദൃശ്യമാകുന്നുണ്ട്. കുറേകൂടി വേഗത്തിൽ നൽകാൻ കഴിയുന്ന വേതനം, അനാസ്ഥകാരണം ചിലയിടങ്ങളിൽ വൈകുന്നുണ്ട്. വേതന വിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ കൂടുതൽ ആളുകളെ പദ്ധതിയിലേയ്ക്ക് ആകർഷിക്കുവാൻ കഴിയും. പദ്ധതികൾ വാർഡുതലത്തിലാണ് അധികവും ഉണ്ടാകുന്നത്. ഇതിന് മാറ്റം വരുത്തണം. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ മാത്രമേ സാമൂഹിക ആസ്തികൾ വർദ്ധിപ്പിക്കുവാൻ കഴിയൂ. അതിന് നീർത്തടാധിഷ്ഠിതമായി പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. മൊട്ടക്കുന്നുകളിലും തരിശ്ഭൂമിയിലും പ്രയോജനകരമായ മരങ്ങൾ വച്ചുപിടിപ്പിച്ച് അവയെ ഹരിതാഭമാക്കുന്നതിനും ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

വളരെ പ്രത്യേകതകളുള്ള സംസ്ഥാനമാണ് കേരളം. ഇവിടെ പൊതുഭൂമി വളരെക്കുറവാണ്. ഇപ്പോൾ നിയമത്തിനെ കൂടുതൽ അനാകർഷകമാക്കിക്കൊണ്ടിരിക്കുന്ന വ്യവസ്ഥകൾമാറ്റി ആകർഷകമാക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. കേന്ദ്രം ഒരു പൊതുനിയമം ഉണ്ടാക്കുമ്പോൾ അതിൽ കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയാൽ ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങൾക്കും അത് ഒരുപോലെ ഗുണം ചെയ്യില്ല. ആ പരിമിതി NREGAയിലും ഉണ്ട്. അത് മാറ്റാൻ ശ്രമിക്കുന്നതിനൊടൊപ്പം ഈ നിയമത്തിനകത്തുള്ള അയവുള്ള വ്യവസ്ഥകളെ പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിയണം. അത്തരത്തിലുള്ള ഒരു മാറ്റം അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുവാൻ സംസ്ഥാന സർക്കാരുകളും പ്രാദേശിക സർക്കാരുകളും മുൻകൈയെടുക്കണം.



**വി.എൻ. ജിതേന്ദ്രൻ**
ഡയറക്ടർ
ദേശീയ തൊഴിലുറപ്പ് മിഷൻ

**കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ "മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ നിന്നും**

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തെ (NREGA) ഉപയോഗപ്പെടുത്തുക എന്നതായിരുന്നു സർക്കാരിന്റെ നയപരമായ തീരുമാനം. ഈ തീരുമാനം ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കി. മറ്റ് സംസ്ഥാനങ്ങൾ NREGA നടപ്പാക്കുന്നതിന് സമാന്തര സംവിധാനം ഏർപ്പെടുത്തിയപ്പോൾ കേരളത്തിൽ അതു പഞ്ചായത്ത് രാജ് സംവിധാനത്തിനകത്ത് നിർത്തി, ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെ അധികാരവികേന്ദ്രീകരണ പ്രക്രിയയെ പ്രബലപ്പെടുത്തുന്നതിന് NREGAക്കും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് നടപ്പാക്കുമെന്ന് 9-ാം പദ്ധതിയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും NREGAയുടെ വരവോടുകൂടി മാത്രമാണ് അതു സാദ്ധ്യമായത്. 1997-ൽ കേരളത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുവാൻ സർക്കാർ നയപരമായി തീരുമാനിച്ചെങ്കിലും അതു നടപ്പാക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇന്ന് NREGAയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് എല്ലാ പഞ്ചായത്തുകളിലും നടന്നുകഴിഞ്ഞു. 2001-ൽ നീർത്തട അവലോകന മാസ്റ്റർ പ്ലാനുകൾ ബ്ലോക്ക് തലത്തിൽ ഉണ്ടാക്കിയിരുന്നുവെങ്കിലും മുന്നോട്ടു പോകുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 2010-11 വർഷം മുതൽ നീർത്തടാധിഷ്ഠിതമായി



കെ.കെ. നാരായണൻ
എ.എൻ. പ്രഭാകരൻ
ഡി. സദാശിവൻ
എം.എ. റസാക്ക്

**സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചവർ**

# പദ്ധതി:
# കേന്ദ്രീകരണത്തെ ശക്തിപ്പെടുത്തി

മാത്രമേ NREGA നടപ്പാക്കാൻ കഴിയൂ. ഇതിന്റെ ഭാഗമായി 421 ഗ്രാമപഞ്ചായത്തുകളിൽ ഇതിനോടകം നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായിക്കഴിഞ്ഞു. ബാക്കി പഞ്ചായത്തുകളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വലിയ പങ്ക് വഹിക്കുന്നതിന് NREGA യ്ക്ക് കഴിയും. ബാങ്ക് അക്കൗണ്ട് വഴി വേതനം വിതരണം ചെയ്യുന്നതും കരാറുകാരെ ഒഴിവാക്കിയതും NREGA യിൽ അഴിമതി കടന്നുവരാതിരിക്കുന്നതിന് കാരണമായി. ഇന്നു 158 കോടി രൂപ സമ്പാദ്യമായി പദ്ധതിയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായുണ്ട്. ഇതു പാവപ്പെട്ട കുടുംബങ്ങളുടെ സമ്പാദ്യമാണ്. NREGAയുടെ മറ്റൊരു സവിശേഷത ജനങ്ങൾ സംഘടിച്ച് പണിയെടുക്കുന്നതിന് സുതാര്യമായ ഒരു രീതിസമ്പ്രദായം സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്.

അഭിമാനകരമായ വിധത്തിൽ NREGAയെ നടപ്പാക്കി വരുന്നെങ്കിലും ഈ രംഗത്ത് ധാരാളം വെല്ലുവിളികൾ ഉയർന്നുവരുന്നുണ്ട്. കൈയില്ലാത്തവർ, പ്രായമായവർ, ഗർഭിണികൾ തുടങ്ങിയ ശാരീരികക്ഷമത കുറഞ്ഞ ഒരു സമ്മിശ്ര ഗ്രൂപ്പാണ് പദ്ധതിയിൽ പണിയെടുക്കുന്നത്. ശാരീരികക്ഷമതയുള്ള തൊഴിലാളികൾക്കുള്ള PWD ഷെഡ്യൂൾ റേറ്റാണ് നാം പിന്തുടരുന്നത്. അത് മേൽപ്പറഞ്ഞ സമ്മിശ്ര വിഭാഗത്തിന് യോജിക്കുന്നതല്ല. അവർക്ക് യോജിക്കുന്ന അളവിലും നിരക്കിലുമുള്ള ഒരു പുതിയ ഷെഡ്യൂൾ റേറ്റ് അടുത്ത ഏപ്രിൽ മാസം മുതൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. സാധനസാമഗ്രികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആക്ഷൻ റിസർച്ചും നടന്നുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് മറ്റൊരു വെല്ലുവിളിയാണ്. അതുകൊണ്ടുതന്നെ കുടുംബശ്രീയിൽ അംഗങ്ങളായ 12-ാം ക്ലാസ്സ് പാസ്സായ കുട്ടികളെ പരിശീലിപ്പിച്ച് ബേർഫുട്ട് എഞ്ചിനീയർമാരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്തവർഷം എല്ലാ പഞ്ചായത്തുകളിലും ഇവരെ നിയമിക്കുന്നതോടെ സാങ്കേതിക രംഗത്തുള്ള വിടവ് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും. കുടുംബശ്രീ പ്രവർത്തകർക്കും മറ്റുള്ളവർക്കും NREGAയിൽ ഉൾപ്പെടുത്തി IGNOU-വിന്റെ ആഭിമുഖ്യത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കും. പദ്ധതിയിലെ തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു ലേബർബാങ്ക് രൂപീകരിക്കും. വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും തൊഴിലാളികൾക്ക് 365 ദിവസവും തൊഴിൽ നൽകുവാനും ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് കഴിയും. ഇത്തരത്തിൽ ഒരു വലിയ സംഘടനാ സംവിധാനം തന്നെ NREGA യിൽ രൂപപ്പെടുത്തിയെടുക്കുവാൻ സാധിക്കും.

NREGA പോലെ സമ്പത്തിന്റെ പുനർവിതരണം നടത്തുന്ന വേറൊരു പദ്ധതി രാജ്യത്ത് ഇന്നില്ല. ലോകം അഭിമുഖീകരിക്കുന്ന സാമ്പത്തികമാന്ദ്യം ഇന്ത്യയെ ബാധിക്കാതിരുന്നതിന്റെ പ്രധാന കാരണം ഈ പദ്ധതിയാണ്. 30000 കോടി രൂപയാണ് കഴിഞ്ഞ വർഷം ഈ പദ്ധതിയിലൂടെ കൂലിയായി ഇന്ത്യയിലൊട്ടാകെ വിതരണം ചെയ്തത്. ഇത് ഈ വർഷം 43000 കോടി രൂപയായി വർദ്ധിക്കും. കേരളത്തിൽ 5 ലക്ഷത്തിലധികം കുടുംബങ്ങൾ പണിയെടുക്കുന്നതിന് സന്നദ്ധരാകില്ലായെന്നതായിരുന്നു സാമൂഹ്യശാസ്ത്രജ്ഞർ കണക്കാക്കിയിരുന്നത്. എന്നാൽ അതെല്ലാം തെറ്റിച്ചുകൊണ്ട് 7.9 ലക്ഷം കുടുംബങ്ങൾ ഇന്ന് പണിയെടുക്കുവാൻ മുന്നോട്ട് വന്നിട്ടുണ്ട്. കാലതാമസം കൂടാതെ വേതനം നൽകാൻ കഴിഞ്ഞാൽ 2010-11ൽ 10 ലക്ഷം കുടുംബങ്ങളെ പദ്ധതിയിൽ അണിനിരത്തുവാൻ കഴിയും. ആ വെല്ലുവിളി ഏറ്റെടുക്കുവാൻ കേരളത്തിലെ പഞ്ചായത്തുകൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.


വി.സി. ജോസഫ്

# നാലാം സംസ്ഥാന ധനകമ്മ ശ്രദ്ധേയം



**പ്രൊഫ. എം.എ. ഉമ്മൻ**
ചെയർമാൻ
നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ

**കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ നാലാം സംസ്ഥാനധനകാര്യ കമ്മിഷനും പഞ്ചായത്തുകളും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ നിന്നും**

മനുഷ്യസമുദായത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനുഷ്യന്റെ ഭരണഘടനാ സംവിധാനം ആദ്യം ഉയിർക്കൊണ്ടത് സംസ്ഥാനങ്ങളിലോ സാമ്രാജ്യങ്ങളിലോ അല്ല, തദ്ദേശീയ ഭരണ തലത്തിലാണെന്ന് അറിയുവാൻ കഴിയും. വെട്ടിപിടിച്ചതും ആക്രമിച്ചു കീഴടക്കിയ വലിയ ഭരണസമ്പ്രദായങ്ങളും സംസ്ഥാനങ്ങളും നിലവിൽ വരുന്നതിന് മുൻപ് തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിന്റേതായ ഒരു വ്യക്തിത്വവും ഉയിരുമുണ്ടായിരുന്നു. പക്ഷേ അത് കാലാന്തരത്തിൽ എവിടെയോ മറഞ്ഞുപോയിരുന്നു. അക്കാദമികതലത്തിലും രാഷ്ട്രമീമാംസാതലത്തിലൊന്നും ഒരു പഠന വിഷയമാകാതെ അത് മാറിയിരുന്നു. എന്നാൽ 73,74 ഭരണഘടനാ ഭേദഗതിയോടെ ഇതിന് മാറ്റമുണ്ടായി. സ്വതന്ത്രമായ ജനാധിപത്യം എന്നതാണ് ഈ ഭേദഗതിയുടെ ഏറ്റവും കാതലായ അംശം. ഇന്ത്യയിൽ ഒട്ടാകെയുള്ള 2.5 ലക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളിലെ 30 ലക്ഷം ജനപ്രതിനിധികൾ അടങ്ങുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ അതിവിശാലമായ അടിത്തറ ലോകത്ത് മറ്റൊരു രാഷ്ട്രത്തിനും അവകാശപ്പെടുവാനില്ല. ഈ വിശാല അടിത്തറയാണ് 73,74 ഭരണഘടനാ ഭേദഗതിയെ വളരെ സജീവമാക്കുന്നത്.

ഭരണഘടനയുടെ ആർട്ടിക്കിൾ 243(1) അനുസരിച്ചാണ് സംസ്ഥാന ധനകാര്യ കമ്മിഷനുകളെ നിയമിച്ചിട്ടുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 280 അനുസരിച്ചാണ് കേന്ദ്ര ധനകാര്യ കമ്മി

---

# വിഭവ കൈമാറ്റം: പുനർച്ച്



**പ്രൊഫ. എൻ. രമാകാന്തൻ**
ഡയറക്ടർ, കില

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവവിതരണം നടത്തുന്ന ചുമതലകൾക്കൊപ്പം കേരളത്തിലെ അധികാരവികേന്ദ്രീകരണം സ്ഥായിയായും ആരോഗ്യകരമായും നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾകൂടി നൽകുവാൻ നാലാം സംസ്ഥാന ധനകാര്യ കമ്മിഷനെ ചുമതലപ്പെടുത്തിയ സർക്കാരിന്റെ നടപടി ലക്ഷ്യബോധത്തോടുകൂടിയതാണ്. കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന് ലോകശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞത് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും അധികാരവികേന്ദ്രീകരണത്തിലുള്ള വിശ്വാസ്യതയും ഉടമസ്ഥതയും വളർത്തിയെടുക്കുവാൻ കഴിഞ്ഞതുകൊണ്ടാണ്. ഇവ വർദ്ധിച്ച തോതിൽ വിഭവം പകർന്നു നല്കുന്നതിനുള്ള രാഷ്ട്രീയ തീരുമാനത്തിന്റെ ഫലമായി രൂപപ്പെട്ടതാണ്. 35–40% വരെയുള്ള വിഭവകൈമാറ്റം എന്ന പ്രഖ്യാപനത്തോടുകൂടിയാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത്. അതില്ലായിരുന്നുവെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ ജനപ്രതിനിധികൾക്കും ജനങ്ങൾക്കും വിശ്വാസമില്ലാത്ത ഒരു അവസ്ഥ ഉണ്ടാകുമായിരുന്നു.

മൂന്നാം സംസ്ഥാന ധനകാര്യ കമ്മിഷൻ വിഭവകൈമാറ്റം നടത്തുന്നതിനുവേണ്ടി ശുപാർശ ചെയ്ത ഫോർമുലയിൽ അപകടകരമായ ഒരു തീരുമാനമുണ്ടായിരുന്നു. മുൻവർഷങ്ങളിൽ അനുവദിച്ച തുകയുടെ 10 ശതമാനം കൂടി അടുത്ത വർഷം തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കണമെന്നതായിരുന്നു ഈ ശുപാർശ. സംസ്ഥാന ബഡ്ജറ്റ് ഔട്ട്ലേയുടേതിന് ആനുപാതികമായ വർദ്ധനവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവശേഷിയിൽ വരുത്തുന്നതിന് സഹായകമായിരുന്നില്ല ആ തീരുമാനം. മുപ്പത്തഞ്ചും നാല്പതും ശതമാനത്തിനിടയിൽ വിഭവം കൈമാറണമെന്ന് തീരുമാനിച്ചതിനു പിന്നിൽ വലിയൊരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. ഭരണഘടനയുടെ 11,12 പട്ടികകളുടെ അടിസ്ഥാനത്തിലും കേരളത്തിലെ 1994ലെ പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളുടെ അടിസ്ഥാനത്തിലും പകർന്നു നല്കിയ വികസന ചുമതലകൾ നിർവഹിക്കുന്നതിനുള്ള വിഭവശേഷിയാണ് 35–40 ശതമാനം. സർക്കാരിന്റെ വിവിധ വികസനവകുപ്പുകൾ വഴി കേരളത്തിലെ ജനങ്ങൾക്ക്

# ിഷൻ: പരിശോധനാ വിഷയങ്ങൾ

ഷനെ നിയമിക്കുന്നത്. ഇന്ത്യ, കേന്ദ്രവും സംസ്ഥാനങ്ങളുമടങ്ങുന്ന ഒരു ദ്വിതല ഫെഡറേഷനായിരുന്നു. ഇന്നത് ബഹുതല ഫെഡറേഷനായി മാറി. 73-ാം ഭരണഘടനാ ഭേദഗതിയനുസരിച്ച് ഗ്രാമപഞ്ചായത്ത് മുതൽ കേന്ദ്രം വരെയുള്ള 6 തലങ്ങളിൽ-നഗരങ്ങളുടെ തലങ്ങൾ കൂടിയെടുത്താൽ 8-9 തലങ്ങളിൽ പരന്ന് കിടക്കുന്ന പബ്ലിക് ഫിനാൻസാണ് പുതിയ ഫെഡറേഷന്റെ അന്ത:സത്ത. ഫെഡറേഷൻ വികേന്ദ്രീകരിക്കുക എന്ന് പറഞ്ഞാൽ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം താഴെതട്ടിലേയ്ക്ക് അനുവദിക്കുക എന്നതാണ്. ഇന്ത്യയുടെ ഭരണഘടന 1935-ലെ Government of India Act-ന്റെ 250 വകുപ്പുകൾ പകർത്തിയെഴുതിയ വളരെ കേന്ദ്രീകൃതമായ ഒന്നാണ്. വിഭവശേഷി കേന്ദ്രത്തിനും വികസന ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കും എന്നുള്ളതാണ് ഇതിന്റെ പോരായ്മ. ഈ വികലമായ വിടവ് നികത്തുന്നതിനുവേണ്ടിയാണ് ബോധപൂർവ്വം 280-ാം വകുപ്പ് ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള അദ്ധ്വാന വിഭജനത്തിനനുസരിച്ച് വിഭവങ്ങൾ എത്രകണ്ട് താഴേയ്ക്ക് പകർന്ന് കൊടുക്കണം, അതിന്റെ മാനദണ്ഡങ്ങളെന്തായിരിക്കണം, കേന്ദ്ര സംസ്ഥാന ധനകാര്യ ബന്ധങ്ങൾ കാര്യക്ഷമവും, നീതിയുക്തവുമാക്കണം തുടങ്ങിയ വ്യക്തമായ മൂന്ന് വകുപ്പുകൾ 280-ന്റെ ഭാഗമായിട്ടുണ്ട്. അതേ വാചകങ്ങൾ തന്നെയാണ് 73-ാം ഭരണഘടന ഭേദഗതിയിൽ 243(i) യായി ചേർത്തിട്ടുള്ളത്. അതായത്, കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്ര ധനകാര്യ കമ്മീഷൻ പോലുള്ള ഘടകമാണ് തദ്ദേശീയ-സംസ്ഥാന ബന്ധങ്ങൾ കൈ കാര്യം ചെയ്യുന്ന സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നർത്ഥം. 73,74 ഭരണഘടന ഭേദഗതിയുടെ ഭാഗമായി സംസ്ഥാനങ്ങളുടെ ശുപാർശകൾക്കനുസരിച്ച് കേന്ദ്രധനകാര്യ കമ്മീഷൻ പ്രവർത്തിക്കണമെന്ന വിധത്തിൽ 280-ാം ആർട്ടിക്കിളും ഭേദഗതി ചെയ്തിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാനവും തമ്മിലുള്ള വിഭവ വിതരണമാണ് സംസ്ഥാന ധനകാര്യ കമ്മിഷന്റെ ചുമതല. പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടേയും കർമ്മം നിർവ്വഹിക്കുന്നതിനുവേണ്ടുന്ന ഏതുകാര്യങ്ങളും

# ിന്തനം വേണം

നൽകിവന്നിരുന്ന സേവനത്തിന്റെ 80 ശതമാനവും ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രദാനം ചെയ്യുന്നത്. ആ തരത്തിൽ നോക്കിയാൽ ഈ അനുവദിക്കുന്ന തുക പോലും മതിവരില്ല എന്നതാണ് യാഥാർത്ഥ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടം ചെലവഴിക്കുന്നതിന് ധാരാളം ഫണ്ടുകൾ ലഭിക്കുന്നുവെന്നാണ് പൊതുധാരണ. എന്നാൽ അതല്ല വസ്തുത. ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ ഗുണപ്രദമായ സേവനം പ്രദാനം ചെയ്യുന്നതിന് ഇപ്പോൾ നൽകുന്ന പണം തികയുന്നില്ലായെന്നതാണ് സത്യം. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു പുനർചിന്തനം ആവശ്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3,4,5ൽ പറഞ്ഞിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിന് പര്യാപ്തമായ വിഭവങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം എന്നതുതന്നെയായിരിക്കണം നാലാം സംസ്ഥാന ധനകാര്യ കമ്മിഷനു മുമ്പാകെ കേരളത്തിലെ പഞ്ചായത്തുകൾ ഉന്നയിക്കേണ്ടത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 1999ൽ വരുത്തിയ ഭേദഗതികൾ തദ്ദേശസ്ഥാപനങ്ങൾക്ക് ഏതേത് മേഖലയിൽ എന്തെല്ലാം ചുമതലകൾ ഉണ്ടെന്ന് നിസ്തർക്കം നിർവചിക്കുകയുണ്ടായി. രാജ്യത്ത് ഈ രംഗത്ത് ആക്ടിവിറ്റി മാപ്പിംഗ് നടത്തിയിട്ടുള്ള ഏക സംസ്ഥാനവും കേരളമാണ്. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക വിഭവവും, സാമ്പത്തിക സ്വാതന്ത്ര്യവും നൽകേണ്ടതുണ്ട്. സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും നടപ്പാക്കുന്ന ഫ്ളാഗ്ഷിപ്പ് പരിപാടികൾക്കുള്ള ഉപകരണമായിട്ടല്ല പ്രാദേശിക സർക്കാരുകളെ കണക്കാക്കേണ്ടത്. പ്രാദേശിക സാദ്ധ്യതകൾ കണക്കിലെടുത്ത് സർഗ്ഗശേഷി ഉപയോഗിച്ച് ഭാവനാപൂർണ്ണമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സ്വാതന്ത്ര്യം സുപ്രധാനമാണ്. പ്രാദേശിക വിഭവസമാഹരണത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിഭവം സമാഹരിച്ച് പാവപ്പെട്ടവന്റെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കേരളത്തിന്റെ നടപടി ലോകത്താദ്യമാണ്.

നമ്മുടെ മുന്നോട്ടുള്ള പാത അത്രയ്ക്ക് സുഗമമല്ല. ഒളിഞ്ഞും തെളിഞ്ഞും ആക്രമണങ്ങളും ആക്ഷേപങ്ങളും ഉണ്ടാകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ കെല്പില്ല എന്ന് വാദിക്കുന്നവരുണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പണം തിരിച്ചെടുത്ത് ഉദ്യോഗസ്ഥ സമൂഹത്തെ ഏല്പിച്ചപ്പോൾ ഇതിന്റെ പത്തിലൊന്ന് പോലും ചെലവഴിക്കാൻ കഴിയാതിരുന്നത് നാം കണ്ടതാണ്. ആ വർഷം വെറും ഏഴ് ശതമാനമായിരുന്നു ടി.എസ്.പി. ഫണ്ടിന്റെ ചെലവ്. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സാങ്കേതിക പരിജ്ഞാന കുറവാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് നേരിടുന്ന പ്രധാനപ്രശ്നം. എല്ലാ വകുപ്പിനും സമാന്തര പരിപാടികൾ നടപ്പാക്കുന്നതിലാണ് താല്പര്യം. ഇത് അവസാനിപ്പിക്കുവാൻ ധനകാര്യകമ്മിഷൻ ശുപാർശ ചെയ്യേണ്ടതുണ്ട്.

ലഭിക്കുന്ന പണം കാര്യക്ഷമമായി ചെലവഴിക്കുന്നതിനായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടത്. അതിനുള്ള കെല്പും നേതൃത്വപരമായ കഴിവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെന്ന് തെളിയിക്കുന്നതിന് ഇനിയുള്ള ദിവസങ്ങളിൽ അശ്രാന്ത പരിശ്രമം നടത്തണം.

## സെമിനാറിൽ പങ്കെടുത്തവർ



*പ്രൊഫ. പി.കെ. മൈക്കിൾ തരകൻ* ◀



▶ *കുട്ടി അഹമ്മദ്കുട്ടി എം.എൽ.എ.*

▼ *എസ്. നാസറുദ്ദീൻ*



പരിശോധന വിഷയങ്ങളിൽ ഉൾപ്പെടുത്താമെന്നിരിക്കെ ആർട്ടിക്കിൾ 243 (i) ലെ പരിശോധനാ വിഷയങ്ങൾ അല്ലാതെ മറ്റൊന്നും ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളിൽ ഉണ്ടായിരുന്നില്ല.

രണ്ടാം ധനകാര്യ കമ്മീഷൻ അഞ്ച് കാര്യങ്ങൾ എടുത്തു പറഞ്ഞിരുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിനു വേണ്ടി പ്രവർത്തിക്കണം, മെയിന്റനൻസ് ഗ്രാന്റ് നൽകണം, കടബാധ്യത എഴുതിത്തള്ളുന്നത് പരിഗണിക്കണം, യുക്തിസഹമായി നികുതി സമ്പ്രദായം പരിഷ്ക്കരിക്കണം, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും പഞ്ചായത്ത് തലത്തിലേയ്ക്ക് എങ്ങനെ സുഗമമായി പണമെത്തിക്കാം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് രണ്ടാം ധനകാര്യ കമ്മിഷൻ വിപുലമായ ശുപാർശകൾ സമർപ്പിച്ചിരുന്നു. സർക്കാർ ഇതു അംഗീകരിച്ചുവെങ്കിലും പലതും നടപ്പിലാക്കിയില്ല. എന്നാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 5.5 ശതമാനം മെയിന്റനൻസ് ഫണ്ടായും 3.5 ശതമാനം തുക ജനറൽ പർപ്പസ് ഫണ്ടായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ശുപാർശ മൂന്ന് വർഷത്തിന് ശേഷമാണെങ്കിലും നടപ്പിലാക്കിയിട്ടുണ്ട്.

മൂന്നാം ധനകാര്യ കമ്മീഷന്റെ പരിശോധനാ വിഷയങ്ങളുടെ കൂട്ടത്തിൽ മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള രണ്ടാം കമ്മിഷന്റെ വിഷയങ്ങൾ ആവർത്തിക്കുകയും ബഡ്ജറ്റിംഗ്, ആഡിറ്റിംഗ്, അക്കൗണ്ടബിലിറ്റി, മോണിറ്ററിംഗ് തുടങ്ങിയവ പുതിയതായി കൂട്ടിച്ചേർക്കുകയും ചെയ്തു. പ്ലാൻ ഗ്രാന്റ് എന്ന വാക്ക് മാറ്റി ഡവലപ്മെന്റ് ഫണ്ട് എന്നാക്കി തുക നോൺപ്ലാനിൽ ഉൾപ്പെടുത്തുകയും ഓരോ വർഷവും നൽകുന്ന ഫണ്ടുകളുടെ കൂടെ പത്ത് ശതമാനം തുക കൂട്ടി അടുത്ത വർഷങ്ങളിൽ നൽകണമെന്നുമുള്ള ശുപാർശകളൊഴികെ മറ്റൊന്നും അവർ സമർപ്പിച്ചിരുന്നില്ല. ഇതിനെത്തുടർന്ന് ഇപ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുകയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ 4-ാം ധനകാര്യകമ്മിഷന്റെ പരിശോധനാ വിഷയങ്ങൾ പലതുകൊണ്ടും ശ്രദ്ധയാകർഷിക്കുന്നതാണ്. കഴിഞ്ഞ മൂന്ന് കമ്മീഷന്റെയും ശുപാർശകൾ പുനർസന്ദർശിച്ച് അവയുടെ നേട്ടവും കോട്ടവും വിലയിരുത്തി വേണം ശുപാർശകൾ സമർപ്പിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് സെപ്റ്റംബറിൽ നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പിന് മുൻപ് തന്നെ റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ സമയം ഏറ്റവും കുറഞ്ഞ ഒരു ധനകാര്യ കമ്മീഷനാണിത്. പരിശോധനാ വിഷയങ്ങൾ കൂലംകഷമായി പഠിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷന് നൽകുവാൻ എല്ലാ ജനപ്രതിനിധികളും മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

പഞ്ചായത്ത് ദിനാഘോഷം 2010 റിപ്പോർട്ട്

*പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക ഘോഷയാത്രയിൽ നിന്ന്*





## 2007-08, 2008-09 വർഷത്തെ
## മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി

# നെടുമ്പനയ്ക്കും അടാട്ടിനും മികവിന്റെ അംഗീകാരം

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്ത് 2007-08ലെയും, തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് 2008-09ലെയും സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കി. തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് രണ്ട് സാമ്പത്തിക വർഷത്തിലും സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തായി. 2007-08ലെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള അവാർഡ് ആലപ്പുഴയും, 2008-09ലെ മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഒറ്റപ്പാലവും കരസ്ഥമാക്കി. കണ്ണൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വെച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി 2007-08ലെ അവാർഡുകളും ദേവസ്വം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി 2008-09ലെ അവാർഡുകളും വിതരണം ചെയ്തു. അവാർഡ് ലഭിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

### 2007-08 ലെ മികച്ച ഗ്രാമപഞ്ചായത്തുകൾ

**സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് - നെടുമ്പന**

ജില്ലാതലം

| ക്ര.നമ്പർ | ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| 1. | തിരുവനന്തപുരം | ആര്യനാട് | കരകുളം |
| 2. | കൊല്ലം | കരവാളൂർ | ഇല്ല |
| 3. | ആലപ്പുഴ | ചെറിയനാട് | ഹരിപ്പാട് |
| 4. | ഇടുക്കി | വെള്ളത്തൂവൽ | ആലക്കോട് |
| 5. | തൃശ്ശൂർ | 1. വേളൂക്കര<br>2. അടാട്ട് | കടപ്പുറം |
| 6. | പാലക്കാട് | അകത്തേത്തറ | ശ്രീകൃഷ്ണപുരം |
| 7. | മലപ്പുറം | വണ്ടൂർ | ഇല്ല |
| 8. | കോഴിക്കോട് | നാദാപുരം | മാവൂർ |
| 9. | കണ്ണൂർ | ചെമ്പിലോട് | ചെറുതാഴം |
| 10. | വയനാട് | എടവക | ഇല്ല |

### 2008-09 ലെ മികച്ച ഗ്രാമപഞ്ചായത്തുകൾ

**സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് - അടാട്ട്**

ജില്ലാതലം

| ക്ര.നമ്പർ | ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | കരകുളം | ഇല്ല |
| 2 | കൊല്ലം | നെടുമ്പന | പൂതക്കുളം |
| 3 | കോട്ടയം | മുത്തോലി | ഇല്ല |
| 4 | പാലക്കാട് | ശ്രീകൃഷ്ണപുരം | അകത്തേത്തറ |
| 5 | മലപ്പുറം | പൊൻമുണ്ടം | ഇല്ല |
| 6 | കണ്ണൂർ | ചെമ്പിലോട് | അഞ്ചരക്കണ്ടി |

### മികച്ച ജില്ലാ പഞ്ചായത്തുകൾ

**2007-08**

ഒന്നാം സ്ഥാനം - ആലപ്പുഴ ജില്ലാ പഞ്ചായത്ത്
രണ്ടാം സ്ഥാനം - കണ്ണൂർ ജില്ലാ പഞ്ചായത്ത്

### മികച്ച ബ്ലോക്ക് പഞ്ചായത്തുകൾ

**2007-08**

ഒന്നാം സ്ഥാനം - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
രണ്ടാം സ്ഥാനം - ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
മൂന്നാം സ്ഥാനം - മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

**2008-09**

ഒന്നാം സ്ഥാനം - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
രണ്ടാം സ്ഥാനം - നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
മൂന്നാം സ്ഥാനം - കൊടകര ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

### മികച്ച മുനിസിപ്പാലിറ്റി

**2008-09**

ഒന്നാം സ്ഥാനം - ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട്
രണ്ടാം സ്ഥാനം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, എറണാകുളം

സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് സ്വരാജ്ട്രോഫിയും സാക്ഷ്യപത്രവും പ്രത്യേക പദ്ധതി സഹായധനമായി 25 ലക്ഷം രൂപയും ലഭിക്കും. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും പദ്ധതി സഹായധനമായി 10 ലക്ഷം രൂപ വീതവും ലഭിക്കും. രണ്ടാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും ട്രോഫിയും പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപ വീതവും ലഭിക്കും. ഒന്നാം സ്ഥാനം നേടുന്ന മുനിസിപ്പാലിറ്റിക്കും, ബ്ലോക്ക് പഞ്ചായത്തിനും ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വീതവും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 10 ല ക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കും. മികച്ച ജില്ലാ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നൽകുന്നു.



# 2007-08, 2008-09 വർഷങ്ങളിലെ മികച്ച തദ്ദേശസ്വയംഭരണ



# സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി വിതരണചടങ്ങിൽ നിന്ന്







പഞ്ചായത്ത്
ന്യൂസ് സർവ്വീസ്

**ഡോ. എം.എസ്. സ്വാമിനാഥൻ**
വിവ. ഡോ. എം.എസ്.ആർ. പിള്ള

# നമ്മുടെ അന്നവും ജലവും എങ്ങനെ സംരക്ഷിക്കാം?

## ഓരോ ഗ്രാമപഞ്ചായത്തിലും ഒരു സ്ത്രീയും ഒരു പുരുഷനും ക്ലൈമറ്റ് റിസ്ക് മാനേജരാകണം

ഭാരതത്തിൽ ശരാശരി താപനില ഉയർന്നാൽ നമ്മുടെ ഭക്ഷ്യസുരക്ഷയെയും ജലവിഭവങ്ങളേയും അത് വളരെ പ്രതികൂലമായി ബാധിക്കും. കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഉണ്ടാകാൻ സാദ്ധ്യതയുള്ള വിപത്തുകളിൽ നിന്ന് മോചനം ലഭിക്കുന്നതിനുള്ള തന്ത്രങ്ങൾ നമ്മുടെ എല്ലാ വികസന പരിപാടികളിലും നടപ്പുവർഷം ഉൾപ്പെടുത്തേണ്ടതുണ്ട്. ഇന്നുവരെ അന്തർദ്ദേശീയതലത്തിൽ കാലാവസ്ഥാ സംബന്ധമായി ഉണ്ടായിട്ടുള്ള എല്ലാ ഉടമ്പടികളിലും വികസ്വരരാഷ്ട്രങ്ങളിലെ സാമ്പത്തിക വളർച്ച ഒരേപോലെ ശക്തമായിത്തന്നെ നിലനിർത്തുന്നതിനായി കൂട്ടായ പോരാട്ടം നടത്തുന്ന കാര്യം അംഗീകരിച്ചിട്ടുള്ളതാണ്. ശരാശരി താപനിലയിൽ രണ്ട് ഡിഗ്രി സെൽഷ്യസിൽ കൂടുതൽ വർദ്ധന ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇപ്പോൾ ഹരിത ഗൃഹ വാതകങ്ങൾ പുറംതള്ളപ്പെടുന്നതിന്റെ അളവ് കണക്കാക്കിയാൽ, ഇന്നത്തെ നിലയിൽ അത് രണ്ട് ഡിഗ്രിയിൽ അധികമാകാതെ നിയന്ത്രിച്ചു നിർത്താൻ കഴിയുക എന്നതും അത്ര സുകരമായിരിക്കുമെന്നും തോന്നുന്നില്ല. അതുകൊണ്ട് താപനില രണ്ട് ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചാൽ ഏതെല്ലാം രാജ്യങ്ങളെ അത് പ്രതികൂലമായി ബാധിക്കും എന്ന് മനസ്സിലാക്കി നമുക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടേണ്ടിവരും.

താപനിലയിൽ രണ്ടു ഡിഗ്രി വർദ്ധനവുകൊണ്ട് ജലത്തിനടിയിൽ മുങ്ങിപ്പോകുന്ന ദ്വീപുകളും തീരപ്രദേശങ്ങളുമാണ്–ശാന്തസമുദ്രത്തിലുള്ള തവാലു എന്ന് അറിയപ്പെടുന്ന ചെറിയ ചെറിയ ദ്വീപുകളുടെ സമൂഹം, മാലദ്വീപ്, ആൻഡമാൻ–നിക്കോബാർ ദ്വീപുകൾ, പശ്ചിമബംഗാളിലെ സുന്ദരവനവും പിന്നെ കേരളത്തിലെ കുട്ടനാടൻ പ്രദേശവും. ഉത്തരേന്ത്യയിൽ ഗംഗയുടെ സമതലപ്രദേശങ്ങളിൽ വെള്ളപ്പൊക്കം രൂക്ഷമാകും. മറുവശത്ത്, വരൾച്ച കാരണം ഭക്ഷ്യവസ്തുക്കളുടെയും വെള്ളത്തിന്റെയും ദൗർലഭ്യവും രൂക്ഷമാകും.

**നമുക്ക് പരമാവധി കാർബൺ മണ്ണിൽ സംഭരിക്കേണ്ടതുണ്ട്. ഇങ്ങനെ ചെയ്താൽ ഭൂമിയിൽത്തന്നെ കാർബൺ ശേഖരം ഉണ്ടാകുകയും ഒരു കാർബൺ ബാങ്ക് രൂപംകൊള്ളുകയും ചെയ്യും. വിള സസ്യങ്ങളുടെ വേരുകൾക്ക് സമീപം പ്രതിവർഷം ഒരു ഹെക്ടറിന് ഒരു ടൺ എന്ന കണക്കിന് കാർബൺ നിക്ഷേപിച്ചാൽ നമ്മുടെ കാർഷികോത്പാദനത്തിൽ ആശാതീതമായ വർദ്ധനവ് ഉണ്ടാകും. കാരണം, മണ്ണിന്റെ ഉർവ്വരതയെ കാർബണിന്റെ കുറവാണ് പ്രതികൂലമായി ബാധിക്കുന്നത്.**

1989ലെ ജനീവ ലോക കാലാവസ്ഥാ സമ്മേളനത്തിൽ ശരാശരി താപനിലയിൽ ഒന്നോ രണ്ടോ ഡിഗ്രി സെൽഷ്യസ് വർദ്ധന ദക്ഷിണ ഏഷ്യയിലേയും ആഫ്രിക്കൻ ഉപസഹാറ പ്രദേശത്തെ രാജ്യങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്ന് ഞാൻ തന്നെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. 2009 സെപ്തംബറിൽ ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഭക്ഷ്യ-കൃഷി സംഘടന (എഫ്.എ.ഒ) പുറത്തിറക്കിയ ഒരു വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ ശരാശരി താപനിലയിൽ ഓരോ ഡിഗ്രി വർദ്ധനവും ഭാരതത്തിൽ ഗോതമ്പിന്റെ ഉത്പാദനത്തിൽ പ്രതിവർഷം 60 ലക്ഷം ടണ്ണിന്റെ കുറവ് വരുത്തുമെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. ഗോതമ്പിന്റെ ഇന്നത്തെ വിലയനുസരിച്ച് ഈ സാമ്പത്തിക നഷ്ടം കണക്കാക്കിയാൽ 150 കോടി ഡോളർ അതായത് 7500 കോടി രൂപയുടെ നഷ്ടം പ്രതിവർഷം സംഭവിക്കും. ഇതേ രീതിയിലുള്ള നഷ്ടം മറ്റു വിളകളിലും പ്രതീക്ഷിക്കാവുന്നതാണ്. ഇങ്ങനെ കണക്കാക്കിയാൽ ഭാരതത്തിലെ കർഷകർക്ക് ആകെക്കൂടി 2000 കോടിയിലധികം ഡോളറിന്റെ നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യത ഉണ്ട്. ഇതിനെ അഭി



മുഖീകരിക്കുക അത്ര എളുപ്പമുള്ള കാര്യമായിരിക്കില്ല. ഇതിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരിക ഗ്രാമീണ സ്ത്രീകൾക്കായിരിക്കും. കാരണം അവർക്ക് മൃഗപരിപാലനത്തിന് വെള്ളവും തീറ്റയും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതു കൂടാതെ കുടുംബത്തിന്റെ ഭാരവും. പരിപ്പ് പോലുള്ള അത്യാവശ്യ ഭക്ഷ്യവസ്തുക്കൾക്ക് വലിയ വിലക്കയറ്റം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള മുഖ്യകാരണം 2009ലെ വരൾച്ചയും വെള്ളപ്പൊക്കവുമായിരുന്നു. ചില സ്ഥലങ്ങളിൽ വരൾച്ച ബാധിച്ചും മറ്റു ചിലയിടങ്ങളിൽ വെള്ളംകയറിയും വിളവ് നശിച്ചുപോയിരുന്നു. പരിപ്പ്‌വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പഞ്ചസാര, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവ ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യപ്പെടാനാകുന്നില്ല. കാർഷിക വിപണനത്തിന് കർഷകരെ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പ്രദായം നിലവിലില്ലാത്തതുകാരണം ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റവും ഗ്രാമീണജനതയുടെ ദാരിദ്ര്യവും വർദ്ധിച്ചുവരുന്നു.

നമുക്ക് പരമാവധി കാർബൺ മണ്ണിൽ സംഭരിക്കേണ്ടതുണ്ട്. ഇങ്ങനെ ചെയ്താൽ ഭൂമിയിൽത്തന്നെ കാർബൺ ശേഖരം ഉണ്ടാകുകയും ഒരു കാർബൺ ബാങ്ക് രൂപംകൊള്ളുകയും ചെയ്യും. വിളസസ്യങ്ങളുടെ വേരുകൾക്ക് സമീപം പ്രതിവർഷം ഒരു ഹെക്ടറിന് ഒരു ടൺ എന്ന കണക്കിന് കാർബൺ നിക്ഷേപിച്ചാൽ നമ്മുടെ കാർഷികോത്പാദനത്തിൽ ആശാതീതമായ വർദ്ധനവ് ഉണ്ടാകും. കാരണം, മണ്ണിന്റെ ഉർവ്വരതയെ കാർബണിന്റെ കുറവാണ് പ്രതികൂലമായി ബാധിക്കുന്നത്. കാർബൺ നിക്ഷേപിക്കുന്നതോടൊപ്പം തന്നെ മണ്ണിന്റെ ഉർവ്വരത വർദ്ധിക്കുന്നു. ഉർവ്വരക വൃക്ഷങ്ങൾ ദശകോടിക്കണക്കിന് നട്ടുപിടിപ്പിക്കുന്നതിനുള്ള ഒരു മുന്നേറ്റം യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നടത്തേണ്ടിയിരിക്കുന്നു. മറുവശത്ത്, ബയോഗ്യാസ് പ്ലാന്റുകൾ വിപുലീകരിച്ച്, മൃഗപരിപാലനത്തിന്റെ ഭാഗമായി പുറംതള്ളപ്പെടുന്ന മിഥേൻ വാതകത്തെ തടയേണ്ടതുമാണ്. ഓരോ കൃഷിയിടത്തോടൊപ്പവും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാനും കുളങ്ങൾ നിർമ്മിക്കാനും കഴിഞ്ഞാൽ ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളൽ ലഘൂകരിക്കാൻ കഴിയുകയും ഊർജ്ജ-ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യും.

ഐക്യരാഷ്ട്ര സംഘടന 2010 ജൈവവൈവിധ്യ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വർഷം നമുക്ക് നമ്മുടെ വിളകളെ രണ്ടായി തരംതിരിക്കാം. ഒന്ന്, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ കഴിവുള്ളവ, രണ്ടാമത്തേത്, കാലാവസ്ഥയുടെ ദൂഷ്യവശങ്ങൾക്ക് അനായാസം വിധേയമാകുന്നവ. ഉദാഹരണത്തിന്, ഗോതമ്പ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ, നെല്ല്, പാടത്തിൽ വളരെക്കൂടുതൽ വെള്ളം കയറിയാൽപ്പോലും നന്നായി വളരുന്നതും ആദ്യവിഭാഗത്തിൽപെടുന്നതുമാണ്. ഉരുളക്കിഴങ്ങ് തുടങ്ങിയ വിളകളുടെ കാര്യത്തിലും പ്രശ്നങ്ങൾ ഉണ്ടായേയ്ക്കാം. കാരണം ഉത്തരേന്ത്യയിലെ സമതലപ്രദേശങ്ങളിൽ താപനില വർദ്ധിച്ചാൽ ഉരുളക്കിഴങ്ങിന്റെ രോഗവിമുക്തമായ വിത്തുകൾ സംഭരിക്കുക ദുഷ്കരമാകും. അപ്പോൾ പിന്നെ നമുക്ക് ഉരുളക്കിഴങ്ങും തക്കാളിയേപ്പോലെ അതിന്റെ അസ്സൽ വിത്തുകളിൽനിന്നും ഉത്പാദിപ്പിച്ചെടുക്കേണ്ടിവരും. ഇതിനുള്ള സാങ്കേതികവിദ്യ നമ്മുടെ കൈവശമുണ്ട്.

വിളകളുടെ രോഗ-കീടബാധകളുടെ കാര്യത്തിലും വ്യത്യാസം അനുഭവപ്പെടും. നമുക്ക് കാര്യക്ഷമമായ ഒരു അപകട നിവാരണ സമ്പ്രദായം (എമർജൻസി മാനേജ്മെന്റ് സിസ്റ്റം) വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ഭാരതീയ കൃഷി ഗവേഷണ കൗൺസിൽ (ഇൻഡ്യൻ അഗ്രികൾച്ചറൽ റിസേർച്ച് കൗൺസിൽ) രാജ്യത്ത് 127 കാർഷിക കാലാവസ്ഥാ സബ്ഡിവിഷനുകൾ കണ്ടെത്തിയിട്ടുണ്ട്. എല്ലാ സബ്ഡിവിഷനുകളിലും ഓരോ കാലാവസ്ഥാ പ്രതിസന്ധി നിവാരണ ഗവേഷണ പ്രചാരണ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഓരോ കേന്ദ്രത്തിലും വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പ് തന്നെ രൂപീകരിക്കണം. ബദൽ വിള സമ്പ്രദായങ്ങൾ, അടിയന്തര ഘട്ടങ്ങളിലേയ്ക്കുള്ള പദ്ധതികൾ, ബദൽ ഉത്പാദന പരിപാടികൾ എന്നിവ, ഇവർ ആ പ്രദേശങ്ങളിൽ വരൾച്ച, വെള്ളപ്പൊക്കം, ഉയർന്ന താപനില, തീരപ്രദേശങ്ങളിൽ സമുദ്രനിരപ്പ് ഉയരുക തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ഭീഷണി ഉയരുമ്പോൾ തയ്യാറാക്കി നൽകും.

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപന (ഐ.എസ്.ആർ.ഒ) ത്തിന്റെ സഹായത്തോടുകൂടി ഈ എല്ലാ 127 സ്ഥലങ്ങളിലും വില്ലേജ് റിസോഴ്സ് സെന്റർ (വി.ആർ.സി) അതായത് ഗ്രാമീണ വിഭവ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഭൗമശാസ്ത്ര മന്ത്രാലയത്തിന്റേയും ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെയും സഹകരണത്തോടുകൂടി ഓരോ ഗവേഷണ-പ്രചാരണ കേന്ദ്രത്തിലും ഓരോ കാർഷിക കാലാവസ്ഥാ കേന്ദ്രം സ്ഥാപിക്കപ്പെടുകയും ചെയ്യണം. ഇത് എല്ലാവർക്കുംവേണ്ടി കാലാവസ്ഥാ മുന്നറിയിപ്പുകൾ പ്രക്ഷേപണം ചെയ്യണം. കാലാവസ്ഥാ മാറ്റത്തേയും, സാധാരണ വിളകളെ അത് എങ്ങനെ ബാധിക്കുമെന്നതിനേയും കുറിച്ചും വിവിധ സാധ്യതകളെക്കുറിച്ചും കമ്പ്യൂട്ടർ മോഡലുകളുടെ സഹായത്തോടെ, ബന്ധപ്പെട്ട പ്രദേശത്തെ ഗ്രാമങ്ങളിൽ ധാന്യബാങ്കും വിത്ത് ബാങ്കും സ്ഥാപിക്കപ്പെടണം. തീരപ്രദേശങ്ങളെ, സമുദ്രനിരപ്പ് ഉയരുന്നതിൽ നിന്നും ഉണ്ടാകുന്ന പ്രതിസന്ധിയിൽ നിന്നും, കൂടെക്കൂടെ ഉണ്ടാകാറുള്ള കൊടുങ്കാറ്റിൽനിന്നും സുനാമിയിൽ നിന്നും സംരക്ഷിക്കുന്നതിന് സമുദ്രത്തിനും തീരപ്രദേശത്തിനും മദ്ധ്യേ മൈഗ്രോവ് ഇനത്തിലും അല്ലാത്ത ഇനങ്ങളിലുംപെട്ട വൃക്ഷങ്ങളെക്കൊണ്ട് കടൽഭിത്തി തീർക്കണം. ഇതോടൊപ്പം, സമുദ്രത്തിലെ ഉപ്പുവെള്ളത്തിലും, സമുദ്രനിരപ്പിൽനിന്നും താഴെയുള്ള കൃഷിയിടങ്ങളിലും കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും വേണം. ഓരോ ഗ്രാമപഞ്ചായത്തിലും ഒരു സ്ത്രീയേയും പുരുഷനേയും ക്ലൈമറ്റ് റിസ്ക് മാനേജർ (കാലാവസ്ഥാ അപകടഭീഷണി നിവാരണ ഉദ്യോഗസ്ഥൻ)ക്കുള്ള പരിശീലനം നൽകി നിയമിക്കണം. പാരമ്പര്യ അറിവുകളെ ആധുനിക കാലാവസ്ഥാപഠനവുമായി സംയോജിപ്പിച്ച് കാലാവസ്ഥയെക്കുറിച്ചുള്ള അറിവുകൾ ലഭ്യമാക്കുകയും, അവ ഗ്രാമീണർക്ക് നൽകുകയും ചെയ്യുന്നത് അവരുടെ ഉത്തരവാദിത്വമായിരിക്കുകയും വേണം. ■

*ലേഖകൻ ലോകപ്രശസ്തനായ കൃഷിശാസ്ത്രജ്ഞനാണ്. ഇപ്പോൾ രാജ്യസഭാംഗവുമാണ്.*

*കടപ്പാട്: നവഭാരത് ടൈംസ്/09-01-2010.*



# പ്രാദേശിക വികസനം ജൈവവൈവിധ്യ സംരക്ഷണത്തിലൂടെ

**അജിത് വെണ്ണിയൂർ**



ഏതു വികസനപദ്ധതിയുടേയും വിജയം അതിന്റെ സുസ്ഥിരതയെ ആശ്രയിച്ചിരിക്കുന്നു. ഒരു വികസന പ്രശ് നത്തിനുള്ള പരിഹാരം മറ്റൊരു പ്രശ്നത്തിന് ഇടയാക്കുന്നുവെങ്കിൽ അത് സുസ്ഥിരമായ വികസനമല്ല. പ്രകൃതിവിഭവങ്ങളുടെ ശോഷണത്തിന് ഇടയാക്കുന്ന വികസനപദ്ധതികൾ മനുഷ്യരാശിയുടെ നിലനില്പിനെ തന്നെ അപകടത്തിലാക്കുമെന്ന് നാം കണ്ടുകഴിഞ്ഞു.

കേരളത്തിലെ പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിന്റെ പ്രധാന പ്രത്യേകത ഓരോ ചെറുപ്രദേശത്തിന്റെയും ഭൂപ്രകൃതി, സ്ഥലജല വിഭവസാധ്യതകൾ, ജനകീയാവശ്യങ്ങൾ എന്നിവ കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ സ്വയം ആസൂത്രണം ചെയ്യാൻ ജനങ്ങൾക്ക് അവസരമുണ്ടാക്കുന്നു എന്നതാണ്. ജനകീയാസൂത്രണവും അതിന്റെ തുടർച്ചയായി വന്ന കേരള വികസന പദ്ധതിയും വഴി ഇത്തരത്തിൽ നാം ഒട്ടേറെ പദ്ധതികൾക്ക് രൂപംനൽകുകയും മാതൃകകൾ സൃഷ്ടിക്കുകയും ചെയ്തു.

സന്തുലന വികസനം സാധ്യമാകണമെങ്കിൽ ജൈവവൈവിധ്യത്തിന്റെ സന്തുലനം സംരക്ഷിച്ചേ മതിയാകൂ. വികസന പ്രവർത്തനങ്ങൾ പരസ്പരപൂരകമാകാൻ ജൈവവൈവിധ്യസംരക്ഷണത്തിലധിഷ്ഠിതമായ ഒരു പുതിയ സമീപനം അനിവാര്യമാണ്. ഈ ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകൃതമായ ജൈവവൈവിധ്യ ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് പരിശീലനം നൽകുന്ന 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലൂടെ പ്രാദേശിക ഭരണകൂടങ്ങളുടെ സാരഥികൾക്കായി ജൈവവൈവിധ്യത്തെക്കുറിച്ചുള്ള പഠന പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്.

## ജൈവവൈവിധ്യവും വികസനവും

ആഹാരം, പാർപ്പിടം, ആരോഗ്യം മുതലായ മനുഷ്യന്റെ ഒട്ടുമിക്ക ആവശ്യങ്ങളും നിറവേറ്റുന്നത് ജൈവവൈവിധ്യത്തിൽ നിന്നും എടുക്കുന്ന വസ്തുക്കൾ കൊണ്ടാണ്. ശുദ്ധമായ വായു, സ്വച്ഛമായ പരിസരം തുടങ്ങിയ മറ്റാവശ്യങ്ങളും ജൈവവൈവിധ്യത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വിള ഉൽപാദനം വർദ്ധിപ്പിക്കുക, വിവിധയിനം പച്ചക്കറി-പഴവർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുക എന്നിങ്ങനെയുള്ള അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമായും സസ്യവൈവിധ്യമാണ് പ്രയോജനപ്പെടുത്തുന്നത്. കൂടുതൽ പാൽ ഉൽപാദിപ്പിക്കുക, നല്ല മാംസാഹാരം സുലഭമായി ലഭ്യമാക്കുക തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് ജന്തുജൈവവൈവിധ്യം അനിവാര്യമാണ്. ആരോഗ്യവികസന രംഗത്ത് ജൈവവൈവിധ്യത്തിന്റെ ഇന്നത്തെ ഉപയോഗം അതിവിപുലമാണ്. ജൈവസാങ്കേതിക വിദ്യയുടെ ആധാരം





തന്നെ ജൈവവൈവിധ്യമാണല്ലോ. ആയിരക്കണക്കിന് ഔഷധങ്ങളാണ് ജൈവസമ്പത്തിൽ നിന്ന് ഇന്ന് ഉൽപാദിപ്പിക്കുന്നത്. അതുപോലെതന്നെ, നൂറു കണക്കിന് ചെടികളെയും ജന്തുക്കളെയും വിവിധ ഘട്ടങ്ങളിലെ പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും വിധേയമാക്കിക്കൊണ്ട് പുതിയ പുതിയ വസ്തുക്കൾ ഉൽപാദിപ്പിക്കാനുള്ള വികസനോന്മുഖമായ പ്രവർത്തനം ലോകമെമ്പാടും നടന്നുവരികയും ചെയ്യുന്നു.

**അമിത ചൂഷണം ആപത്ത്**

അതേസമയം വികസന പ്രവർത്തനങ്ങൾക്കായി പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണാം. ഇന്ന് നാം അനുഭവിക്കുന്ന ജലക്ഷാമം, കാലാവസ്ഥയിലെ മാറ്റങ്ങൾ, പരിസര മലിനീകരണം മൂലമുള്ള രോഗങ്ങൾ, കാർഷിക വിളകളുടെ നാശം തുടങ്ങിയ പല പ്രധാന പ്രശ്നങ്ങളുടെയും മൂലകാരണം ഇത്തരത്തിലുള്ള ദീർഘവീക്ഷണമില്ലാത്ത പ്രവൃത്തികളാണ്. അതിനാൽ ഓരോ വികസന പ്രവർത്തനവും ആസൂത്രണം ചെയ്യുമ്പോൾ അത് പ്രകൃതിയിലെ ജൈവസമ്പത്തിനെയും ജൈവവൈവിധ്യത്തെയും എങ്ങനെ ബാധിക്കുമെന്നും അവ നഷ്ടപ്പെടാതെ എങ്ങനെ നമ്മുടെ വികസനാവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്നും ചിന്തിക്കണം. റോഡ്, കെട്ടിടങ്ങൾ, അണക്കെട്ട്, വ്യവസായ ശാലകൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നമ്മുടെ വനം, വയൽ, തോട്, പുഴകൾ, കാവുകൾ തുടങ്ങിയവയെ സംരക്ഷിച്ചുകൊണ്ട് അവ എങ്ങനെ നടപ്പാക്കാം എന്ന് ആലോചിക്കണം. വികസനം സുസ്ഥിരവും ആത്യന്തികമായി ജനോപകാരപ്രദവുമാവണമെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകണം. ചുരുക്കത്തിൽ നമ്മുടെ ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്നതാവണം വികസന പ്രവർത്തനങ്ങൾ. അതിന് ജൈവസമ്പത്തിന്റെ കണക്കെടുപ്പും സൂക്ഷ്മ നിരീക്ഷണവും അനിവാര്യമാണ്.

**ജൈവവൈവിധ്യം;**
**പ്രയോജനങ്ങൾ**

പരസ്പരാശ്രയമാണ് ജീവജാലങ്ങളുടെ നിലനില്പിന് അടിസ്ഥാനം. എല്ലാ ആവാസവ്യവസ്ഥയിലും ഉൽപാദകർ ഹരിതസസ്യങ്ങളാണ്. അവയെ നേരിട്ടോ അല്ലാതെയോ ഭക്ഷിച്ച് ജന്തുക്കൾ ജീവിക്കുന്നു. സസ്യങ്ങളും ജന്തുക്കളും ചത്തൊടുങ്ങുമ്പോൾ അവയെ വിഘടിപ്പിക്കുന്നതും, ജീർണ്ണിപ്പിക്കുന്നതും സൂക്ഷ്മജീവികളാണ്.

**ജൈവവൈവിധ്യം മാനവരാശിക്ക് പ്രത്യക്ഷമായും പരോക്ഷമായും അനവധി പ്രയോജനങ്ങൾ നൽകുന്നു. ആഹാരം, ഇന്ധനം, ഔഷധങ്ങൾ, സുഗന്ധവസ്തുക്കൾ, എണ്ണ, പശ, മെഴുക്, പ്രകൃതിജന്യമായ ചായങ്ങൾ, നാരുകൾ, ജൈവകീടനാശിനികൾ, രാസ സംയുക്തങ്ങൾ, തേൻ, വന്യമൃഗ ഉത്പന്നങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ജൈവസമ്പത്തിൽ നിന്നാണ്. കാലാവസ്ഥാ നിയന്ത്രണം, മണ്ണുസംരക്ഷണവും പരിപാലനവും, പരാഗണ പ്രക്രിയകൾ, വിത്തുവിതരണ പ്രക്രിയകൾ, ഇക്കോടൂറിസം, ശാസ്ത്രീയ ഗവേഷണം എന്നിവയൊക്കെയാണ് ജൈവവൈവിധ്യത്തിന്റെ പരോക്ഷമായ പ്രയോജനങ്ങൾ. മനുഷ്യരാശിയുടെ നിലനില്പിന് അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്ന ആഹാര സുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തിക സുരക്ഷ എന്നിവ ജൈവവൈവിധ്യങ്ങളിലധിഷ്ഠിതമാണ്.**

ജൈവവൈവിധ്യം മാനവരാശിക്ക് പ്രത്യക്ഷമായും പരോക്ഷമായും അനവധി പ്രയോജനങ്ങൾ നൽകുന്നു. ആഹാരം, ഇന്ധനം, ഔഷധങ്ങൾ, സുഗന്ധവസ്തുക്കൾ, എണ്ണ, പശ, മെഴുക്, പ്രകൃതിജന്യമായ ചായങ്ങൾ, നാരുകൾ, ജൈവകീടനാശിനികൾ, രാസ സംയുക്തങ്ങൾ, തേൻ, വന്യമൃഗ ഉത്പന്നങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ജൈവസമ്പത്തിൽ നിന്നാണ്. കാലാവസ്ഥാ നിയന്ത്രണം, മണ്ണുസംരക്ഷണവും പരിപാലനവും, പരാഗണ പ്രക്രിയകൾ, വിത്തുവിതരണ പ്രക്രിയകൾ, ഇക്കോടൂറിസം, ശാസ്ത്രീയ ഗവേഷണം എന്നിവയൊക്കെയാണ് ജൈവവൈവിധ്യത്തിന്റെ പരോക്ഷമായ പ്രയോജനങ്ങൾ. മനുഷ്യരാശിയുടെ നിലനില്പിന് അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്ന ആഹാര സുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തിക സുരക്ഷ എന്നിവ ജൈവവൈവിധ്യങ്ങളിലധിഷ്ഠിതമാണ്. അതുകൊണ്ടാണ് ജൈവസംരക്ഷണം മാനവരാശിയുടെ സംരക്ഷണം തന്നെ ആയി പരിഗണിക്കുന്നത്.

**ജൈവവൈവിധ്യ ശോഷണം**

നമ്മുടെ ജൈവവൈവിധ്യം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുന്നു. ജനസാന്ദ്രതയുടെ വർദ്ധനമൂലം വീട്ടുവളപ്പുകളുടെ ദ്രുതഗതിയിലുള്ള വിഭജനവും, പാടശേഖരങ്ങളുടെ നികത്തലും വർധിച്ചുവരുന്നത് ജൈവവൈവിധ്യത്തെയും പരിസ്ഥിതിയേയും ബാധിച്ചിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധന രീതികൾ, അമിതമായ മണൽവാരൽ, പുഴയിലേയ്ക്കുള്ള മാലിന്യവിസർജ്ജനം, ആവാസവ്യവസ്ഥയുടെ ശോഷണം എന്നിവ പല മത്സ്യങ്ങളെയും വംശനാശ ഭീഷണിയിലെത്തിക്കുന്നു. കൊമ്പിനു വേണ്ടിയുള്ള ആനവേട്ട, ആനകളുടെ വംശവർദ്ധനവിനേയും ഇവയുടെ നിലനില്പിനെ തന്നെയും ബാധിക്കുന്നു.

കാടിനെ നാടാക്കുകയും നാടിനെ മെരുക്കുകയും ചെയ്തതുമൂലം ഒട്ടേറെ ജീവിവൈവിധ്യം നമുക്ക് നഷ്ടമായി. അനേകം തനതു ജൈവജാതികൾ ഉന്മൂല നാശത്തിന്റെ വക്കിലെത്തിനിൽക്കുന്നു. കടലിൽനിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ കാര്യത്തിലും ശുദ്ധജലത്തിന്റെ കാര്യത്തിലും കുറവു വന്നിട്ടുണ്ട്. മത്സ്യവും വെള്ളവും നമ്മൾ എടുക്കുംതോറും പ്രകൃതി പുനരുദ്ധാരണം വഴി ആ കുറവ് ഇല്ലാതാക്കിക്കൊള്ളുമെന്നാണ് നമ്മുടെ ധാരണ. അതുകൊണ്ട് ഈ വിഭവങ്ങളെ വെറുതെ കിട്ടുന്ന സമ്മാനമായാണ് പലരും കണക്കാക്കുന്നത്. മാത്രമല്ല, അവയുടെ ലഭ്യതയിലെ കുറവ് ചൂഷണത്തിനുപയോ











ഗിക്കുന്ന സാങ്കേതിക വിദ്യയുടെ അപര്യാപ്തതയാണെന്നുവരെ നാം തെറ്റിദ്ധരിച്ചിരിക്കുന്നു.

**പതിയിരിക്കുന്ന ആപത്തുകൾ**

1980കളിൽ ലോകമെമ്പാടും മത്സ്യക്കൊയ്ത്ത് പരമാവധി ഉയർന്നു. പിന്നീടത് കുറയാൻ തുടങ്ങി. ആവശ്യം കൂടുന്നതേയുള്ളൂ, കുറയുന്നില്ല. എന്നാൽ ഉൽപാദനത്തിലെ കുറവ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ പാപ്പരാക്കി. മനുഷ്യരാശിക്ക് വിതരണം ചെയ്യപ്പെടുന്ന ശുദ്ധജലത്തിന്റെ നാലിലൊന്ന് ഇന്ന് അമിതമായ അളവിൽ ഉപയോഗിക്കപ്പെടുകയാണ്. ആ പ്രദേശങ്ങളിലെ നദികൾക്ക് അത്രയും വെള്ളം തുടർന്നു നൽകാനുള്ള ശേഷിയില്ല എന്നത് ഒരു വസ്തുതയാണ്. ഈ കുറവു നികത്താൻ വേറെ ഏതെങ്കിലും നദീതടങ്ങളിൽ നിന്നും വെള്ളം തിരിച്ചുവിടേണ്ടി വരുന്നു. അതല്ലെങ്കിൽ ഭൂഗർഭ സ്രോതസ്സുകളിൽ നിന്ന് ചൂഷണം ചെയ്യണം. അങ്ങനെയുണ്ടാകുന്ന കുറവ് ഒരിക്കലും നികത്തപ്പെടുന്നില്ലല്ലോ. രണ്ടായാലും ജല ഉപഭോഗം ഇപ്പോഴത്തെ നിലയിൽ തുടർന്നുപോയാൽ ഇതര ജൈവസമൂഹങ്ങൾക്കും നൈസർഗിക വ്യവസ്ഥകൾക്കും വരുംകാല തലമുറകൾക്കും വെള്ളം ലഭിക്കാതിരിക്കുന്ന സ്ഥിതി സംജാതമാകും.

പ്രകൃതിയിൽ ജലശുദ്ധീകരണം നടത്തുന്ന നൈസർഗിക അരിപ്പകളാണ് ചതുപ്പുനിലങ്ങൾ. നികത്തലും മലിനീകരണവും മൂലം അവയ്ക്കുണ്ടായ നാശം മനുഷ്യന്റെ ആരോഗ്യത്തെയും മത്സ്യസമ്പത്തിനെയും ഒരുപോലെ പ്രതികൂലമായി ബാധിച്ചു. ആവാസവ്യവസ്ഥകൾക്ക് പ്രാദേശിക കാലാവസ്ഥയെ സ്ഥിരമായ അവസ്ഥയിൽ നിലനിർത്താനുള്ള കഴിവ് നഷ്ടപ്പെട്ടുവരികയാണ്. ഉദാഹരണമായി വനനശീകരണവും സസ്യാവരണശോഷണവും ഉഷ്ണമേഖലാ പ്രദേശങ്ങളിൽ മഴ കുറയാൻ കാരണമായിട്ടുണ്ട്. പ്രകൃതിനാശം പ്രാണികളുടെ നാശത്തിനു കാരണമാകുന്നു. അങ്ങനെ പലവിധ ചെടികൾക്കും പരാഗവാഹികളായ പ്രാണികളെ ലഭിക്കാതാകുകയും തന്മൂലം ഉൽപാദനപ്രക്രിയ തന്നെ തടസ്സപ്പെടുകയും ചെയ്യുന്നു.

പ്രകൃതിദുരന്തങ്ങളിൽ നിന്ന് മനുഷ്യസമൂഹങ്ങൾക്ക് പലപ്പോഴും സംരക്ഷണം നല്കിപ്പോന്ന പല നൈസർഗിക ആവാസവ്യവസ്ഥകളും ഇല്ലാതായിട്ടുണ്ട്. അമിത മഴയില്ലാത്ത അവസരത്തിൽ പോലും പലയിടത്തും വെള്ളപ്പൊക്കങ്ങളും പ്രളയവും വർദ്ധിച്ചുവരുന്നതായി കാണാം. ഭൂവിനിയോഗത്തിൽ വന്ന മാറ്റവും, വനനശീകരണവും ചതുപ്പുനിലങ്ങളുടെ അഭാവവുമാണ് ഇതിന് കാരണങ്ങളെന്ന് വിവിധ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വെള്ളം ഒഴുകിപ്പോകേണ്ട ചാലുകൾക്ക് വീതി കുറയുകയും വെള്ളം ഒഴുകിച്ചെന്ന് കിടക്കേണ്ട പ്രദേശങ്ങൾ നികത്തുകയും ചെയ്യുന്നത് വെള്ളപ്പൊക്കത്തിന് കാരണമായിട്ടുണ്ട്.

**ഭീതിജനകമായ പ്രവചനങ്ങൾ**

ലക്ഷ്യബോധമില്ലാതെയുള്ള അമിതോപയോഗവും പ്രത്യക്ഷമോ പരോക്ഷമോ ആയ മറ്റ് ഇടപെടലുകളുമാണ് ജൈവവൈവിധ്യ നാശത്തിന്റെ അടിസ്ഥാന കാരണങ്ങൾ. നേരിട്ടുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവയാണ് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകൾ. മറ്റു രാജ്യങ്ങളിൽ നിന്ന് കൊണ്ടുവന്നതോ കുടിയേറുന്നതോ ആയ പുതിയ ജീവജാലങ്ങൾ, പരിസ്ഥിതി മലിനീകരണം, കാലാവസ്ഥാ മാറ്റം, പ്രത്യേക ഇനം ജീവജാലങ്ങളുടെ അമിതോപയോഗം, കൃഷി-വനവൽക്കരണ രംഗത്തെ പുതിയ പ്രവണതകൾ തുടങ്ങിയവ ഇതിന് ആക്കം കൂട്ടുന്നു. ഈ സ്ഥിതി തുടർന്നാൽ വരുംകാലങ്ങളിൽ വർദ്ധിച്ച തോതിൽ നാശം സംഭവിക്കുമെന്നാണ് ശാസ്ത്രജ്ഞരുടെ അനുമാനം.

ആഗോളതാപ വർദ്ധന മൂലം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതിനും സമുദ്രനിരപ്പ് ഉയരുന്നതിനും ഇത് കാരണമാകും. ചില പ്രദേശങ്ങളിലെ ജൈവവൈവിധ്യം ഉന്മൂലനം ചെയ്യപ്പെടുന്നതിന് ഇത് ഇടവരുത്തും. ഇത്തരം അറിവുകൾ ജൈവവൈവിധ്യ സംരക്ഷണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ നമ്മെ നിർബന്ധിതരാക്കിയിരിക്കുകയാണ്. മാനവരാശിയുടെ തന്നെ നിലനില്പിന് ജൈവവൈവിധ്യം നിലനിർത്തേണ്ടത് അത്യാവശ്യമാണെന്ന വസ്തുത നിരന്തരമായ ബോധവത്കരണത്തിലൂടെ ജനമധ്യത്തിൽ എത്തിക്കേണ്ടിയിരിക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൗത്യം**

ഈ പശ്ചാത്തലത്തിൽ നമ്മുടെ ജൈവ ജനിതക സ്രോതസ്സുകളെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് അപഗ്രഥിക്കേണ്ടത് ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര ഉപയോഗം ഉറപ്പുവരുത്തുന്നതിനും അനിവാര്യമാണ്. ഇതിന് ആദ്യം വേണ്ടത് നമ്മുടെ ജൈവവൈവിധ്യത്തെകുറിച്ചുള്ള വിശദമായ അറിവും അതിന്റെ വ്യാപനവുമാണ്. വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനതല ആസൂത്രണ, നിർവഹണ ഏജൻസി എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള ജൈവവൈവിധ്യ ബോർഡ് സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ, നഗരങ്ങളിൽ രൂപം നൽകുന്ന ജൈവവൈവിധ്യ പരിപാലന സമിതികൾ വഴി ഈ ദൗത്യം ഏറ്റെടുക്കേണ്ടതുണ്ട്.

പ്രകൃതിസമ്പത്തിനെ സംരക്ഷിച്ചും അവയെ പരിപോഷിപ്പിച്ചും കൊണ്ടുള്ള വികസന പ്രവർത്തനങ്ങളിലൂടെ കേരളത്തെ സമ്പുഷ്ടമാക്കാനുള്ള ഒരു പുതിയ മുന്നേറ്റത്തിന് ഇത് അടിത്തറയൊരുക്കും. ■



*ലേഖകൻ കെ.എസ്.യു.ഡി.പിയിൽ ഐ.ഇ.സി. എക്സ്പെർട്ടാണ്*

# വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്തു

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്തു. (25.02.2010-ലെ ജി.ഒ.(പി) 2/2010 Law നമ്പർ ഉത്തരവ്) 29.02.2008-പുറപ്പെടുവിച്ച ഈ ചട്ടങ്ങൾ 2008-ലും 2009-ലും ഇതിനു മുമ്പ് ഭേദഗതി ചെയ്തിരുന്നു.

**പ്രധാന ഭേദഗതികൾ**

- വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് പ്രദേശത്തെയും നഗര പ്രദേശത്തെയും സംബന്ധിച്ച് വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയിരിക്കു മെന്ന് ഭേദഗതി ചെയ്തു. മുമ്പ് നഗര പ്രദേശത്തെ രജിസ്ട്രാർ ജനറൽ റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗര കാര്യം) ആയിരുന്നു.
- വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടം സമർപ്പിക്കുമ്പോൾ അതിനൊപ്പം ഭാര്യാഭർത്താക്കൻമാരുടെ രണ്ട് സെറ്റ് ഫോട്ടോഗ്രാഫുകൾ സമർപ്പിക്കണമെന്ന വ്യവസ്ഥ ഒരു സെറ്റ് ഫോട്ടോഗ്രാഫ് എന്ന് ഭേദഗതി ചെയ്തു.
- 2008 ഫെബ്രുവരി 29-ന് മുമ്പ് നടന്ന വിവാഹങ്ങൾ പിഴ കൂടാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി 2010 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു.
- വിവാഹ രജിസ്ട്രേഷൻ ഫീസ് 10/- രൂപയെന്നത് 100/- രൂപയാക്കി. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും പട്ടികജാതി/പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവരും 10/- രൂപ നൽകിയാൽ മതിയാകും.
- ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മരിച്ചുപോയ സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹം നടന്നു എന്ന് തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം മെമ്മോറാണ്ടം സമർപ്പിച്ചാൽ രജിസ്ട്രേഷൻ നടത്താം.
- മെമ്മോറാണ്ടം ലഭിച്ച ശേഷം രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ച നടപടിക്രമം താഴെപറയും പ്രകാരം ഭേദഗതി ചെയ്തു.
  - ❖ മെമ്മോറാണ്ടവും ഫീസും ലഭിച്ചാൽ ഉൾക്കുറിപ്പുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിച്ച ശേഷം വിശദവിവരം രജിസ്റ്ററിൽ ചേർക്കണം.
  - ❖ രജിസ്ട്രേഷൻ നടത്തുന്നതിനു മുമ്പ് ഭാര്യാഭർത്താക്കൻമാർ നേരിട്ട് ഹാജരായി രജിസ്റ്ററിൽ ഒപ്പുവയ്ക്കണം. ഇപ്രകാരം ഒപ്പുവച്ചതുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്തതായി പരിഗണിക്കില്ല.
  - ❖ വിവാഹം രജിസ്റ്റർ ചെയ്തു എന്ന് രേഖപ്പെടുത്തി രജിസ്ട്രാർ ഒപ്പും മുദ്രയും പതിച്ചാൽ മാത്രമേ വിവാഹം രജിസ്റ്റർ ചെയ്തതായി കണക്കാക്കു.
  - ❖ കഴിയുന്നതും മെമ്മോറാണ്ടം ലഭിക്കുന്ന ദിവസം തന്നെ രജിസ്ട്രേഷൻ നടത്തണം.
  - ❖ മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടായാൽ രജിസ്ട്രാർക്ക് അന്വേഷണം നടത്താവുന്നതും മെമ്മോറാണ്ടം സമർപ്പിച്ച തീയതി മുതൽ ഒരാഴ്ചയ്ക്കകം രജിസ്ട്രേഷൻ നടത്തുകയോ രജിസ്ട്രേഷൻ നടത്താവുന്നതല്ലെന്ന തീരുമാനം കക്ഷികളെ അറിയിക്കുകയോ ചെയ്യേണ്ടതുമാണ്.
  - ❖ വിവാഹം രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ 3 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകണം. ഫീസായി 20/- രൂപ ഈടാക്കാവുന്നതാണ്. മുമ്പ് ഫീസ് 5/- രൂപ ആയിരുന്നു.
- വിവാഹ സർട്ടിഫിക്കറ്റിൽ ഭാര്യാഭർത്താക്കൻമാരുടെ ഫോട്ടോ പതിക്കുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കി.

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*


**Statement about ownership and other particulars about the Panchayat Raj (monthly) to be published in the first issue every year after the last day of February - Form IV (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of the Publication | : | Monthly |
| 3. | Printer's Name | : | K.R. Muraleedharan IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 4. | Publisher's Name | : | K.R. Muraleedharan IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 5. | Editor's Name | : | K.R. Muraleedharan IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 6. | Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

I, K.R. Muraleedharan IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
1-3-2010

Sd/-
Director of Panchayats

ജി. സാജൻ

# ഗ്രീൻ കേരള എക്സ്പ്രസ് സംപ്രേഷണം ആരംഭിച്ചു

ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റിഷോ ഗ്രീൻ കേരള എക്സ്പ്രസ് തിരുവനന്തപുരം ദൂരദർശനിൽ സംപ്രേഷണം ആരംഭിച്ചു.

ദൂരദർശന്റെ ഭൂതല ചാനലിൽ വൈകിട്ട് 5.05നും ഉപഗ്രഹചാനലിൽ രാത്രി 8.30നും ഗൾഫ് മേഖലയിലുള്ള പ്രേഷകർക്കായി രാത്രി 11 മണിക്കും (ഇന്ത്യൻ സമയം) ആണ് സംപ്രേഷണം നടക്കുന്നത്.

നവീനമായ ഈ പരിപാടിയുടെ ഔദ്യോഗികമായ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഫെബ്രുവരി 15 ന് നിർവഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രതിപക്ഷ ഉപനേതാവ് ജി. കാർത്തികേയൻ തെന്നിൻഡ്യയിലെ പ്രമുഖ സിനിമാതാരം പത്മപ്രിയ എന്നിവരും പങ്കെടുത്തു.

ഗ്രീൻകേരള എക്സ്പ്രസിന്റെ ഒന്നാംഘട്ടത്തിൽ 48 പഞ്ചായത്തുകളാണ് വ്യത്യസ്തമായ വികസന പരീക്ഷണങ്ങളുമായി രംഗത്തു വന്നത്. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടറും ഇന്ത്യയിലെ പ്രമുഖ ധനശാസ്ത്രജ്ഞനുമായ ഡോ. കെ.പി. കണ്ണൻ പ്രമുഖ സാങ്കേതിക വിദഗ്ദ്ധനും സാമൂഹിക പ്രവർത്തകനുമായ ഡോ. ആർ.വി.ജി. മേനോൻ, കൃഷി വിദഗ്ദ്ധനായ ആർ. ഹേലി, കണ്ണൂർ സർവ്വകലാശാല നരവംശ ശാസ്ത്ര വിഭാഗം മേധാവി ഡോ. വിനീതാ മേനോൻ, പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ. എം.കെ. പ്രസാദ്, വികേന്ദ്രീകൃത വികസനാസൂത്രണ രംഗത്തെ വിദഗ്ദ്ധയായ നിർമ്മല സാനു ജോർജ് എന്നിവർക്കൊപ്പം തെന്നിന്ത്യയിലെ പ്രമുഖ നടിയും ഇന്ത്യൻ ലാ സ്ക്കൂൾ ഗ്രാഡ്വേറ്റുമായ പത്മപ്രിയ, സുഗതകുമാരി, ഡോ. ജോർജ് ഓണക്കൂർ, സി.പി. നായർ, ജെ. ലളിതാംബിക എന്നിവരട




*ഗ്രീൻ കേരള സോഷ്യൽ റിയാലിറ്റി ഷോയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിക്കുന്നു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി, ധനശാസ്ത്രജ്ഞൻ കെ.പി. കണ്ണൻ, സിനിമാതാരം പത്മപ്രിയ തുടങ്ങിയവർ സമീപം*

## ഗ്രീൻ കേരള എക്സ്പ്രസ്: വലിയൊരു പരീക്ഷണം



**"ആസൂത്രണ വികേന്ദ്രീകരണത്തിൽ മുകളിൽ നിന്ന് താഴേയ്ക്കുള്ള ആശയവിനിമയത്തോടൊപ്പം താഴെ നിന്ന് മുകളിലേയ്ക്കുള്ള ആശയ വിനിമയവും അനിവാര്യമാണ്. ഇതിനായി മുഖ്യധാരാ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിനുള്ള വലിയൊരു പരീക്ഷണമാണ് ഗ്രീൻ കേരള എക്സ്പ്രസ്. തദ്ദേശ ഭരണവകുപ്പും ദൂരദർശനും ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്. ഒന്നാം സ്ഥാനം നേടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു കോടി രൂപയും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനത്തിന് 50 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനത്തിന് 25 ലക്ഷം രൂപയും സമ്മാനം നൽകുന്നതാണ്. രണ്ടാം റൗണ്ടിൽ പ്രവേശിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം 10 ലക്ഷം രൂപ വീതം നൽകും. ഈ മാതൃകകളിൽ നിന്ന് കേരളത്തിന് പഠിക്കാം."**

*2010 മാർച്ച് 5ന് ധനകാര്യവകുപ്പ് മന്ത്രി*
*ഡോ. ടി.എം. തോമസ് ഐസക് കേരള നിയമസഭയിൽ*
*അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിൽ നിന്ന്*





ങ്ങുന്ന വിപുലമായ ഒരു പാനലാണ് പഞ്ചായത്തുകളെ വിലയിരുത്തുന്നത്. ഇതോടൊപ്പം വിവിധ വികസനമേഖലകളിലെ വിദഗ്ദ്ധരും മാധ്യമപ്രവർത്തകരും പഞ്ചായത്തുകളെ വിലയിരുത്താനെത്തി.

വ്യത്യസ്തവും നവീനവുമായ ഏറെ വികസന ചിത്രങ്ങളാണ് ഈ പരമ്പരയിലൂടെ ഇതൾ വിരിയുന്നത്. പൂർണ ജൈവ ഗ്രാമമാകാൻ പരിശ്രമിക്കുന്ന തൃശൂർ ജില്ലയിലെ അടാട്ട്, ജലസംരക്ഷണത്തിൽ നവീന മാതൃകകൾ സൃഷ്ടിക്കുന്ന കാസർഗോഡ് ജില്ലയിലെ മടിക്കൈ, ആദിവാസി വിദ്യാഭ്യാസരംഗത്ത് നിർണായകമാറ്റം വരുത്തിയ വയനാട്ടിലെ വെള്ളമുണ്ട, മുന്നൂറിലേറെ കിടപ്പുരോഗികൾക്ക് സാന്ത്വനവുമായെത്തുന്ന ആലപ്പുഴയിലെ മുഹമ്മ, ദാരിദ്ര്യ നിർമ്മാർജന രംഗത്ത് പുതിയ പടവുകൾ കയറുന്ന കണ്ണൂരിലെ മാങ്ങാട്ടിടം, സമതല പ്രദേശത്തും കോളിഫ്ളവർ വിരിയും എന്നു തെളിയിച്ച കോഴിക്കോട് കടലുണ്ടി, സ്വന്തമായി ഒരേക്കർ കാവ് സംരക്ഷിക്കുന്ന കണ്ണൂരിലെ കാങ്കോൽ-ആലപ്പടമ്പ, ശുചിത്വ നിർമ്മാർജ്ജനത്തിന്റെ വികേന്ദ്രീകൃത മാതൃകയുമായി തൃശൂർ ജില്ലയിലെ കൊരട്ടി, ഊർജ്ജ സേനയുമായി ഏലൂർ, എലപ്പുള്ളിയിലെ ക്ഷീരഗ്രാമം തുടങ്ങി ഗ്രാമങ്ങളിൽ നിന്നു വരുന്ന കഥകൾ പ്രേക്ഷകരെ വിസ്മയിപ്പിക്കുന്നു.

"ഗ്രീൻ കേരളാ എക്സ്പ്രസ് ഇല്ലായിരുന്നെങ്കിൽ കേരളത്തിലെ അവികസിത മേഖലകളിൽ നടക്കുന്ന ഈ കഥകൾ ഞാൻ കേൾക്കുകയില്ലായിരുന്നു." ജൂറി അംഗമായ ആർ. ഹേലി പറയുന്നു.

"ചിരിക്കുന്നവരെ കരയിപ്പിക്കുന്ന ഇപ്പോഴത്തെ റിയാലിറ്റി ഷോകൾക്കിടയിൽ കരയുന്നവർക്ക് സാന്ത്വനവും അറിവും പകരുന്ന ഗ്രീൻ കേരളാ എക്സ്പ്രസിന് എന്റെ നന്ദി" എലപ്പുള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ. ഹരിദാസിന്റെ അഭിപ്രായമാണിത്.

ഇത്തവണത്തെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് ഗ്രീൻ കേരള എക്സപ്രസിനെ പ്രത്യേകം പരാമർശിക്കുകയുണ്ടായി. നിലനിൽക്കുന്ന വികസന മാധ്യമ പരിശ്രമങ്ങളിൽ വിപ്ലവകരമായ ഒരു മാറ്റമാണ് ഇതെന്ന് അദ്ദേഹം വിലയിരുത്തി.

ഒരു കാര്യം തീർച്ചയാണ്. കേരള സമൂഹം കേരളത്തിൽ നടക്കുന്ന വികസന പരിശ്രമങ്ങളെ വ്യത്യസ്തമായ ഒരു തലത്തിൽ കണ്ടു തുടങ്ങിയിരിക്കുന്നു.

കേന്ദ്രീകൃതമായ പരിശ്രമങ്ങൾക്കൊപ്പം വികേന്ദ്രീകൃതവും ജനകീയ പങ്കാളിത്തത്തിന്റെ കരുത്തുള്ളതുമായ ധാരാളം മാതൃകകൾ നമ്മുടെ ഗ്രാമങ്ങളിൽ ഉരുത്തിരിഞ്ഞുവരുന്നുണ്ട്. ഇവകൂടി കണ്ടാലേ നമ്മുടെ സമൂഹത്തിന്റെ വികസനത്തിന്റെ യഥാർത്ഥ സ്പന്ദനങ്ങൾ അറിയാൻ കഴിയൂ. ആ ദിശയിലേയ്ക്കുള്ള യാത്രയിൽ ഒരു സുപ്രധാന ചുവടുവയ്പാണ് ഗ്രീൻകേരള എക്സ്പ്രസ്. ■

*ലേഖകൻ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറാണ്*

ഡോ. ജോസ്മോൻ ജോർജ്ജ്

# രോഗ പ്രതിരോധ കുത്തിവയ്പുകൾ
## (വാക്സിനുകൾ - VACCINES)

ഒ.പിയിൽ രോഗികളെ പരിശോധിക്കുന്ന തിരക്കിലായിരുന്നു ഞാൻ. ക്യൂവിൽ നിന്നും അടുത്തയാളെ വിളിച്ചു കസേരയിൽ ഇരിക്കാൻ പറഞ്ഞു.

"എന്താ വിശേഷം" പറഞ്ഞോളു.

"സാർ, ഞങ്ങൾ മരുന്നു വാങ്ങാൻ വന്നതല്ല. 'ഒരു ....പ്രോഗ്രാമിന് ക്ഷണിക്കാൻ വന്നതാണ്"

"എന്താണ് പ്രോഗ്രാം"? എനിക്ക് പിന്നെ അബദ്ധത്തെ മറച്ചുപിടിക്കാൻ ഒരു കൃത്രിമചിരി മുഖത്തു വരുത്തി ഞാൻ ചോദിച്ചു.

"അതേയ് ഈ വരുന്ന ഞായറാഴ്ച കുടുംബശ്രീ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യ സെമിനാർ നടത്തുന്നുണ്ട്. സാർ അതിന് വന്ന് ഞങ്ങൾക്ക് ഒരു ക്ലാസ്സെടുക്കണം."

എന്തിനെക്കുറിച്ചാണ് ക്ലാസ്സെടുക്കേണ്ടത്?"

"ഈ രോഗപ്രതിരോധ കുത്തിവെയ്പുകളെപ്പറ്റി. ഞങ്ങളുടെ അവിടെ ധാരാളം അമ്മമാരും കുഞ്ഞുങ്ങളുമുണ്ട്. ഈ വിഷയമാകുമ്പോൾ അവർക്ക് ഗുണം ചെയ്യുമല്ലോ! രാവിലെ 10 മണിക്കാണ് ക്ലാസ്സ്".

"തീർച്ചയായും. ഞാൻ വരാം."

ഫെബ്രുവരിയുടെ പ്രഭാതത്തിന്റെ കുളിരിലൂടെ ആ ഗ്രാമത്തിലേയ്ക്കുള്ള യാത്ര സുഖകരമായിരുന്നു. തേയിലത്തോട്ടങ്ങൾക്കു നടുവിലൂടെ കറുത്ത ബെൽറ്റുപോലെയുള്ള വഴിയിലൂടെ പ്രകൃതിസൗന്ദര്യം ആസ്വദിച്ച് പച്ചപ്പിന്റെ കുളിർമ നുകർന്നുകൊണ്ട് ഞാൻ ആ ഗ്രാമത്തെ ലക്ഷ്യമാക്കി നീങ്ങി. സർവതന്ത്രസ്വതന്ത്രമായി നടക്കുന്ന പുള്ളികളുള്ള പശുക്കൂട്ടങ്ങൾ, ആരെയും കൂസാതെ റോഡരികിലൂടെ നടന്നു നീങ്ങികൊണ്ടിരുന്നു. അകലെ തേയിലത്തോട്ടങ്ങളിൽ പുറത്ത് കുട്ടകളുമേന്തി കൊളുന്തുനുള്ളുന്ന ആളുകളെയും കാണാം. ആ ഗ്രാമത്തിന്റെ കുളിരും നൈർമ്മല്യങ്ങളും, നിഷ്കളങ്കതയും ആ പ്രകൃതിക്കുണ്ടായിരുന്നു. നഗരങ്ങളുടെ തിരക്കും കാപട്യവും അവിടേയ്ക്ക് ഇതുവരെ എത്തിനോക്കിയിട്ടില്ല. 'നമസ്കാരം സർ' കാറിൽ നിന്നിറങ്ങിയ എന്നെ സ്വീകരിച്ചുകൊണ്ട് നിഷ്കളങ്കമായ ചിരിയോടെ സംഘാടകർ പറഞ്ഞു.

ഒരു സ്ക്കൂൾ കെട്ടിടമായിരുന്നു അത്. ഏകദേശം 50 ഓളം അമ്മമാരുണ്ടായിരുന്നു അവിടെ.

സംഘാടകർക്ക് നന്ദി പറഞ്ഞുകൊണ്ട് സദസ്സിനെ അഭിവാദ്യം ചെയ്ത് ഞാൻ ക്ലാസ്സ് എടുക്കുവാൻ തുടങ്ങി.

"ഞാൻ ആദ്യം കുറച്ചുകാര്യങ്ങൾ പറയാം. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ക്ലാസ്സിനുശേഷം ചോദിക്കാം" ഞാൻ പറഞ്ഞു. 5 ഗ്രൂപ്പുകളായി സദസ്സിനെ തിരിച്ചു.

ശരി നമുക്കു തുടങ്ങാം. രോഗപ്രതിരോധ മരുന്നുകളെപറ്റി ചിന്തിക്കുന്നതിനു മുമ്പായി നമ്മുടെ ശരീരത്തിന്റെ രോഗ പ്രതിരോധശേഷിയെപ്പറ്റി നമുക്കു ചിന്തിക്കാം.

ഒരു കുഞ്ഞു ജനിക്കുമ്പോൾ അമ്മയിൽനിന്നു മറുപിള്ളയിലൂടെ കുഞ്ഞിലേയ്ക്ക് രോഗപ്രതിരോധ ശേഷിയുണ്ടാക്കുന്ന ആന്റിബോഡികൾ പ്രവേശിക്കുന്നു. ഇത് ഏകദേശം 3 മാസംവരെ കുട്ടികൾക്ക് മാരകമായ രോഗങ്ങളിൽ നിന്നും പരിരക്ഷ നല്കുന്നു.

പ്രധാനമായും രണ്ടുതരത്തിലുള്ള രോഗപ്രതിരോധശേഷിയാണ് മനുഷ്യ ശരീരത്തിൽ കാണുന്നത്.

**1. ആർജ്ജിത രോഗപ്രതിരോധ ശേഷി (Active immunity)**

ഒരു വ്യക്തിയുടെ ശരീരത്തിൽ കാണപ്പെടുന്ന B,T ലിംഫോസൈറ്റ്സ് (ഒരു തരം ശ്വേതരക്താണുക്കൾ) മുമ്പുണ്ടായ രോഗങ്ങൾ, രോഗപ്രതിരോധ കുത്തിവയ്പുകൾ മുതലായവ മൂലമുണ്ടാകുന്ന രോഗപ്രതിരോധശേഷിയെയാണ് ആർജ്ജിത രോഗപ്രതിരോധ ശേഷി അഥവാ active immunity എന്നു പറയുന്നത്. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് ഒരിക്കൽ ചിക്കൻപോക്സ് പിടിപെട്ടാൽ ഭൂരിപക്ഷം ആളുകളിലും ആജീവനാന്തകാലത്തിലേയ്ക്കുള്ള രോഗ പ്രതിരോധശേഷി ലഭിക്കുന്നതായി കാണപ്പെടുന്നു. അതുപോലെതന്നെ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് കൃത്യസമയത്ത് എടുത്താൽ പേവിഷബാധ നൂറുശതമാനം തടയുവാൻ സാധിക്കും.

**2. രോഗപ്രതിരോധശേഷിയുണ്ടാക്കുന്ന വസ്തുക്കളിലൂടെയല്ലാതെ ലഭിക്കുന്ന പ്രതിരോധശേഷി (Passive immunity)**

രോഗപ്രതിരോധശേഷിയുള്ള ആന്റിബോഡികൾ അടങ്ങിയ മരുന്നുകൾ (ഇമ്മ്യൂണോഗ്ലോബുലിൻ, ആന്റിസിറം തുടങ്ങിയവ) അമ്മയിൽ നിന്നും മറുപിള്ളയിലൂടെ കുഞ്ഞിലേയ്ക്ക് പ്രവേശിക്കുന്ന ആന്റിബോഡികൾ മുതലായവയിലൂടെ ലഭിക്കുന്ന രോഗ പ്രതിരോധ





ശേഷിയാണ് പാസ്സീവ് ഇമ്മ്യൂണിറ്റി എന്നു പറയുന്നത്. ഉദാഹരണം: പേവിഷബാധയ്ക്കെതിരെയുള്ള ഇമ്മ്യൂണോഗ്ലോബുലിൻ, ടെറ്റനസ് രോഗത്തിനെതിരെയുള്ള ഇമ്മ്യൂണോഗ്ലോബുലിൻ മുതലായവ.

ഇനി നമുക്ക് രോഗപ്രതിരോധ മരുന്നുകളെ പറ്റി പരിശോധിക്കാം. രോഗപ്രതിരോധ മരുന്നുകളെ 3 ആയി തരംതിരിക്കാം.

വാക്സിനുകൾ, (രോഗപ്രതിരോധ കുത്തിവയ്പുകൾ), ഇമ്മ്യൂണോഗ്ലോബുലിനുകൾ, ആന്റിസിറം എന്നിവയാണവ.

**1. വാക്സിനുകൾ (Vaccines)**

ഒരു പ്രത്യേക രോഗത്തെ പ്രതിരോധിക്കുവാൻ നല്കുന്ന ജൈവപ്രതിരോധ പദാർത്ഥങ്ങളെയാണ് വാക്സിനുകൾ എന്നു പറയുന്നത്. ഈ വാക്സിനുകൾ ശരീരത്തിൽ രോഗത്തെ ചെറുത്തു നില്ക്കുന്നതിനാവശ്യമായ ആന്റിബോഡികളുടെ ഉല്പാദനത്തെ പ്രചോദിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. വാക്സിനുകൾമൂലം നമുക്ക് ലഭിക്കുന്നത് ആർജ്ജിത പ്രതിരോധ ശേഷിയാണ്.

ഉദാ:- പോളിയോവാക്സിൻ. DPT... പിന്നെ..T.T

1798-ലാണ് ലോകത്തിൽ ആദ്യമായി ഒരു രോഗത്തിനായി വാക്സിൻ വികസിപ്പിച്ചെടുത്തത്. അത് വസൂരിക്കെതിരെയുള്ള വാക്സിനായിരുന്നു. ഇന്ന് വിവിധരോഗങ്ങളെ പ്രതിരോധിക്കുവാൻ ശേഷിയുള്ള 24 തരം വാക്സിനുകൾ ലഭ്യമാണ്. ചില രോഗങ്ങൾക്ക് (ടൈഫോയ്ഡ്, ഇൻഫ്ളുവൻസ തുടങ്ങിയവ) എതിരെ ഒന്നിലധികം വാക്സിനുകൾ ലഭ്യമാണ്.

ഈ വാക്സിനുകൾ നിർമ്മിക്കുന്നത് ജീവനുള്ള രോഗാണുവിൽ നിന്നോ (രാസപ്രവർത്തനങ്ങളിലൂടെ രോഗാണുവിന്റെ രോഗം ഉണ്ടാക്കുവാനുള്ള കഴിവ് കുറച്ചതിനുശേഷം). നിർവീര്യമാക്കിയതോ, ജീവനില്ലാത്തതോ ആയ രോഗാണുവിൽ നിന്നോ, രോഗാണുവിന്റെ ചില പ്രത്യേക കോശഭാഗങ്ങളിൽ നിന്നോ, രോഗാണു ഉണ്ടാക്കുന്ന വിഷാംശത്തിൽ നിന്നോ, ഇതിന്റെയൊക്കെ സങ്കലനത്തിൽ നിന്നോ ആണ്.

ക്ഷയരോഗത്തിനെതിരെയുള്ള ബി.സി.ജി, പോളിയോയ്ക്കെതിരെയുള്ള തുള്ളിമരുന്ന്, ചിക്കൻപോക്സിനെതിരെയുള്ള വാക്സിൻ, മുണ്ടിനീര്, റൂബല്ല, മീസിൽസ് എന്നിവയ്ക്കെതിരെയുള്ള MMR വാക്സിൻ തുടങ്ങിയവ പ്രഹരശേഷി കുറഞ്ഞ ജീവനുള്ള രോഗാണുവിൽനിന്നും ഉല്പാദിപ്പിക്കുന്നവയാണ്.

നിർവീര്യമാക്കപ്പെട്ട അല്ലെങ്കിൽ ജീവനില്ലാത്ത രോഗാണുവിൽനിന്നുണ്ടാക്കുന്ന വാക്സിനുകളാണ് കോളറ, വില്ലൻചുമ, പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ മുതലായവ.

ടെറ്റനസിനെതിരെയുള്ള (കുതിരച്ചന്നി) T.T, ഡിഫ്തീരിയ അഥവാ തൊണ്ടമുള്ളിനെതിരെയുള്ള വാക്സിൻ എന്നിവ രോഗാണു ഉണ്ടാക്കുന്ന വിഷാംശത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന വാക്സിനുകളാണ്. പ്രതിരോധശേഷി കൂടുതൽ ജീവനുള്ള രോഗാണുവിൽനിന്നുണ്ടാക്കുന്ന വാക്സിനുകൾക്കാണ്.

ജീവനുള്ള രോഗാണുവിൽ നിന്നുണ്ടാക്കുന്ന വാക്സിനുകൾ രോഗപ്രതിരോധശേഷി കുറവുള്ള ആളുകളിൽ (വിവിധ തരത്തിലുള്ള രക്താർബുദം ബാധിച്ചവർ, സ്ഥിരമായി സ്റ്റീറോയ്ഡ് മരുന്നുകൾ ഉപയോഗിക്കുന്നവർ. രോഗപ്രതിരോധ ശേഷി കുറയ്ക്കുന്ന മറ്റു മരുന്നുകൾ ഉപയോഗിക്കുന്നവർ, റേഡിയേഷന് വിധേയരായിക്കൊണ്ടിരിക്കുന്നവർ തുടങ്ങിയവ) ഉപയോഗിക്കുവാൻ പാടില്ല. കാരണം ചിലപ്പോൾ ഈ രോഗാണുക്കൾ ശരീരത്തിൽ രോഗം ഉണ്ടാക്കാം.

ചിലപ്പോൾ ഒന്നിലധികം രോഗങ്ങൾക്കെതിരെയുള്ള രോഗപ്രതിരോധ മരുന്നുകൾ ഒറ്റ വാക്സിനിൽ ലഭ്യമാണ്. ഉദാ: ഡിഫ്തീരിയ അഥവാ തൊണ്ടമുള്ള്, പെർട്ടൂസിസ് അഥവാ വില്ലൻ ചുമ, ടേറ്റനസ് അഥവാ കുതിരച്ചന്നി (DPT) വാക്സിനിൽ 3 രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ മരുന്നുകൾ ലഭ്യമാണ്.

MMR വാക്സിൻ മീസിൽസ്, മൂപ്സ് അഥവാ മുണ്ടിനീര്, റൂബല്ല എന്നീ 3 രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ മരുന്നുകളുടെ മിശ്രിതമാണ്.

**2. ഇമ്മ്യൂണോഗ്ലോബുലിനുകൾ (Immunoglobulins)**

മനുഷ്യശരീരത്തിൽ കാണപ്പെടുന്ന പ്രത്യേകതരം പ്രോട്ടീനുകളാണ് ഇമ്മ്യൂണോഗ്ലോബുലിനുകൾ. നാം നേരത്തെ കണ്ട രോഗപ്രതിരോധശേഷിക്ക് കാരണമായ ആന്റിബോഡികൾ ഇമ്മ്യൂണോഗ്ലോബിനുകളാണ്. മനുഷ്യശരീരത്തിൽ 5 തരത്തിലുള്ള ഇമ്മ്യൂണോഗ്ലോബിനുകൾ കാണപ്പെടുന്നു. IgG, IgM, IgA, IgD, IgE എന്നിവയാണവ.

നാം മുമ്പ് മനസ്സിലാക്കിയതുപോലെ വാക്സിനുകളിൽ ആന്റിബോഡികൾ ഇല്ല. ഇവ (വാക്സിനിലുള്ള പദാർത്ഥം) ശരീരത്തിനുള്ളിൽ കടന്ന് ആന്റിബോഡികളുടെ ഉല്പാദനത്തെ പ്രചോദിപ്പിക്കുമ്പോൾ (ഇതിന് കുറച്ച് സമയം എടുക്കും) ഇമ്മ്യൂണോഗ്ലോബിനുകളിൽ രോഗപ്രതിരോധശേഷി നല്കുന്ന ആന്റിബോഡികൾ ഉള്ളതുകൊണ്ട് കുത്തിവയ്പ് എടുക്കുമ്പോൾതന്നെ രോഗപ്രതിരോധ ശേഷി ഒരു വ്യക്തിക്ക് ലഭിക്കുന്നു. ഈ ഇമ്മ്യൂണോഗ്ലോബിനുകൾ മനുഷ്യശരീരത്തിൽ കാണപ്പെടുന്ന ഇമ്മ്യൂണോഗ്ലോബിനുകളിൽനിന്നോ മറ്റു മൃഗങ്ങളിൽ നിന്നോ ആണ് ഉല്പാദിപ്പിക്കുന്നത് (ആന്റിസിറം).

മനുഷ്യനിൽ കാണപ്പെടുന്ന ഇമ്മ്യൂണോഗ്ലോബിനുകളിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്നവയാണ് ഇവയിൽ ഭൂരിപക്ഷവും. A വിഭാഗത്തിൽപ്പെടുന്ന മഞ്ഞപിത്തം (ഹെപ്പറ്റെറ്റിസ് A), B വിഭാഗത്തിൽപ്പെടുന്ന മഞ്ഞപ്പിത്തം (ഹെപ്പറ്റെറ്റിസ് B), മീസിൽസ്, പേവിഷബാധ, ടെറ്റനസ്, മുണ്ടിനീര്, ചിക്കൻപോക്സ്, ഡിഫ്തീരിയ എന്നീ രോഗങ്ങൾക്കെതിരെയുള്ള ഇത്തരത്തിലുള്ള ഇമ്മ്യൂണോഗ്ലോബിനുകൾ ലഭ്യമാണ്.

**3. ആന്റിസിറം, പ്രതിവിഷങ്ങൾ (Antisera and antitorins)**

ഇമ്മ്യൂണോഗ്ലോബിനുകൾ മനുഷ്യശരീത്തിൽനിന്നും നിർമ്മിക്കപ്പെടുമ്പോൾ മറ്റു മൃഗങ്ങളിൽ നിന്നും (കുതിര, പാമ്പ്) ഉല്പാദിപ്പിക്കപ്പെടുന്ന ഇമ്മ്യൂണോഗ്ലോബിനുകൾക്ക് തുല്യമായ പദാർത്ഥങ്ങളെയാണ് ആന്റിസിറം എന്നു പറയുന്നത്. പ്രതിവിഷത്തിൽപ്പെടുന്നവയാണ് പാമ്പുകടിക്ക് നല്കുന്ന മരുന്നുകൾ. ഡിഫ്തീരിയ, ടെറ്റനസ്, ഗ്യാസ് ഗാങ്ഗ്രീൻ (gas gangrene) ബോട്ടുലിസം (ഒരു തരം ഭക്ഷ്യവിഷബാധ). പേവിഷബാധ എന്നിവയ്ക്കെതിരെ ഫലപ്രദമായ ആന്റിസിറങ്ങൾ ലഭ്യമാണ്.

ഈ പ്രതിരോധ മരുന്നുകൾക്ക് (ആന്റിസിറം, പ്രതിവിഷങ്ങൾ) ഇമ്മ്യൂണോഗ്ലോബിനുകളെയും, വാക്സിനുകളെയും അപേക്ഷിച്ച് പാർശ്വഫലങ്ങൾ (Side effect of drug reactions) കൂടുതലാണ്. ടെസ്റ്റ് നടത്തി റിയാക്ഷൻ അഥവാ പാർശ്വഫലങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ മരുന്നുകൾ നല്കുകയുള്ളൂ.

(തുടരും..)

*(ലേഖകൻ കോട്ടയം ഗവ: മെഡിക്കൽ കോളേജിൽ മെഡിസിൻ വിഭാഗം ലക്ചറാണ്)*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 6



റോയ് ചാക്കോ ഇളമണ്ണൂർ

പൗരാണിക 'മഹാഭാരത' കാലം മുതൽക്കേ ഭരണരംഗത്ത് 'ഇന്ദ്രപ്രസ്ഥം' ആസ്ഥാനമായി നിലകൊള്ളുന്നു. നാലു നൂറ്റാണ്ടുകാലം അഫ്ഗാൻ മുസ്ലീം അധിനിവേശക്കാർ ഈ പ്രദേശം പിടിച്ചെടുത്തു. 16-ാം നൂറ്റാണ്ടിൽ മുഗൾ ഭരണത്തിൻ കീഴിലായി. 18-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ഡൽഹിയിൽ ബ്രിട്ടീഷുകാരുടെ ആധിപത്യം തുടങ്ങി. പിന്നീട് സ്വതന്ത്ര ഇന്ത്യയുടെ തലസ്ഥാനവുമായി.

1956 മുതൽ കേന്ദ്രഭരണപ്രദേശമായിരുന്ന ഇവിടം 1991 ഡിസംബർ 20ന് പാർലമെന്റ് പാസ്സാക്കിയ, ഭരണഘടനയുടെ 69-ാം ഭേദഗതി നിയമപ്രകാരം ദേശീയ തലസ്ഥാനപ്രദേശമായി. (നാഷണൽ ക്യാപിറ്റൽ ടെറിറ്ററി ആക്ട് എന്നാണ് ആ ഭേദഗതിയുടെ ഇംഗ്ലീഷ് നാമധേയം). ഇതോടെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണപ്രദേശങ്ങൾ, ദേശീയ തലസ്ഥാനപ്രദേശം എന്നിങ്ങനെ 3 തരത്തിലുള്ള ഭരണസംവിധാനം നിലവിൽ വന്നു.

1993 ഡിസംബർ 1-ാം തീയതി മുതൽ നിയമസഭാസംവിധാനവും ഡൽഹിക്കു സ്വന്തമായി. 1993 നവംബറിലാണ് 70 നിയമസഭാ സീറ്റുകളിലേയ്ക്ക് പ്രഥമ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. ഡിസംബർ 2ന് പ്രഥമ മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും അധികാരമേറ്റു. എന്നിരുന്നാലും ക്രമസമാധാന പരിപാലനം, പോലീസ്, ഭൂമിസംബന്ധമായ കാര്യങ്ങൾ എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണത്തിൽ തന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയായ ലഫ്റ്റനന്റ് ഗവർണറുടെ അധികാര പരിധിയിലാണ് ഇവ. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം ഡൽഹിയുടെ കാര്യത്തിലുമുണ്ട്. ഏഴു ലോകസഭാ സീറ്റുകളും മൂന്നു രാജ്യസഭാ സീറ്റുകളുമാണ് ഡൽഹിക്കുള്ളത്.

1957 ൽ പാർലമെന്റ് പാസാക്കിയ ബിൽ പ്രകാരമാണ് 1958ൽ ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ നിലവിൽ വന്നത്. ഡൽഹി കന്റോൺമെന്റ് ബോർഡിന്റെ പരിധിയിലുള്ള 17 ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള പ്രദേശം കോർപ്പറേഷന്റെ ഭരണത്തിൻ കീഴിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇന്ത്യയുടെ ആദ്യത്തെ മുൻസിപ്പൽ കോർപ്പറേഷൻ നിലവിൽ വന്നത് മദ്രാസിലാണ്. 1687ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുവേണ്ടി ജനങ്ങളിൽ നിന്നും നികുതി പിരിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബ്രിട്ടീഷുകാർ മദ്രാസ് മുൻസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചത്. പക്ഷേ ജനങ്ങൾ നികുതി ഈടാക്കലിനെ എതിർത്തപ്പോൾ 1726ൽ കോർപ്പറേഷൻ പിരിച്ചുവിടേണ്ടി വന്നു. പിന്നീട് ചാർട്ടർ ആക്ട് പ്രകാരം ഇന്ത്യയിലെ 3 പ്രസിഡൻസി ടൗണുകളിൽ മുനിസിപ്പൽ ഭരണം സ്ഥാപിച്ചു. മദ്രാസ്, ബോംബെ, കൽക്കട്ട എന്നിവയായിരുന്നു അവ.

ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ (DMC), ന്യൂഡൽഹി മുൻസിപ്പൽ കമ്മിറ്റി (NDMC), കന്റോൺമെന്റ് ബോർഡ് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെട്ടതാണ് 'നാഷണൽ ക്യാപ്പിറ്റൽ ടെറിറ്ററി ഓഫ് ഡൽഹി' എന്ന പ്രത്യേക സംസ്ഥാനം. കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ എന്നിവ ഭരണത്തിൽ പങ്കാളികളാകുന്നു. ഡൽഹി നഗരത്തിന്റെ എല്ലാ ഭാഗവും സിറ്റി ആയതിനാൽ ഡൽഹിയുടെ മൊത്തത്തിലുള്ള ഭരണകാര്യത്തിൽ കോർപ്പറേഷന് പതിവിലും കവിഞ്ഞ സ്ഥാനമാണുള്ളത്. ഇന്ത്യയുടെ തലസ്ഥാന നഗരി എന്ന നിലയിൽ കേന്ദ്രഗവണ്മെന്റിനും മറ്റ് നഗരങ്ങളിലുള്ളതിനെക്കാൾ ഭരണസ്വാതന്ത്ര്യവും താൽപര്യവും ഈ നഗരത്തിന്റെ കാര്യത്തിലുണ്ടാകുക സ്വാഭാവികം. ഡൽഹി മുൻസിപ്പൽ കോർപ്പറേഷനിൽ 134 സീറ്റുകളാണുള്ളത്.

ഡൽഹിയിലെ ജനസംഖ്യയിൽ 32 ശതമാനം പേർ തൊഴിലാളികളാണ്. എന്നാൽ കാർഷികരംഗത്ത് വെറും 3 ശതമാനം പേർ മാത്രം. കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം ഇന്ത്യയിൽതന്നെ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. തന്മൂലം ഭക്ഷ്യോൽപാദനവും സാരമായി കുറയുന്നു. ഇത് ലോകം അഭിമുഖീകരിക്കുന്ന ഭാവിയിലെ വലിയൊരു പ്രശ്നമാണ്. കുടിവെള്ളത്തിന്റെ ദൗർലഭ്യംപോലെ ഇന്ത്യ നേരിടുന്ന വലിയൊരു പ്രതിസന്ധിതന്നെയാണ് ഭക്ഷ്യക്ഷാമം. കാർഷിക ഉൽപ്പാദനത്തിന്റെ കുറവ് ചെറിയൊരു ഉദാഹരണം കൊണ്ടുതന്നെ ചൂണ്ടിക്കാണിക്കാം. പയറുവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ മുൻനിരയിലായിരുന്ന ഇന്ത്യ ഇപ്പോൾ മൊത്തം ആവശ്യത്തിന്റെ പകുതിയും ഓസ്ട്രേലിയയിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണെന്ന് എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. പരീദാർ ജനുവരിയിൽ തിരുവനന്തപുരത്തു നടന്ന ഇന്ത്യൻ സയൻസ് കോൺഗ്രസിൽ പറഞ്ഞു. ഇന്ത്യയിൽ നെല്ലുല്പാദനം മുരടിച്ചു നിൽക്കുകയാണെന്നും തായ്‌വാനിൽ ഒരു ഹെക്ടറിൽ 5 ടൺ നെല്ല് ഉല്പാദിപ്പിക്കുമ്പോൾ ഇന്ത്യയിലിത് 2 ടൺ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

ഡൽഹിയിൽ കർഷകരുടെ എണ്ണം വെറും 3 ശതമാനം ആകുവാനും തക്ക കാരണമുണ്ട്. 1983 ൽ 93000 ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നത് ഇപ്പോൾ 50000 ഹെക്ടർ ആയി ചുരുങ്ങി. ഈ സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതി 147488 ഹെക്ടറാണ്. ഡൽഹിയിൽ യമുനാനദിയുടെ തീരപ്രദേശങ്ങൾ വളരെ ഫലപുഷ്ടിയുള്ളതാണ്. യമുനയുടെ തീരത്തുള്ള 1200 ഏക്കറിലായി കാബേജ്, കോളിഫ്ളവർ, വെളുത്തുള്ളി, പാലക്, വെണ്ട മുതലായവ കൃഷി ചെയ്യുന്നുണ്ട്.

ഡൽഹിയിലെ ജനസംഖ്യയിൽ 32 ശതമാനം പേർ തൊഴിലാളികളാകുവാൻ സഹായകമാകുന്നത് ഈ സംസ്ഥാനത്ത് ധാരാളമുള്ള ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളാണ്. ഇവ ഡൽഹിയെ ഒരു വൻ ബിസിനസ് കേന്ദ്രമാക്കി മാറ്റുന്നു. 1996–'97ൽ ഈ സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ 1821 കോടി രൂപ ലഭിച്ചു എന്നതിൽ നിന്ന് ഇവിടുത്തെ വ്യവസായത്തിന്റെ ചിത്രം വ്യക്തമാണല്ലോ. ഇന്ത്യയിൽ 29 ലക്ഷത്തിൽപരം ചെറുകിട വ്യവസായശാലകളുണ്ടെന്നോർക്കണം. ഇവിടങ്ങളിലായി 2 കോടിയോളം പേർ പണിയെടുക്കുന്നുണ്ട്. രാജ്യത്തെ ഉല്പാദന മേഖലയിലെ കയറ്റുമതിയിൽ, 25 ശതമാനവും വിറ്റുവരവിന്റെ 40 ശതമാനവും ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ സംഭാവനയാണ് എന്ന കാര്യം നാം വിസ്മരിച്ചുകൂട.



മനോഹരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളും നഗരവും സന്ദർശിക്കുന്നവർ ചേരിപ്രദേശങ്ങളും ഗലികളും കൂടി കണ്ടു മനസിലാക്കിയാൽ മാത്രമേ ഒരു വൻനഗരത്തിന്റെ പൂർണചിത്രം എന്തെന്നറിയുകയുള്ളൂ. ഇടുങ്ങിയ വഴികൾക്കിരുവശവും നിറയെ തീപ്പെട്ടിക്കൂടുകൾ ഒന്നിനുപിറകേ ഒന്നായി അടുക്കിവച്ചിരിക്കുന്നതുപോലെ കൊച്ചുകൊച്ചു കെട്ടിടങ്ങൾ. ഇവ അട്ടിയടുക്കി ഇടയ്ക്ക് അല്പം പോലും സ്ഥലമില്ലാതെ പണിതിരിക്കുന്നു. ഒന്നോ രണ്ടോ ചെറിയ മുറികൾ മാത്രമുള്ള വീടുകൾ. മഴകുറവായതിനാൽ എല്ലാം പൊടിപിടിച്ച് നിറം മങ്ങി. കഠിനമായ വെയിലേറ്റ് മൊത്തത്തിലൊരു ചാരനിറം. ഇതിനിടയ്ക്ക് അവിടെയുമിവിടെയുമൊക്കെ ചില ഇടത്തരം കെട്ടിടങ്ങൾക്ക് നല്ല പെയ്ന്റിംഗും കാണാം. അവർ വീടിനോട് ചേർന്ന് ഒരു മുറിയും നിന്നുതിരിയാൻ ഇടമില്ലാത്ത ഒരടുക്കളയും തട്ടിക്കൂട്ടും. അത് വാടകയ്ക്ക് കൊടുക്കും. അങ്ങനെ ഒരു മുറിക്കും ഒരടുക്കളയ്ക്കും ഇപ്പോൾ മാസവാടക അയ്യായിരത്തോളം രൂപയാണ്. സാമാന്യ നല്ല അന്തരീക്ഷമുള്ള താമസസൗകര്യം കിട്ടണമെങ്കിൽ മാസം പതിനായിരം രൂപ കൊടുക്കണം. പരമാവധി 2 മുറിയും ഒരു കുട്ടിയടുക്കളയും ഇടുങ്ങിയ ഒരു കുളിമുറിയും ഉപയോഗിക്കാം. വായു കടന്നുവരാൻ സൗകര്യമില്ലെന്നൊന്നും പരാതിപ്പെടരുത്. നമ്മുടെ മുറിയിലിരുന്നുകൊണ്ട് അടുത്ത വീടിന്റെ വലിയ ഭിത്തിയിൽ ഒരു പക്ഷേ തൊടാം. ഒന്നുരണ്ടു വീട്ടുകാർക്ക് ഒരു പൊതു എൻട്രൻസ് ആയിരിക്കാം. ഇതെല്ലാം അഡ്ജസ്റ്റ് ചെയ്ത് പ്രതിമാസം പതിനായിരം രൂപ മുടക്കിയാൽ ഒരു ചെറിയ കുടുംബത്തിന് ഡൽഹിയിൽ വാടകയ്ക്ക് താമസിക്കാം. അയ്യായിരം മുടക്കിയാൽ കുടുസ്സുമുറിയിൽ ചുരുണ്ടുകൂടി കിടന്നുറങ്ങാം. അതാണ് പൊതുവെ എല്ലാനഗരത്തിലെയും അവസ്ഥ.

ഗലികളിലെ വീതികുറഞ്ഞ റോഡുകളിൽ എപ്പോഴും തിരക്കുതന്നെ. ധാരാളം കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നു. വടക്കേന്ത്യൻ കുടുംബങ്ങളിൽ ശരാശരി 5 കുട്ടികൾ വീതം കാണുമെന്നതിനാൽ ഈ ഇടുങ്ങിയ റോഡുകളാകെ കുട്ടികളെകൊണ്ട് നിറഞ്ഞിരിക്കും. എലികൾ ഇടയ്ക്കിടെ മാളത്തിലേയ്ക്ക് ഓടിക്കയറുന്നതുപോലെ ഇടുങ്ങിയ വാതിലുകളിലൂടെ ഇവർ ഇടയ്ക്കിടെ അകത്തേയ്ക്ക് കയറും. അതേ വേഗതയിൽ പുറത്തേയ്ക്ക് ചാടും. അതിനാൽ വളരെ സൂക്ഷിച്ചു വേണം ഇത്തരം "കൺജസ്റ്റഡ് റെസിഡൻഷ്യൽ ഏരിയാ" കളിലൂടെ ബൈക്കുകൾ ഓടിച്ചുകൊണ്ടു പോകേണ്ടത്. 4 ചക്ര വാഹനമാണെങ്കിൽ ഇഴയേണ്ടി വരും. മനുഷ്യക്കുട്ടികളുടെ ഇരട്ടി പന്നിക്കുട്ടികൾ കാണും. അലഞ്ഞു നടക്കുന്ന പട്ടികളും യഥേഷ്ടം. ഈ പാവം പട്ടികളൊന്നും ആരോടും കുരയ്ക്കാറില്ല; കടിക്കാറുമില്ല. പട്ടികൾ, പട്ടിക്കുട്ടികളായിരിക്കുമ്പോൾ മുതൽതന്നെ ഈ തെരുവുകളിൽ എല്ലാം കണ്ടു വളരുന്നതിനാൽ ആരോടും മുറുമുറുക്കാതെ നായ്ക്കളും അവരുടെ ലോകത്തിൽ കഴിയുന്നു– ഈ തെരുവിന്റെ അവകാശികൾ എന്നപോലെ. ആനക്കുട്ടികളെപ്പോലെ കൊഴുത്തുതടിച്ച പശുക്കളും ഇടുങ്ങിയ ഈ റോഡിലൂടെ 'മാർച്ച്പാസ്റ്റ്' നടത്തുന്നതു കാണാം. അടുക്കളയിൽ അരിയുന്ന പച്ചക്കറികളുടെ അവശിഷ്ടം മുറ്റത്തിട്ടുകൊടുത്താൽ നിമിഷനേരംകൊണ്ട് പശുക്കൾ അത് കാലിയാക്കിത്തരും. കൊച്ചുകുട്ടികൾ റോഡുവക്കിലിരുന്ന് 'അപ്പി'യിട്ടാൽ പന്നികൾ നിമിഷനേരംകൊണ്ട് അത് കാലിയാക്കിത്തരും. വേസ്റ്റ്കൊണ്ടിടുന്ന സ്ഥലങ്ങളിൽ പട്ടികളുടെ വിളയാട്ടം. ഇതിനിടയിൽ റോഡിലൂടെ ഉന്തുവണ്ടികളിൽ പഴം, പച്ചക്കറി തുടങ്ങി നിരവധി കച്ചവടക്കാർ. ഓട്ടോറിക്ഷകൾ, സ്കൂട്ടറുകൾ എന്നിവയും പതിവുപോലെ. കാൽനടക്കാരും ധാരാളം. റോഡിനിരു

**ഒരു മുറിക്കും ഒരടുക്കളയ്ക്കും ഇപ്പോൾ മാസവാടക അയ്യായിരത്തോളം രൂപയാണ്. സാമാന്യ നല്ല അന്തരീക്ഷമുള്ള താമസസൗകര്യം കിട്ടണമെങ്കിൽ മാസം പതിനായിരം രൂപ കൊടുക്കണം. പരമാവധി 2 മുറിയും ഒരു കുട്ടിയടുക്കളയും ഇടുങ്ങിയ ഒരു കുളിമുറിയും ഉപയോഗിക്കാം. വായു കടന്നുവരാൻ സൗകര്യമില്ലെന്നൊന്നും പരാതിപ്പെടരുത്.**

വശവുമുള്ള എല്ലാ വീടുകളുടെയും മുറ്റം കൂടിയാണ് ഈ റോഡ്. ഉള്ള സ്ഥലത്ത് സ്വകാര്യവാഹനങ്ങൾ പാർക്ക് ചെയ്തിരിക്കും. ഇതിനിടയിലൂടെ കാൽനടക്കാർ ഇഷ്ടംപോലെ. ആദ്യമായി പോകുന്നവർക്ക് ശ്വാസം മുട്ടും. ആഴ്ചകൾ കഴിയുമ്പോൾ ജീവിതത്തിന്റെ ഭാഗമാകും. ഇരുഭാഗത്തുമുള്ള നാലും അഞ്ചും നിലകെട്ടിടങ്ങളിൽ നൂറുകണക്കിന് ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. അതിലൊരാളായി ദൂരെനിന്നെത്തുന്നവർ വാടകയ്ക്ക് മുറിയെടുക്കും. ഇത്തരം റെസിഡൻഷ്യൽ ഏരിയാകളിലാണ് മഹാഭൂരിഭാഗവും സാധാരണക്കാർ താമസിക്കുന്നത്.

ഈ റോഡുകൾക്ക് പരമാവധി അരക്കിലോമീറ്റർ നീളം വരും. അവസാനിക്കുന്നിടത്തും റോഡു തുടങ്ങുന്നിടത്തുനിന്നും കുരിശ് ആകൃതിയിൽ 4 വശത്തേയ്ക്കും റോഡു കാണും. ആ റോഡുകളുടെയെല്ലാം അവസ്ഥ ഇതുതന്നെ. അതായത് ഓരോ കെട്ടിടങ്ങളുടെയും എല്ലാ വശത്തുകൂടിയും ഇടുങ്ങിയ റോഡുകൾ കാണാം. റോഡിനിരുവശവും നിറയെ കെട്ടിടങ്ങളും. അതിലേതെങ്കിലുമൊരു റോഡിന് അല്പംകൂടി വീതി കാണും. ആ റോഡിലൂടെ ഒരു പക്ഷേ ബസ് സർവ്വീസുണ്ടാകും. ഒരു റെസിഡെൻഷ്യൽ ഏരിയായിലെ ഈ പ്രധാന റോഡിന്റെ ഇരുവശവും കടകളും കാണും. എന്നാൽ ഈ റോഡിലും പശുക്കളും പന്നികളും പട്ടികളും വിളയാടുന്നുണ്ടാകും എന്നതാണ് ദുഃഖകരം.

ഡൽഹിയിലെല്ലാവരും ഇത്തരം ഇടുങ്ങിയ റോഡുകൾക്കിരുവശവുമുള്ള, വായു കടന്നു ചെല്ലാൻ സാഹചര്യമില്ലാത്ത കെട്ടിടങ്ങളിലെ മുറികൾക്കുള്ളിലാണ് താമസമെന്ന് കരുതരുത്. സാധാരണക്കാരുടെയും കുറച്ചു വരുമാനമുള്ളവരുടെയുമൊക്കെ അഭയകേന്ദ്രങ്ങളാണിത്. പണക്കാരുടെ പോഷ് കോളനികൾ ഡൽഹിയിൽ ധാരാളമുണ്ട്. ഇടത്തരക്കാരുടെ ഫ്ളാറ്റുകൾ മാത്രമുള്ള പ്രദേശങ്ങൾ നിരവധിയുണ്ട്. സ്ഥലസൗകര്യവും ആവശ്യമുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ മേഖല നിരവധിയുണ്ട്. കോടീശ്വരന്മാർ താമസിക്കുന്ന വലിയ വീടുകളുടെ കേന്ദ്രങ്ങളുണ്ട്. ഒപ്പം ഒരു നിമിഷം നാമറച്ചു നിൽക്കുന്ന, തീർത്തും അനാരോഗ്യകരമായ പശ്ചാത്തലമുള്ള ചേരിപ്രദേശങ്ങളും നിരവധി. അവിടെയും നമ്മെപ്പോലെ ആയിരക്കണക്കിന് മനുഷ്യർ താമസിക്കുന്നു.■

(തുടരും)

*ലേഖകൻ ഡൽഹി സെൻട്രൽ മോണിറ്ററിംഗ് സർവീസിൽ ന്യൂസ് മോണിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്*

# ഡെബിറ്റും ക്രെഡിറ്റും

ഡബിൾ എൻട്രി ബുക്ക് കീപ്പിംഗിനെക്കുറിച്ചുള്ള ആദ്യപുസ്തകം എഴുതിയത് ഇറ്റാലിയൻ പുരോഹിതനായ ലൂക്കാപാച്ചിയോലിയാണെന്ന് പൊതുവേ കരുതപ്പെടുന്നു. Summa de Arithmetica, Geometrica, Proportion at Proportionality (Review of Arithmetic and Geometric Proportions) എന്നാണ് പുസ്തകത്തിന്റെ പേര്. 1494-ൽ വെനീസിലാണ് പുസ്തക പ്രകാശനം. പുസ്തകത്തിന്റെ ഒരു ഭാഗത്ത് വ്യാപാരത്തെപ്പറ്റിയും ബുക്ക് കീപ്പിംഗിനെപ്പറ്റിയും വിവരിക്കുന്നുണ്ട്. ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് സമ്പ്രദായം താനാണ് കണ്ടുപിടിച്ചതെന്ന് ലൂക്കാ പാച്ചിയോലി അവകാശപ്പെട്ടിട്ടില്ല. അക്കാലത്ത് നിലവിലിരുന്ന സമ്പ്രദായത്തെപ്പറ്റിയായിരിക്കാം എഴുതിയത്.

ഇന്ന് അക്കൗണ്ടിംഗിൽ ഉപയോഗിക്കുന്ന പദങ്ങളായ 'ഡെബിറ്റ്', 'ക്രെഡിറ്റ്' എന്നീ പദങ്ങൾ പുസ്തകത്തിലുണ്ട്.

### ബുക്ക് കീപ്പിംഗും അക്കൗണ്ടിംഗും

ക്രമാനുഗതമായി, സാമ്പത്തിക ഇടപാടുകൾ പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നതാണ് ബുക്ക് കീപ്പിംഗ്. രേഖപ്പെടുത്തിയ വിവരങ്ങൾ വെച്ച്, ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ, സാമ്പത്തിക വിഭവങ്ങളെക്കുറിച്ചുള്ള പട്ടികകൾ തയ്യാറാക്കുന്ന പ്രക്രിയയാണ് അക്കൗണ്ടിംഗ്.

### ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ്

ഒരു സ്ഥാപനത്തിൽ വിവിധതരം സാമ്പത്തിക ഏർപ്പാടുകൾ ഉണ്ടാകും. പഞ്ചായത്തിലെ ഏർപ്പാടുകളെ നാലു വിധത്തിൽ തരംതിരിച്ച് ഉദാഹരണങ്ങൾ പരിശോധിക്കാം.

*1.വരുമാനം:* വസ്തുനികുതി, തൊഴിൽ നികുതി, വിനോദനികുതി, ഭൂമിവാടക, കെട്ടിടം വാടക, ഡി ആന്റ് ഒ ലൈസൻസ് ഫീസ്, പി എഫ് എ ലൈസൻസ് ഫീസ്, ടെണ്ടർ ഫോറം വില, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്.

*2. ചെലവ്:* ജനപ്രതിനിധികളുടെ ഓണറേറിയം, ജീവനക്കാരുടെ ശമ്പളം, ഓഫീസിന്റെ കറന്റ് ചാർജ്ജ്, തെരുവുവിളക്കുകളുടെ കറന്റ് ചാർജ്, ടെലഫോൺ ചാർജ്.

*3. ബാദ്ധ്യത :* ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും വർക്ക് ബില്ലുകളിൽ നിന്നും പിടിച്ച പ്രോവിഡന്റ് ഫണ്ട്, ഹൗസ് ബിൽഡിംഗ് അഡ്വാൻസ്, ഇൻകം ടാക്സ്, വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ്, കരാറുകാരിൽ നിന്നു വാങ്ങിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, കൊടുക്കാനുള്ള തുകകൾ.

*4. ആസ്തി :* ഭൂമി, കെട്ടിടം, കാർ, ജീപ്പ്, കിട്ടാനുള്ള തുകകൾ, ബാങ്ക് അക്കൗണ്ട്, കാഷ്.

മേല്പറഞ്ഞ ഓരോ തരം ഏർപ്പാടിനേയും ഒരു 'അക്കൗണ്ട്' ആയാണ് കണക്കാക്കുന്നത്. ഇത്തരത്തിൽ ഓരോ സ്ഥാപനത്തിലും കുറേയേറെ അക്കൗണ്ടുകൾ ഉണ്ടായിരിക്കും. പഞ്ചായത്തിലാണെങ്കിൽ നൂറിലധികം, അല്ല അഞ്ഞൂറിലധികം അക്കൗണ്ടുകൾ ഉണ്ടായിരിക്കുമെന്ന് വിശദമായി പരിശോധിച്ചാൽ മനസ്സിലാകും. ഇത്തരം ഓരോ 'അക്കൗണ്ടി'നും പഞ്ചായത്തിന്റെ അക്കൗണ്ട് പുസ്തകത്തിൽ, ഒരു പേജ് നൽകിയിട്ടുണ്ട്.

ഏത് സാമ്പത്തിക ഇടപാട് സ്ഥാപനത്തിൽ നടന്നാലും, അത് സ്ഥാപനത്തിന്റെ അക്കൗണ്ട് പുസ്തകത്തിലെ രണ്ട് അക്കൗണ്ടുകളെയെങ്കിലും ബാധിക്കുന്നുവെന്നതാണ് ഡബിൾ എൻട്രി അക്കൗണ്ടിംഗിന്റെ അടിസ്ഥാന തത്വം. അതായത്, ഏറ്റവും ചുരുങ്ങിയത് രണ്ട് അക്കൗണ്ടുകളെ ബാധിക്കുന്നു; പല ഇടപാടുകളും, ഒരുപക്ഷേ, രണ്ടിൽ കൂടുതൽ അക്കൗണ്ടുകളെ ബാധിച്ചേയ്ക്കാം.

ഇടപാട് രണ്ട് അക്കൗണ്ടുകളെ ബാധിക്കുന്നത് നേർവിപരീതമായ രീതികളിലാണ്. ഏതിടപാടിലായാലും ഒരു അക്കൗണ്ട് ആനുകൂല്യം സ്വീകരിക്കുന്നു; മറ്റേ അക്കൗണ്ട് ആനുകൂല്യം നൽകുന്നു. ആനുകൂല്യം സ്വീകരിക്കുന്ന അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു; നൽകുന്ന അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു. സ്വീകരിക്കുന്ന അക്കൗണ്ടിനെ "ഡെറ്റർ' (Debtor) എന്നും നൽകുന്ന അക്കൗണ്ടിനെ 'ക്രെഡിറ്റർ' എന്നും വിളിക്കുന്നു.

*ഉദാഹരണം 1:* വിനോദനികുതിയിനത്തിൽ കാഷ് ആയി 1000 രൂപ ലഭിക്കുന്നു. 'വിനോദനികുതി' എന്ന അക്കൗണ്ട്, 'കാഷ്' എന്ന അക്കൗണ്ടിന് നൽകുന്ന ആനുകൂല്യമാണിത്. ആനുകൂല്യം സ്വീകരിക്കുന്ന 'കാഷ് അക്കൗണ്ടി'നെ ഡെബിറ്റ് ചെയ്യുന്നു; ആനുകൂല്യം നൽകുന്ന വിനോദനികുതി അക്കൗണ്ടിനെ ക്രെഡിറ്റ്




# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 3

ചെയ്യുന്നു. പഞ്ചായത്തിന്റെ പുസ്തകത്തിൽ കാഷ് അക്കൗണ്ടിൽ ഡെബിറ്റും വിനോദനികുതി അക്കൗണ്ടിൽ ക്രെഡിറ്റും രേഖപ്പെടുത്തുന്നു.

*ഉദാഹരണം 2:* ജനപ്രതിനിധികളുടെ ഓണറേറിയം ഇനത്തിൽ 10,000 രൂപ ചെക്ക് ആയി നൽകുന്നു. (ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയ ഏർപ്പാടുകളെ 'ബാങ്ക് അക്കൗണ്ട്' എന്നാണ് വിളിക്കുക. കാരണം, ബാങ്കുമായി ബന്ധപ്പെട്ടു മാത്രമേ ഇവയ്ക്ക് നിലനിൽപ്പുള്ളു. ബാങ്കിൽ നിന്ന്, സാധാരണഗതിയിൽ പണം പിൻവലിക്കണമെങ്കിൽ, ഇവ ആവശ്യമാണ്). 'ബാങ്ക്' എന്ന അക്കൗണ്ട്, 'ജനപ്രതിനിധികളുടെ ഓണറേറിയം' എന്ന അക്കൗണ്ടിന് നൽകുന്ന ആനുകൂല്യമാണിത്. അതിനാൽ ജനപ്രതിനിധികളുടെ ഓണറേറിയം' എന്ന അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു; ബാങ്ക് അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു. 'ജനപ്രതിനിധികളുടെ ഓണറേറിയം' അക്കൗണ്ടിൽ ക്രെഡിറ്റും 'ബാങ്ക് അക്കൗണ്ടിൽ' ഡെബിറ്റുമായി വിവരം പുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

ഇപ്രകാരം ഓരോ സാമ്പത്തിക ഇടപാടും, രണ്ട് അക്കൗണ്ടുകളിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനാലാണ് ഈ സമ്പ്രദായത്തെ ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് അഥവാ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം എന്നു വിശേഷിപ്പിക്കുന്നത്. ഒരേസമയം രേഖപ്പെടുത്തുന്നത് ഒരു ഡെബിറ്റും ഒരു ക്രെഡിറ്റുമായിരിക്കും; ഡെബിറ്റും ക്രെഡിറ്റും തുല്യമായിരിക്കുകയും ചെയ്യും.

### ഡെബിറ്റും ക്രെഡിറ്റും എങ്ങനെ ബാധിക്കുന്നു

വിവിധ അക്കൗണ്ടുകളെ ഡെബിറ്റും ക്രെഡിറ്റും എങ്ങനെ ബാധിക്കുന്നു വെന്ന് വ്യക്തമാക്കുന്നത് മൂന്ന് സുവർണ്ണ നിയമങ്ങളിലൂടെയാണ്. താഴെപ്പറയുന്നവയാണ് അക്കൗണ്ടിംഗ് സംബന്ധിച്ച മൂന്ന് സുവർണ്ണ നിയമങ്ങൾ.

| ക്രമ നം. | അക്കൗണ്ടിന്റെ തരം | സുവർണ്ണ നിയമം |
|---|---|---|
| 1 | വ്യക്തിഗത അക്കൗണ്ട് Personal Account | സ്വീകരിക്കുന്ന വ്യക്തിക്ക് ഡെബിറ്റ്; നൽകുന്ന വ്യക്തിക്ക് ക്രെഡിറ്റ് Debit the receiver; credit the giver |
| 2 | യഥാർത്ഥ അക്കൗണ്ട് Real Account | വരുന്നതിന് ഡെബിറ്റ്; പോകുന്നതിന് ക്രഡിറ്റ് Debit what comes in; credit what goes out |
| 3 | നാമമാത്ര അക്കൗണ്ട് Nominal Account | എല്ലാ ചെലവുകൾക്കും നഷ്ടങ്ങൾക്കും ഡെബിറ്റ്; എല്ലാ വരുമാനങ്ങൾക്കും നേട്ടങ്ങൾക്കും ക്രെഡിറ്റ്. Debit all expenses and losses; credit all incomes and gains. |

ഉദാഹരണങ്ങൾ പരിശോധിക്കാം

| ക്രമ നം. | ഇടപാട് | ഇടപാടിലെ രണ്ട് അക്കൗണ്ടുകൾ | ഓരോ അക്കൗണ്ടിന്റേയും തരം | ഡെബിറ്റോ ക്രെഡിറ്റോ |
|---|---|---|---|---|
| 1 | വിനോദ നികുതി യിനത്തിൽ 1000 രൂപ കാഷ് ലഭിച്ചു. | i. കാഷ് അക്കൗണ്ട് | യഥാർത്ഥ അക്കൗണ്ട് Real Account | ഡെബിറ്റ് |
| | | ii. വിനോദനികുതി അക്കൗണ്ട് | നാമമാത്ര അക്കൗണ്ട് Nominal Account | ക്രെഡിറ്റ് |
| 2. | കരാറുകാരന് 10,000 രൂപയുടെ ചെക്ക് നൽകി | i. കരാറുകാരന്റെ അക്കൗണ്ട് | വ്യക്തിഗത അക്കൗണ്ട് Personal Account | ഡെബിറ്റ് |
| | | ii. ബാങ്ക് അക്കൗണ്ട് | വ്യക്തിഗത അക്കൗണ്ട് | ക്രെഡിറ്റ് |
| 3 | ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 10,000 രൂപ കാഷ് നൽകി | i. ശമ്പളം അക്കൗണ്ട് | നാമമാത്ര അക്കൗണ്ട് | ഡെബിറ്റ് |
| | | ii. കാഷ് അക്കൗണ്ട് | യഥാർത്ഥ അക്കൗണ്ട് | ക്രെഡിറ്റ് |

മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ മൂന്ന് സുവർണ്ണ നിയമങ്ങൾക്കുള്ള ഉദാഹരണങ്ങളുണ്ട്.

*അഭ്യാസം:* താഴെപ്പറയുന്ന ഇടപാടുകളിലെ രണ്ട് അക്കൗണ്ടുകൾ ഏതെല്ലാം, അവ ഏതുതരം അക്കൗണ്ടുകളാണ്, ഇവയിൽ ഏത് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യണം/ക്രെഡിറ്റ് ചെയ്യണം എന്ന് സ്വയം പരിശോധിച്ചു നോക്കുക.

1. വാടകയിനത്തിൽ 6,000 രൂപയുടെ ചെക്ക് ലഭിച്ചു.
2. 25,000 രൂപയുടെ ചെക്ക് നൽകി കമ്പ്യൂട്ടർ വാങ്ങി.
3. മാർക്കറ്റ് ഫീസ് ഇനത്തിൽ 500 രൂപ കാഷ് ആയി ലഭിച്ചു.
4. കറന്റ് ചാർജ് ഇനത്തിൽ 2000 രൂപ കാഷ് നൽകി. ■

(തുടരും)

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221 ഇമെയിൽ: ubkandeth@gmail.com*

# ഗാർഹിക മാലിന്യ സംസ്കരണ ബയോഗ്യാസ് പദ്ധതി

## ബയോടെക് പ്ലാന്റുകൾ

*സവിശേഷതകൾ*

ഒരു ചതുരശ്രമീറ്റർ സ്ഥലമുള്ള ഏതൊരു വീട്ടുടമയ്ക്കും പ്ലാന്റ് സ്ഥാപിക്കാം, അടുക്കളയിൽ ഉണ്ടാകുന്ന ഭക്ഷണഅവശിഷ്ടവും മലിനജലവും സംസ്ക്കരിക്കാം. സംസ്ക്കരണം കഴിഞ്ഞ് പുറത്ത് വരുന്ന ദ്രാവകം ഗുണമേന്മയുള്ള ജൈവവളമാണ്. പ്ലാന്റ് നിർമ്മാണത്തിനുള്ള സാങ്കേതിക ഉപദേശവും സബ്സിഡിയും ബയോടെക് നൽകുന്നു.

**ബയോടെക് പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ (MNRE) സബ്സിഡി**

**കേരളത്തിൽ ബയോടെക് പോർട്ടബിൾ ഗാർഹിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്ക് മാത്രമാണ് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരവും സബ്സിഡിയും ഉള്ളത്.**

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബയോടെക് ഗാർഹിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം ഒരു യാഥാർത്ഥ്യമാക്കാം**



**ബയോടെക് പ്ലാന്റുകൾ**
**ഇപ്പോൾ 9950/- രൂപ മാത്രം**

(സബ്സിഡികൾ കഴിച്ച്)

( സ്റ്റൗവ് പൈപ്പ് ലൈൻ സഹിതം 9950 + 1550 = 11500/- )

## പ്ലാന്റിന്റെ പ്രവർത്തനം

വീടുകളിൽ ലഭിക്കുന്ന ഭക്ഷണ അവശിഷ്ടം, ധാന്യങ്ങൾ കഴുകുന്ന വെള്ളം, മത്സ്യമാംസാദികൾ കഴുകുന്ന വെള്ളം, എന്നിവ ഒരു പാത്രത്തിൽ ശേഖരിക്കുക. ഇതിൽ പച്ചക്കറിയുടെ അവശിഷ്ടം, പഴത്തൊലി , പഴകിയ ആഹാരം മുതലായവയും ചേർത്ത് മാലിന്യ സംസ്ക്കരണ പ്ലാന്റിൽ മാലിന്യങ്ങൾ നിക്ഷേപിക്കേണ്ട അറയിൽ ഒഴിച്ചുകൊടുക്കുക. പ്ലാന്റിനുള്ളിൽ എത്തുന്ന മാലിന്യങ്ങളെ പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സൂക്ഷ്മാണു ജീവികൾ (ബാക്ടീരിയ) വിഘടിപ്പിച്ച് പാചക വാതകവും ജൈവ വളവുമാക്കി മാറ്റുന്നു. പ്ലാന്റിൽ തന്നെ ശേഖരിക്കപ്പെടുന്ന പാചകവാതകം, പ്ലാന്റിൽ ഘടിപ്പിച്ചിരിക്കുന്ന പൈപ്പ് ലൈൻ വഴി അടുക്കളയിലെ ഗ്യാസ് സ്റ്റൗവിൽ എത്തിച്ചേരുന്നു. ഇത് ആവശ്യാനുസരണം പാചകത്തിന് ഉപയോഗിക്കാം. മാലിന്യ സംസ്ക്കരണത്തിലൂടെ ലഭിക്കുന്ന പാചക വാതകം അപകട രഹിതം ആണ്. ഇതിന്റെ ഉപയോഗം 50% ത്തിലധികം എൽ.പി.ജി. ലാഭിക്കുന്നതിന് സഹായിക്കുന്നു.

**വില കുറഞ്ഞ പ്ലാന്റുകൾ സ്ഥാപിച്ചാൽ അവ ഒരു വർഷത്തിൽ കൂടുതൽ പ്രവർത്തിക്കാറില്ല. ഇത്തരം പ്ലാന്റുകൾ ഭാവിയിൽ ഗുണഭോക്താക്കൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു ബാദ്ധ്യതയായി മാറും.**

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ**

1. ജൈവമാലിന്യ സംസ്ക്കരണം വികേന്ദ്രീകൃതമായി നടപ്പാക്കാൻ കഴിയുന്നു.
2. ജൈവമാലിന്യങ്ങൾ വലിച്ചെറിഞ്ഞ് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ കഴിയുന്നു.


*വിശദവിവരങ്ങൾക്കും മാതൃകാ പ്രോജക്ടിനും*

**BIOTECH**
CENTRE FOR DEVELOPMENT OF BIOGAS TECHNOLOGY AND OTHER NON-CONVENTIONAL ENERGY SOURCES

പി.ബി.നമ്പർ. 520, എം.പി.അപ്പൻ റോഡ്, വഴുതക്കാട്, തൈക്കാട്. പി.ഒ, തിരുവനന്തപുരം, പിൻകോഡ്–695014
ഫോൺ: 0471 – 2332179, 2321909, 2331909
Email - biotechindia@eth.net
Website : www.biotech-india.org

**റീജിയണൽ ഓഫീസ്**
**ഏറണാകുളം** : ദേശായി റോഡ്, വാഴക്കാല, കാക്കനാട് വെസ്റ്റ് പി.ഒ. എറണാകുളം 682030, Ph : 0484 3253431, 2108279
**കോഴിക്കോട്** : നോർത്ത് പൈപ്പ് ലൈൻ റോഡ്, തൊണ്ടയാട്, ചെവരമ്പലം പി.ഒ, കോഴിക്കോട്, Ph : 0495 2353887

**ഹെൽപ്പ് ലൈൻ ഫോൺ നമ്പർ : തിരുവനന്തപുരം : 94460 00960, എറണാകുളം : 94460 00961, കോഴിക്കോട് : 94460 00962**



മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

നഷ്ടമാകുമ്പോഴാണ് ചിലത് വിലപ്പെട്ടതായിരുന്നു എന്നു നാം തിരിച്ചറിയുന്നത്. ഗ്രാമീണമായ പഴയ കാഴ്ചകളുടെ സ്ഥിതി അതാണ്. പുരോഗതി ഒരു കാൽച്ചുവടുവച്ചല്ല സഞ്ചരിക്കുന്നത്. പല കാൽച്ചുവടുകൾ ഒരുമിച്ചു വച്ചാണ്. അതിനാൽ നമ്മുടെ ഒപ്പം വന്നും വളർന്നും പോന്ന ചിലത് അതിവേഗയാത്രയിൽ കാറ്റത്ത് പാറി വീണുപോയ ഉറുമാലു പോലെ നഷ്ടമായി. നഷ്ടമായപ്പോൾ ഓ ഇത്രയല്ലേ പോയുള്ളൂ എന്നു കരുതി. എന്നാൽ പിന്നീടോ അതെന്റെ പ്രാണന്റെ ഭാഗമായിരുന്നല്ലോ എന്നു വേദനിച്ചു. കാളയും കലപ്പയും, കാളവണ്ടിയും അത്താണിയുമെല്ലാം ജീവിതത്തിന്റെ ചോരയോട്ടമുള്ള അംശങ്ങളായിരുന്നു. എവിടെയാണവ? എന്നു തിരഞ്ഞാൽ മരുന്നിനുപോലും കിട്ടാനില്ല.

ഈ ലേഖനത്തിൽ അങ്ങനെ ചില പദങ്ങൾ ഓർത്തെടുക്കാം. അപൂർണ്ണമാവാം എങ്കിലും ഇതെങ്കിലും എന്റെ ശേഖരത്തിൽ നിന്ന് നിങ്ങളിലേയ്ക്ക് പകരട്ടെ.

**കലപ്പ**

നിലം ഉഴുന്നതിനായി ഉപയോഗിക്കുന്ന കാർഷികോപകരണം. ഉത്തരകേരളത്തിൽ ഇതിനെ 'കരി' എന്നാണ് പറഞ്ഞുപോരുന്നത്. പുരാണേതിഹാസങ്ങളിലും 'കലപ്പ' പരാമർശിക്കപ്പെടുന്നുണ്ട്. ബലരാമന്റെ ആയുധം കലപ്പയാണ്. അതുകൊണ്ടാണല്ലോ 'ഹലായുധൻ' എന്നു പറയുന്നത്. മണ്ണ് കീറിമുറിച്ച് ഉഴവുനടത്തുന്ന കലപ്പയുടെ ഭാഗത്തിന് 'കൊഴുവ്' എന്നാണ് പറയുന്നത്. നാടൻ കലപ്പ, ഇരുമ്പുകലപ്പ-ഇതിന്റെ തന്നെ പരിഷ്ക്കരിച്ച മാതൃകയായ ബോസ്കലപ്പ എന്നിങ്ങനെ വിവിധതരം കലപ്പയുണ്ട്. കലപ്പയും കലപ്പയേന്തിയ കർഷകനും കാർഷിക സംസ്കൃതിയുടെ ജീവസുറ്റ സാക്ഷ്യമാണ്

**നുകം**

ഉഴവു നടത്തുമ്പോഴും, വണ്ടി വലിക്കുമ്പോഴും കാളയുടെ കഴുത്തിൽ വെയ്ക്കുന്ന ഭാഗമാണ് നുകം. "കാളയുടെ കഴുത്തിൽ നുകം വെയ്ക്കാൻ അനുവാദം ചോദിക്കേണ്ടല്ലോ എന്നത്" ഒരു ശൈലിയാണ്.

**ഈച്ചക്കോൽ**

ഉഴവുകാളയുടേയും വണ്ടി വലിക്കുന്ന വണ്ടിക്കാളയുടെയും കഴുത്തിൽ ചേർത്തുവെയ്ക്കുന്ന, നുകത്തിൽ കാളയുടെ കഴുത്ത് ഭാഗം ഉറപ്പിച്ചു നിർത്തുന്നതിനായി ഇരുവശങ്ങളിലുമായി ഘടിപ്പിക്കുന്ന തടികൊണ്ടുള്ള ഭാഗമാണ് 'ഈച്ചക്കോൽ'.

**ചാട്ട**

ഉഴവു കാളയേയും കാളവണ്ടിക്കു കെട്ടുന്ന കാളയേയും അടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായിട്ടാണ് ചാട്ട ഉപയോഗിക്കുന്നത്. നല്ല ബലമുള്ള ഘനം കുറഞ്ഞ ചൂരലോ കാഞ്ഞിരത്തിന്റെ കമ്പോ അടിക്കാൻ പാകത്തിലുള്ള ഒരു വടിയുടെ നീളത്തിൽ തയ്യാറാക്കി അതിന്റെ അഗ്രത്തിൽ മൂക്കു കയറിനും മറ്റും ഉപയോഗിക്കുന്ന കട്ടിയുള്ള ചരട് അല്പം നീളത്തിൽ ചേർത്ത് ഉറപ്പിച്ച് അതുകൊണ്ടാണ് കാളയെയും മറ്റും അടിക്കുന്നത്. കന്നുകാലികളുടെ ക്രയവിക്രയം നടന്നിരുന്ന കാലിച്ചന്തകളിൽ ഇത്തരം ചാട്ടയും



മൂക്കുകയറും മറ്റും വില്പനയ്ക്കുണ്ടാകുമായിരുന്നു.

**ലാടം തറയ്ക്കുക**

കാളവണ്ടി വലിക്കുന്ന കാളയുടെ കുളമ്പുകൾ ടാർറോഡിൽ ഉരഞ്ഞ് തേയാതിരിക്കുന്നതിനായി അവയുടെ കുളമ്പുകളിൽ ഇരുമ്പു കൊണ്ടുണ്ടാക്കുന്ന ലാടം തറയ്ക്കും. ഇതിനായി പ്രത്യേകം തയ്യാറാക്കുന്ന ഇരുമ്പു കൊണ്ടുള്ള ആണി അടിച്ചാണ് ലാടം കുളമ്പിൽ ഉറപ്പിക്കുന്നത്. ലാടം തയ്യാറാക്കി തറയ്ക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള ഇരുമ്പു പണിക്കാരും ഉണ്ടായിരുന്നു.

**ഇരിക്കപ്പലക**

മോട്ടോർ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവറുടെ സീറ്റുപോലെ കാളവണ്ടി ഓടിക്കുന്ന വണ്ടിക്കാരന്റെ സീറ്റാണ് 'ഇരിക്ക'. ഇരിക്കപ്പലകയെന്നും ഇതിനെ പറയും. ആർ.ടി.ഒ ഓഫീസ്സിൽ നിന്നും ഡ്രൈവിങ് ലൈസൻസ് ആവശ്യമില്ലാത്ത പഴയകാല ഡ്രൈവർമാരായിരുന്നു കാളവണ്ടിയുടെ ഇരിക്കയിലിരുന്ന് വണ്ടിയുടെ ഗതിവിഗതികൾ നിയന്ത്രിച്ചിരുന്നവർ.

**പൈസാക്കൂട്ട്**

കാളവണ്ടിച്ചക്രത്തെ തെക്കൻ കേരളത്തിൽ പൈസാക്കൂട്ടെന്നാണ് പറഞ്ഞിരുന്നത്. റോഡിൽ ഉരസിനീങ്ങുന്ന ഇതിന്റെ പുറം പ്രതലത്തിൽ ഇരുമ്പു പട്ടകൊണ്ട് ചുറ്റുണ്ടാക്കി ഘടിപ്പിച്ചിരിക്കും. എന്നാൽ ഈ പൈസാക്കൂട്ടുകളുടെ സ്ഥാനത്ത് വലിയ ടയറുകൾ ഘടിപ്പിച്ച് രൂപഘടനയിൽ പരിഷ്ക്കാരം വരുത്തി കാളവണ്ടിയുടെ ചരക്കുനീക്കം സുഗമമാക്കിയിട്ടുണ്ട്.

**ആർക്കാൽ**

തടികൊണ്ടുണ്ടാക്കിയ വീതികുറഞ്ഞ പ്രതലത്തോടുകൂടിയ ചക്രത്തിന്റെ അഥവാ പൈസാക്കൂട്ടിന്റെ ഉൾവശത്ത് തടിക്കാലുകൾ പാകി ഉറപ്പിച്ച് ബലപ്പെടുത്തിയിരിക്കും. ഇതിനെ 'ആർക്കാൽ' എന്നാണ് പറയുന്നത്.

**കുടമണി**

പശുക്കളുടെയോ കാളകളുടെയോ കഴുത്തിൽ കെട്ടുന്ന ചെറിയ മണിക്കാണ് ഇങ്ങനെ പറയുന്നത്. കുടമണി കിലുക്കവും-ടാർ റോഡിൽ ലാടം ഉരയുന്ന ശബ്ദവും, പൈസാക്കൂട്ടിന്റെ ഉരച്ചിലും-ഒക്കെയായി കാളവണ്ടികൾ നിരത്തിലൂടെ കടന്നുപോകുമ്പോൾ അതിന് തനതായ ഒരു താളമുണ്ട്. നിരനിരയായി ഇപ്രകാരം ചരക്കുവണ്ടികൾ കടന്നുപോകുന്നത് ഇനി ഒരിക്കലും തിരിച്ചുവരാത്ത മറയുന്ന ഗ്രാമക്കാഴ്ചയാണ്.■

(തുടരും)

*(ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.)*

**കെ. ഗോപിനാഥൻ**

കെട്ടിട നിർമ്മാണ രംഗത്ത് കേരള സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ അണക്കെട്ടുകളിൽ നിന്നും മണൽ ഖനനം ചെയ്തെടുക്കുന്ന പ്രവർത്തികൾക്ക് തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാമിൽ തുടക്കമായി. ചെളി നീക്കം ചെയ്ത് മണൽ കണ്ടെത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പരീക്ഷണാത്മകമായി ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, ധനകാര്യ മന്ത്രി ഡോ.റ്റി.എം. തോമസ് ഐസക്, ജലസേചനവകുപ്പ് മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ, വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം, റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, ജില്ലാ കലക്ടർ സഞ്ജയ് കൗൾ എന്നിവരുടെ മേൽനോട്ടത്തിലാണ് ചെളി നീക്കം ചെയ്ത് മണൽ കണ്ടെത്തുന്നതിനുള്ള പരിപാടികൾ പരീക്ഷണാർത്ഥം നടക്കുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പും സർക്കാരിന്റെ മറ്റ് വിവിധ-ഏജൻസികളും നടത്തിയ സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിലാണ് അരുവിക്കര ഡാമിൽ നിന്നും ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചത്. അരുവിക്കര ഡാമിൽ അഞ്ച് വർക്ക് സൈറ്റുകളാണ് ചെളി നീക്കം ചെയ്ത് മണൽ കണ്ടെത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ കാളിയാമൂഴി പ്രദേശത്താണ് (ഏകദേശം 15 ഏക്കർസ്ഥലം) തടയണ നിർമ്മിച്ചുകൊണ്ട് കുടിവെള്ളം മലിനമാക്കാതെ പ്രവൃത്തി നടന്നുവരുന്നത്. ഈ പ്രദേശത്ത് സർവ്വേകളിൽ സൂചിപ്പിച്ചിട്ടുള്ളത് 30% മണൽ നിക്ഷേപം മാത്രമേ ഉള്ളൂ വെന്നാണ്. മറ്റ് നാലു സ്ഥലങ്ങളിലും മണൽ നിക്ഷേപം വൻതോതിൽ ഉണ്ടെന്നാണ് സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുടിവെള്ളത്തിന് കലങ്ങൽ ഉണ്ടാകും എന്ന് സംശയിച്ചാണ് വാട്ടർ അതോറിറ്റി ഇതുവരെ സമ്മതം നൽകാത്തത്. എന്നാൽ കാളിയാമൂഴി ഒഴികെയുള്ള പ്രദേശത്ത് നിന്നും കുടിവെള്ളത്തിന് കലങ്ങൽ സംഭവിക്കാതെ തടയണകൾ നിർമ്മിച്ചുകൊണ്ട് യന്ത്രം ഉപയോഗിച്ച് മണൽ നീക്കം ചെയ്യാൻ കഴിയുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. എന്നിരുന്നാലും പരമാവധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് തൊഴിലാളികൾക്ക് പണി നൽകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 26.22 ലക്ഷം രൂപയുടെ പൈലറ്റ് പ്രോജക്ടിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുകയും അതിന്റെ ഭാഗമായി ദിവസവും ശരാശരി 500ൽ കുറയാതെ അരുവിക്കര, വെള്ളനാട് ഗ്രാമ പഞ്ചായത്തുകളിലെ എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ വേതനയിനത്തിൽ ഇതിനകം 9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന രണ്ട് ക്യാന്റീനുകളിൽ നിന്നും സൗജന്യ ഭക്ഷണം ലഭിക്കുന്നുണ്ട്. അതോടൊപ്പം അവർക്ക് യാത്രാസൗകര്യവും സർക്കാർ ചെയ്തു കൊടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് വിശ്രമ സങ്കേതം, കുട്ടികൾക്ക് ബേബിക്രഷ്, പ്രാഥമിക ശുശ്രൂഷാ സൗകര്യം എന്നീ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് യൂണിഫോമും തൊപ്പിയും നൽകിയിട്ടുണ്ട്.





**അരുവിക്കര ഡാമിലെ മറ്റ് നാല് സൈറ്റുകളിൽ നിന്ന് കൂടി മണൽ എടുക്കുന്നതിനുള്ളള അനുവാദം ലഭിക്കുകയാണെങ്കിൽ തീർച്ചയായും ജില്ലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിന് ഫലമുണ്ടാവും എന്ന് പ്രതീക്ഷിക്കാം.**

ജോലികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. മേൽത്തട്ടിലുള്ള ചെളി ഒരുപരിധിവരെ നീക്കം ചെയ്തിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾ പ്രസ്തുത ചെളി വാഹനങ്ങളിൽ കയറ്റി മറ്റ് സ്ഥലത്തേയ്ക്ക് കൊണ്ടുപോയി നിക്ഷേപിക്കുന്നു. ജില്ലാ പഞ്ചായത്തധികൃതർ ക്യുബിക് മീറ്ററിന് നിശ്ചിത നിരക്കിൽ ചെളി ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. ഈ ഇനത്തിൽ സർക്കാരിന് ഏകദേശം 20 ലക്ഷം രൂപയോളം വരുമാനം ലഭിക്കും. മേൽമണ്ണ് മാറ്റിയാൽ മാത്രമേ മണൽ ലഭിക്കുകയുള്ളൂ. മണ്ണും മണലും വേർതിരിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു. എന്നിരുന്നാലും ഇപ്പോൾ ലഭിച്ച മണൽ അരുവിക്കര, വെള്ളനാട് ഗ്രാമപഞ്ചായത്തുകളിലെ IAY/EMS ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നിർമ്മിതികേന്ദ്രത്തിന്റെ കലവറ മുഖാന്തരം ആരംഭിച്ചു.

ഇതൊരു പൈലറ്റ് പ്രോജക്ടായി പരീക്ഷണാർത്ഥം ഗവൺമെന്റ് ചെയ്യുന്ന പ്രവൃത്തിയാണ്. അരുവിക്കര ഡാമിൽ നിന്നും ചെളിയും മണലും നീക്കം ചെയ്യുന്നതിലൂടെ ഡാമിന്റെ ജലസംഭരണ ശേഷി കൂടുന്നതാണ്. എൻ.ആർ.ഇ.ജി.എസ്.ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തി ആയതിനാൽ 18,000ത്തോളം തൊഴിൽ ദിനങ്ങൾ ഉണ്ടാവുകയും തദ്ദേശ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. കൂടാതെ ലഭിക്കുന്ന മണലിന്റെ അളവ് കുറച്ചാണെങ്കിൽ പോലും വിൽക്കുന്ന തുക സർക്കാർ ഖജനാവിൽ എത്തിച്ചേരും.

അരുവിക്കര ഡാമിലെ മറ്റ് നാല് സൈറ്റുകളിൽ നിന്ന് കൂടി മണൽ എടുക്കുന്നതിനുള്ളള അനുവാദം ലഭിക്കുകയാണെങ്കിൽ തീർച്ചയായും ജില്ലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിന് ഫലമുണ്ടാവും എന്ന് പ്രതീക്ഷിക്കാം. ■

*(ലേഖകൻ അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)*

# അരുവിക്കരയിൽ തൊഴിലുറപ്പ് മഹോത്സവം



# തൊഴിലുറപ്പിന്റെ തകഴി വഴി

അഡ്വ: പ്രതിഭാഹരി

വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മം കൊണ്ട് ധന്യമായ, സമുദ്രനിരപ്പിന് താഴെ കർഷക തൊഴിലാളികൾ അദ്ധ്വാനിക്കുന്ന പമ്പാനദിയുടെ തീരത്തുള്ള തനി കുട്ടനാടൻ ഗ്രാമമാണ് തകഴി. എല്ലാ മതസ്ഥരും തങ്ങളുടെ അദ്ധ്വാനത്തിന്റെ ആദ്യവിള സമർപ്പിക്കുന്ന തകഴി ശാസ്താക്ഷേത്രം മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. കഥകളിയുടെയും വഞ്ചിപ്പാട്ടിന്റെയും വേലകളിയുടെയും സംസ്കൃതി ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഒട്ടനവധി ശ്രേഷ്ഠ കലാകാരന്മാർക്ക് ജന്മം നൽകിയ കലാസാംസ്ക്കാരിക പാരമ്പര്യമുള്ള വളക്കൂറുള്ള മണ്ണാണ് തകഴിയുടേത്.

തകഴി ഗ്രാമത്തിന് 27.8 ച.കി.മി വിസ്തീർണ്ണമാണ്. പ്രധാനമായും 3 നീർത്തടങ്ങൾ ഉണ്ട്. 5000 ഏക്കർ കൃഷിഭൂമി, അതിൽ 65 പാടശേഖരങ്ങളിലും നെൽക്കൃഷി. കാർഷിക രംഗത്ത് ഉത്പാദനം കുറയുകയും ചെലവേറിയ ഒരു പ്രവർത്തിയായി മാറുകയും ചെയ്തതിനാൽ കർഷകർ കൃഷി ഭൂമി ഉപേക്ഷിച്ചു തുടങ്ങിയ ഒരു ഭൂതകാലം തകഴിക്കുമുണ്ടായിരുന്നു. എന്നാൽ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ ത്രിതല പഞ്ചായത്ത് സംവിധാനം വഴി കാർഷിക മേഖലയ്ക്ക് 40% ഫണ്ട് നീക്കിവയ്ക്കുകയും കർഷകർക്ക് ധാരാളം സഹായങ്ങൾ നൽകുകയും ചെയ്തതോടെ തകഴി പോലെയുള്ള കാർഷിക ഗ്രാമങ്ങളിൽ കാർഷിക മേഖലയുടെ ശക്തമായ തിരിച്ചുവരവിന് കളമൊരുങ്ങി. വർഷങ്ങളായി തരിശായി കിടന്നിരുന്ന പാടങ്ങളിൽ ഉൾപ്പെടെ കൃഷിയിറക്കി 12,100 ടൺ നെല്ലുല്പാദിപ്പിക്കുന്ന ഗ്രാമമായി തകഴി മാറുകയായിരുന്നു.

കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതയെ സംയോജിപ്പിച്ചതും ഈ മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയപ്പോൾ തകഴി ഗ്രാമ പഞ്ചായത്തിൽ 3,500 കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. തകഴി ക്ഷേത്രത്തിന്റെ മുന്നിലൂടെ 1 കി.മീ കിഴക്കോട്ട് ചെന്ന് പമ്പാനദിയിൽ ചേരുന്ന ആറാട്ടുതോട് ശുചീകരിച്ച് ആഴം കൂട്ടുന്ന പ്രവർത്തനം ആയിരുന്നു തകഴിയുടെ ആദ്യത്തെ കയ്യൊപ്പ്. അമ്പലപ്പുഴ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന സഹകരണ വകുപ്പ് മന്ത്രി ജി. സുധാകരൻ ആയിരുന്നു പദ്ധതി ഉദ്ഘാടനം ചെയ്തത്. കടുത്ത ശുദ്ധജല ക്ഷാമം നേരിടുന്ന തകഴിയിൽ ഒരു കാലത്ത് ജലഗതാഗതത്തിന്റെ വലിയ സാദ്ധ്യത ആയിരുന്ന തോടുകൾ പായൽ കയറി അടഞ്ഞുപോയിരുന്നു. സ്ത്രീ തൊഴിലാളികളുടെ സഹായത്തോടെ വളരെയേറെ അദ്ധ്വാനം നടത്തി 13 വാർഡുകളിലെയും ജലാശയങ്ങൾ ശുചീകരിച്ച് ആഴം കൂട്ടി ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞു.

ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിലെ പദ്ധതികളെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് തരിശായി കിടന്ന മുണ്ടിതോട് പാടം 38 ഹെക്ടർ കൃഷിയോഗ്യമാക്കി ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിച്ച ഗ്രാമപഞ്ചായത്ത് ആകാൻ തകഴിക്ക് സാധിച്ചു. 2008-09 ൽ 30,49,880/-രൂപ വേതന ഇനത്തിൽ തൊഴിലാളികൾക്ക് നൽകി. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, നെല്ലുല്പാദക സമിതികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ പരിശ്രമം വിജയത്തിന് തിളക്കം കൂട്ടി.

1000 പച്ചക്കറി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 30 ഏക്കർ തരിശായി കിടന്ന കല്ലേപ്പുറം വടക്ക് പാടം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൃഷിയോഗ്യമാക്കി. വേനൽക്കാലത്ത് 8 ലക്ഷം രൂപയുടെ പച്ചക്കറി ഉത്പാദിപ്പിക്കാൻ കഴിഞ്ഞു. 2008-09, 2009-10 വർഷങ്ങളിൽ തന്നെ 220 ഹെക്ടർ തരിശായി കിടന്ന







നിലങ്ങൾ കൃഷി യോഗ്യമാക്കിയതിലൂടെ അധിക നെല്ലുല്പാദനം സാദ്ധ്യമായി. അതിൽ ശ്രദ്ധേയമായത് 25 ഹെക്ടർ തരിശായി കിടന്നിരുന്ന പന്നക്കളം പാടശേഖരം കൃഷി യോഗ്യമാക്കിയതാണ്. ഇക്കഴിഞ്ഞ 3-ാം തീയതി കൊയ്ത്ത് ഉത്സവം നടത്തി നൂറുമേനി വിളവിന്റെ ധന്യതയിലാണ് ഈ പാടശേഖരത്തിലെ കൃഷിക്കാർ. കഴിഞ്ഞ 2 വർഷങ്ങളിലായി 60,389 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് 86 ലക്ഷം രൂപ വേതന ഇനത്തിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. ബി.പി.എൽ, ഐ.എ.വൈ ഗുണഭോക്താക്കളുടെ ഭൂമി നവീകരണ പ്രവർത്തനങ്ങളും പദ്ധതിയിലൂടെ നടപ്പിലാക്കി. തൊഴിൽ ആവശ്യപ്പെട്ട എല്ലാവർക്കും തൊഴിൽ നൽകുന്നതിന് സാധിച്ചു എന്നു മാത്രമല്ല തൊഴിലാളികളുടെ പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളുടെ വരുമാനത്തിൽ വലിയ വർദ്ധനവുണ്ടാക്കുന്നതിനും കഴിഞ്ഞു. കാര്യക്ഷമമായും സുതാര്യമായും ഇടനിലക്കാരില്ലാതെ നടക്കുന്ന പദ്ധതിയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും എല്ലാ വാർഡിലും ജനപങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നതിനും കഴിഞ്ഞു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയോട് അനുബന്ധിച്ച് തൊഴിൽ ചെയ്തവരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും ജീവിതത്തിൽ പദ്ധതിയുടെ നടത്തിപ്പ് മൂലം അവർക്കുണ്ടായ നേട്ടങ്ങളും ഹൃദയം തുറന്ന് പങ്കുവെച്ചത് ധന്യമായ അനുഭവമായി.

നേട്ടങ്ങളുടെ പട്ടികയുടെ ഗ്രാഫ് വരച്ചുകാട്ടുമ്പോൾ തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ (തൊഴിലെടുക്കുന്നത് ഭൂരിഭാഗവും സ്ത്രീകളാണ്) അനുഭവിച്ച ധാരാളം യാതനകളും ഓർമ്മയിലേയ്ക്ക് വരുന്നു. കുട്ടനാട്ടിൽ പായൽ വാരൽ പദ്ധതി നടപ്പാക്കുന്നു എന്നു പറഞ്ഞ് പതിയെ ചിരിച്ചവരോട് പ്രവർത്തികളിലൂടെ മറുപടി പറഞ്ഞു. റോഡുകൾ വരുന്നതിന് മുൻപ് ജലാശയങ്ങളെ മാത്രം ആശ്രയിച്ച് ഗതാഗതം നടത്തി വന്നിരുന്ന തോടുകൾ കാലക്രമേണ പായൽ കയറിയും ചപ്പുചവറുകളാലും അടഞ്ഞു പോയത് ശുചീകരിച്ചെടുത്തത് ഏറെ ക്ലേശകരമായ അധ്വാനം തന്നെയായിരുന്നു. ആരോഗ്യപ്രവർത്തകർ വളരെയധികം ജാഗരൂകരായി പ്രവർത്തിച്ചെങ്കിലും എലിപ്പനി തുടങ്ങിയ അസുഖങ്ങൾ പലർക്കും പിടിപെട്ടു. തരിശ് പാടങ്ങളിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ ഉണ്ടായ അപകടം മൂലം 3 മാസത്തിലധികം കൈയ്യിൽ പ്ലാസ്റ്ററിട്ട് വീട്ടിലിരിക്കേണ്ടിവന്ന സഹോദരിമാരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. തങ്ങളുടെ മക്കളെ നന്നായി വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും അവരുടെ മെച്ചപ്പെട്ട ജീവിതത്തിനും ജോലി ചെയ്തുകിട്ടുന്ന കൃത്യമായ വരുമാനം തന്നെയാണ് ബഹുഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാളികളെ ഈ പദ്ധതിയുമായി അടുപ്പിക്കുന്നത്.

പരിസ്ഥിതിസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി വനംവകുപ്പുമായി ചേർന്ന് 1000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച പ്രവർത്തി വളരെ ശ്രദ്ധേയമായിരുന്നു. കാർഷിക മേഖലയിൽ ജോലി ചെയ്തിരുന്നവർ മാത്രമല്ല വീടിനകത്ത് മാത്രം ഒതുങ്ങിക്കൂടി യാതൊരു വരുമാനവും ഇല്ലാതിരുന്ന സ്ത്രീകൾ കൂടി തൊഴിലുപകരണങ്ങളുമായി രംഗത്തിറങ്ങിയത് പദ്ധതി നടപ്പാക്കുന്നതിൽ കൂടുതൽ കരുത്ത് പകർന്നു. സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചതിനു ശേഷം തന്റെ വിശ്രമജീവിതത്തിന്റെ സമയത്തും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ ചെല്ലപ്പൻ സാർ, 75-ാം വയസ്സിലും 100 തൊഴിൽ ദിനം പൂർത്തിയാക്കാൻ സാധിച്ച ഗംഗാധരൻ ചേട്ടൻ, ആലപ്പുഴ ജില്ലയിൽ 100 തൊഴിൽദിനം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഡൽഹിയിൽ നടന്ന പരിപാടിയിൽ പങ്കെടുത്ത തകഴി പഞ്ചായത്തിന്റെ പ്രതിനിധി വിജയമ്മ ചേച്ചി തുടങ്ങിയ നിരവധി പേരുകൾ പദ്ധതിയുടെ വിജയത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സിലേയ്ക്ക് എത്തുന്നു. ഇവരൊക്കെ തന്നെയാണ് തകഴിയുടെ വിജയത്തിന് തിളക്കം കൂട്ടുന്നത്.

ഇപ്പോൾ 130 ഏക്കർ തരിശായി കിടക്കുന്ന തറയിക്കരി പാടശേഖരത്തിൽ പദ്ധതി പ്രകാരം കൃഷിഭൂമി വൃത്തിയാക്കുന്ന പ്രവർത്തനം നടന്നുവരുന്നു. കൃഷിയിൽ ഉത്പാദനചെലവ് കുറഞ്ഞതിനാലും നെൽവിത്തും വളവും സബ്സിഡിയായി നൽകുന്നതിലൂടെയും യുവാക്കൾ ഉൾപ്പെടെയുള്ളവർ കൃഷിഭൂമിയിലേയ്ക്ക് താല്പര്യത്തോടെ ഇറങ്ങി കാർഷികവൃത്തിയിൽ വ്യാപൃതരാകുന്നു. നീർത്തട മാസ്റ്റർ പ്ലാൻ രൂപീകരിച്ച് അംഗീകാരം വാങ്ങി കഴിഞ്ഞിരിക്കുന്നു. ഇതിലൂടെ ചെറുകിട നാമമാത്ര സ്വകാര്യ കർഷകരുടെയും ഭൂമിയിലേയ്ക്ക് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയെ വ്യാപിപ്പിച്ച് പദ്ധതിയുടെ വിശാല സാദ്ധ്യതകൾ തേടുന്നു. പരിസ്ഥിതി സംരക്ഷണത്തിലും കാർഷിക മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും ഭക്ഷ്യധാന്യ മിച്ചസംസ്ഥാനമല്ലാത്ത കേരള സംസ്ഥാനത്ത് ഭക്ഷ്യധാന്യം മിച്ചം വയ്ക്കുന്ന ഗ്രാമമായി തകഴിക്ക് മാറാൻ കഴിഞ്ഞതിലും ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ■

*ലേഖിക തകഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*





# വാർത്തകളും വിശേഷങ്ങളും

### വിവാഹ രജിസ്ട്രേഷൻ (കോമൺ) ഡിസംബർ 31 വരെ സമയം ദീർഘിപ്പിച്ചു

രജിസ്റ്റർ ചെയ്യാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ഡിസംബർ 31 വരെ ദീർഘിപ്പിച്ചു. ഇതിനു മുമ്പ് രണ്ട് വട്ടം സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. ദീർഘിപ്പിച്ച നൽകിയ സമയപരിധി ഫെബ്രുവരി 28ന് അവസാനിക്കുമായിരുന്നു. പൊതുജനങ്ങളുടെ ആവശ്യവും സൗകര്യവും പരിഗണിച്ചാണ് തീയതി ദീർഘിപ്പിക്കാൻ തീരുമാനിച്ചത്. സുപ്രീം കോടതി നിർദ്ദേശപ്രകാരം 2008 ഫെബ്രുവരിക്ക് ശേഷമുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണം. അതിനു മുൻപുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല. 2010 ഡിസംബർ 31 ന് ശേഷം ഇരുന്നൂറ്റമ്പത് രൂപ ഫീസോടെ എപ്പോൾ വേണമെങ്കിലും ആവശ്യക്കാർക്ക് വിവാഹം രജിസ്റ്റർ ചെയ്യാം.

### തദ്ദേശഭരണ തെരഞ്ഞെടുപ്പ് : കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടിക അടിസ്ഥാനമാക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സെപ്തംബറിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷന്റെ വോട്ടർപട്ടിക അടിസ്ഥാനമാക്കി തയ്യാറാക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മിഷണർ പി. കമാൽകുട്ടി അറിയിച്ചു. തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന രേഖയായി ഫോട്ടോ ഇല്ലാതെ തങ്ങളുടെ പട്ടിക ഉപയോഗിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ ഉപയോഗിച്ച പട്ടികയുടെ ഡാറ്റാബേസ് കേന്ദ്രതെരഞ്ഞെടുപ്പ് കമ്മിഷൻ നൽകിയിട്ടുണ്ട്. ഈ പട്ടിക കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്ത് മുനിസിപ്പൽ തലത്തിൽ ക്രമീകരിച്ച് കരടായി പ്രസിദ്ധീകരിച്ചശേഷം, പേരുകൾ കൂട്ടി ചേർക്കാനും നീക്കം ചെയ്യാനും മതിയായ സമയം നൽകും. തദ്ദേശഭരണ സെക്രട്ടറിമാരെയാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരായി ഇതിന് നിയോഗിച്ചിട്ടുള്ളത്. കരട് പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടികൾ വാർഡ് പുനർവിഭജനത്തിനുശേഷം പൂർത്തിയാകുമെന്നും കമ്മീഷണർ അറിയിച്ചു.

### വിവാഹ ധനസഹായം

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്തി ഉത്തരവായി. ഇതനുസരിച്ച് അപേക്ഷകയുടെ യോഗ്യത സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അന്വേഷിച്ച് ബോധ്യപ്പെട്ടാൽ ധനസഹായം അനുവദിക്കാം.

### കില പരിശീലകരുടെ സേവനം തേടുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ സാമൂഹ്യ സംഘടനാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും വേണ്ടി കില സംഘടിപ്പിക്കുന്ന പരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പരിശീലകരെ ആവശ്യമുണ്ട്. അധികാരവികേന്ദ്രീകരണവുമായും പ്രാദേശികാസൂത്രണവുമായും ഭരണനിർവ്വഹണവുമായും ബന്ധപ്പെട്ട പ്രായോഗിക അനുഭവവും വൈദഗ്ദ്ധ്യവുമുള്ളവരുമായിരിക്കണം പരിശീലകർ. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളായവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ പങ്കുവഹിച്ചിട്ടുള്ളവർക്കും മുൻഗണന. പൂർണസമയസേവനം ആവശ്യമില്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നവർക്കും അപേക്ഷിക്കാം. www.kilaonline.org വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ മാർച്ച് 31നകം ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശൂർ-680 581 വിലാസത്തിൽ അപേക്ഷിക്കണം.

### കളിമൺ ഖനനം : മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിച്ചു

ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായത്തിനാവശ്യമായ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി ഉത്തരവായി. കളിമൺ നിക്ഷേപമുള്ളതായി മൈനിങ് ആന്റ് ജിയോളജി വകുപ്പ് പുതുതായി കണ്ടെത്തിയ സ്ഥലങ്ങൾ അതത് പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ജിയോളജിസ്റ്റ് എന്നിവർ പരിശോധന നടത്തി പുതുക്കിയ ലിസ്റ്റ് മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ മുഖേന രണ്ടാഴ്ചയ്ക്കകം സമർപ്പിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുഴയുടെ അരികിൽ നിന്നും 50 മീറ്റർ മാറി മാത്രമേ ഖനനാനുമതി നൽകാവൂ. ഓരോ അപേക്ഷയിലും ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി പരിസ്ഥിതി ആഘാത സാധ്യതകൾ വിലയിരുത്തി ഖനനാനുമതി നൽകണം. ഖനനശേഷം രൂപപ്പെടുന്ന കുഴികൾ മൂടേണ്ട പൂർണ ഉത്തരവാദിത്വം ഖനനം നടത്തുന്ന വ്യക്തിക്കാണ്. കുഴികൾ പൂർണ്ണമായും നികത്തികൊള്ളാമെന്ന് അപേക്ഷകൻ 50 രൂപ മുദ്രപ്പത്രത്തിൽ അപേക്ഷയോടൊപ്പം സത്യവാങ്മൂലം എഴുതി നൽകണം. കുഴികൾ മൂടുന്നത് നിരീക്ഷിക്കാനായി ജിയോളജിസ്റ്റ്, പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ആഫീസർ, കൃഷിഭവൻ ആഫീസർ എന്നിവരടങ്ങിയ മോണിട്ടറിങ് കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. പഞ്ചായത്ത് പ്രസിഡന്റാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. വ്യവസായ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഓട്, കളിമൺ വ്യവസായശാലകൾക്ക് കളിമണ്ണ് ലഭ്യമാക്കേണ്ടതില്ല. പരമ്പരാഗത കളിമൺ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഖനനാനുമതി നൽകണം. ഖനനം സംബന്ധിച്ച പരാതി ലഭിച്ചാലുടൻ അന്വേഷിച്ച് വ്യക്തമായ തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ March 2010 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

